
# ചന്ദ്രിക

ആഴ്ചപ്പതിപ്പ്



## ആദിവാസികളും കുറെ അപ്രിയ സത്യങ്ങളും

—കെ. പാനൂർ

തൊണ്ണൂറ്റി മൂന്നാം വയസ്സിലും
ഇന്ത്യയിലെ വിവിധ കോടതികളിൽനിന്നും
കോടതികളിലേക്ക് സഞ്ചരിച്ചുകൊണ്ടേ–
യിരിക്കുന്ന അഭിഭാഷക ലോകത്തെ
അത്ഭുത പ്രതിഭ

**അഡ്വ. കെ. കുഞ്ഞിരാമമേനോൻ**

ഇന്ത്യയെ പിടിച്ചുകുലുക്കിയ നിരവധി
ക്രിമിനൽ കേസ്സുകളുടെ അനുഭവസാഗരവുമായി.

**ചന്ദ്രിക ആഴ്ചപ്പതിപ്പിൽ**

**ഉടൻ പ്രസിദ്ധീകരിക്കുന്നു**

# സാക്ഷികളില്ലാതെ

എന്നെന്നും സൂക്ഷിച്ചുവെക്കാൻ പറ്റിയ
ചരിത്രരേഖയാകുന്ന ഒരപൂർവ്വ ആത്മകഥ

---

നിങ്ങളുടെ കോപ്പികൾ ഇപ്പോഴെ ഉറപ്പുവരുത്തുക

---


മാനേജർ, ചന്ദ്രിക ആഴ്ചപ്പതിപ്പ്, പി.ബി. 64, കോഴിക്കോട്–1

# ചന്ദ്രിക

## ആഴ്ചപ്പതിപ്പ്

പുസ്തകം 44 ലക്കം 14 1997 നവംബർ 22-28

വില : 5 രൂപ



14

### ലേഖനം

കവിതയെ തിന്നുന്ന കവിത 6 ടി.ടി. ശ്രീകുമാർ


അടുത്ത നൂറ്റാണ്ടിന് ഒരു വിദ്യാഭ്യാസ ദർശനം 10 അനീസ് നാറാത്ത്

ആദിവാസികളും കുറെ അപ്രിയ സത്യങ്ങളും 14 കെ. പാനൂർ

ബഹിരാകാശരംഗം പരാജയത്തിലേക്ക് 26 റഫീഖ് പുതിയേടത്ത്

എഴുത്ത്: ആത്മജാഗ്രതയുടെ പ്രതിഫലനമോ? 34 ഡോ. ആർസു

പരപ്പനങ്ങാടിയിൽ നിന്ന് 40 ഡോ. രാജൻ പെരുന്ന



26

### കഥ

ചവിട്ടിക്കുഴച്ച രൂപങ്ങൾ 20 മുണ്ടൂർ സേതുമാധവൻ

പടവ് 24 രാജൂകൃഷ്ണൻ

### കവിത

ബദറുന്നീസ 5 സുറാബ്

വേർതിരിവിന്റെ ശബ്ദം 19 അബ്ദുൽറഷീദ് കെ.



29

### നോവൽ


പൊരുത്തക്കേടുകൾ 29 ഗംഗാധരൻ ചെങ്ങല്ലൂർ

പന്ത് ഉരുളുകയാണ് 32 പി.എൻ. വിജയൻ

കത്തുകൾ, സീറോഅവർ, പാചകക്കുറിപ്പ്
പുസ്തകങ്ങളിലൂടെ, പുതുനാമ്പുകൾ, പോരേപൂരം, ദൂരദർശനം, മുല്ലാക്കഥ

മുഖചിത്രം
ഫോട്ടോ: ഹസൻ മമ്പാട്

*Printed and Published by C. Kunhutty (C.K. Thanoor) for the Muslim Printing & Publishing Co. Ltd. at the CHANDRIKA Press, Calicut- 673 001.*
*Editor C. Kunhutty (C.K. Thanoor) Chief Editor Prof. Mankada T. Abdul Azeez. Regd. No. KL/CT/59. Phone 766032 766023 765122 767040 765820.*
*Telex: 0804-236. MPPC IN. Fax: 0495-765950*




### ബഷീറിയൻ പരിപ്രേക്ഷ്യം

പ്രൊഫ. പി. മീരാക്കുട്ടിയുടെ 'ബഷീറിയൻ പരിപ്രേക്ഷ്യം' ഉപകാരപ്രദമായ ലേഖനമായി. രചനകൾ വായനക്കാരൻെറ ചിന്തയിൽ ഉൽപാദിപ്പിക്കുന്ന ജീവിത വീക്ഷണത്തിനനുസരിച്ചാണ് എഴുത്തുകാരൻ വിജയിക്കുന്നത്. അതിന്നായി ചുറ്റുപാടിൽനിന്ന് അനുഭവങ്ങളെ ആവിഷ്ക്കരിക്കാൻ എഴുത്തുകാരൻെറ ആറ് ഇന്ദ്രിയങ്ങൾക്കും ആർജ്ജവ ശക്തി വേണം. ജീവിതത്തിലെ തീക്ഷ്ണമായ അനുഭവങ്ങൾ പുനരാവിഷ്ക്കരിച്ച എഴുത്തുകാർ ബഷീറിന്നു സമാനരായി മലയാളത്തിൽ ഏറെയില്ല. വീട്ടുവളപ്പിലെ ഒരു ജീവിയെയും ഉപദ്രവിക്കരുത്. അവയും ഭൂമിയുടെ അവകാശികളാണെന്ന് പറയുന്ന ബഷീർ നൽകുന്ന ജീവിത സന്ദേശത്തിലെ വിശാലത ഉൾക്കൊള്ളാൻ സാമാന്യബുദ്ധിയുള്ളവനു കഴിയും. പ്രൊഫ. തുമ്പമൺ തോമസിന് കഴിഞ്ഞില്ലെങ്കിലും.

**–മൻസൂർ, ചാത്തല്ലൂർ.**

### 'കേരളം മുന്നോട്ട് അഴിമതിയിലൂടെ'

ചന്ദ്രിക ആഴ്ചപ്പതിപ്പ് ഒൻപതാം ലക്കത്തിൽ 'കേരളം മുന്നോട്ട് അഴിമതിയിലൂടെ' മൈക്കിൾ വർഗീസ് ചെങ്ങാടക്കരിയുടെ കവർസ്റ്റോറി നിലവാരമുള്ളതായിരുന്നു. ഒരായിരം മോഹന സുന്ദരങ്ങളായ വാഗ്ദാനങ്ങളുമായാണ് കേരള സർക്കാർ അധികാരത്തിൽ കയറിയത്. എന്തുമാത്രം മനോഹരങ്ങളായിരുന്നു അവർ നിർലോഭം വൊരിച്ചൊരിഞ്ഞ വാഗ്ദാനങ്ങൾ. ഒരു വർഷം തികയും മുമ്പേ ആ പ്രതീക്ഷകൾ വാടിക്കരിഞ്ഞു. നായനാർ ഭരണത്തിൽ ചാരായ നിരോധനം പ്രഹസനമായി മാറുന്നു. പാർട്ടി ഫണ്ട് കൊഴുപ്പിക്കാൻ കേരളം മദ്യത്തിൽ മുങ്ങിച്ചാവണമെന്നാണോ?

കേരളം അതിൻെറ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ജനരോഷത്തിൻെറ വേലിയേറ്റമാണെവിടേയും. സത്യത്തിൽ കേരളത്തിൽ ഒരു ഭരണമുണ്ടോ? എസ്.എസ്.എൽ.സി. പരിക്ഷയെഴുതേണ്ട കുട്ടികൾക്കുപോലും ഇരുട്ടു സമ്മാനിച്ച് വിദേശത്തുപോയ വകുപ്പുമന്ത്രിയും ബസ് പണിമുടക്ക് മൂലം കേരള ജനത യാത്രാദുരിതം അനുഭവിച്ചപ്പോൾ ചികിത്സക്കു വിദേശത്തുപോയ വകുപ്പുമന്ത്രിയും നമുക്കു ശാപമാണ്.

തലസ്ഥാനത്തെ കുടിവെള്ള ക്ഷാമത്തിനു മുന്നിൽ നിസ്സംഗരായി നോക്കിനിന്നവർക്ക് ഈ സംസ്ഥാനം എങ്ങനെ ഭരിക്കാൻ കഴിയും?

ഈ ഭരണത്തിൽ ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങൾ അവഗണനയുടെ ചാട്ടവാർ പ്രഹരമേറ്റുവാങ്ങുന്നു. വിദ്യാഭ്യാസ രംഗത്ത് മുസ്‌ലിം ന്യൂനപക്ഷം കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാക്കാൻ ശ്രമം നടക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിൻെറ വാതിലുകൾ അവർക്കു മുമ്പിൽ കൊട്ടിയടക്കപ്പെടുമ്പോൾ ക്രീമിലയറിലൂടെ പിന്നോക്ക വിഭാഗങ്ങൾക്ക് തൊഴിൽ തുറയുടെ വാതിലുകൾ അടക്കപ്പെടുന്നു.

**കഴക്കൂട്ടം നാസർ ടി.,**
**തായിഫ്, സഊദി അറേബ്യ**

### ആത്മദർപ്പണം


ഡോ. രാജൻപെരുന്നയുടെ 'ആത്മദർപ്പണം' ചന്ദ്രിക ആഴ്ചപ്പതിപ്പിന് മാറ്റുകൂട്ടുന്ന പംക്തിയാണ്. പക്ഷേ, 'രാമൻ നല്ലവൻ. അവൻ നേരത്തെയുണരും' എന്ന ചർച്ചയിൽ കൃത്യനിഷ്ഠയോടെ നിത്യകർമ്മങ്ങൾ ചെയ്യുന്ന അടുക്കും ചിട്ടയുമുള്ളവരുടെ ജീവിതം ആവർത്തനമായതിനാൽ വിരസമാണെന്ന ലേഖകൻെറ അഭിപ്രായത്തോട് യോജിക്കാൻ പ്രയാസമുണ്ട്.

ആവർത്തിക്കപ്പെടുന്നതെല്ലാം വിരസമാവുന്നില്ല. നമ്മുടെ നിത്യജീവിതത്തിൽ ചിലത് ആവർത്തനവിരസമാണെന്നതുപോലെ തന്നെ പലതും ആവർത്തന സരസവുമാണ്. എന്നല്ല ആവർത്തിക്കപ്പെടുന്നതുകൊണ്ടു മാത്രം സരസമാവുന്നവയുമാണ്. സുന്ദരാംഗിയുടെ അരയന്ന സമാനമായ ചുവടുവെയ്പ് എത്ര ആവർത്തിക്കപ്പെട്ടാലും സരസമല്ലേ. ഇവിടെ ആവർത്തനം സരസമാണ്. ഓരോ തവണയും രീതിമാറ്റി ചുവട് വെയ്ക്കുന്നവനെക്കുറിച്ചും നമുക്ക് എന്തുതോന്നും? ഇവിടെ വൈവിധ്യം വിരസവും സ്ഥായിഭാവം സരസവുമല്ലേ. ഒന്നും വേണ്ട സ്വന്തം ഭാര്യാമുഖം ആവർത്തന വിരസമാവുമെന്നതിനാൽ നാം വീണ്ടും വീണ്ടും നോക്കാതിരിക്കാറുണ്ടോ?

പ്രപഞ്ചത്തിലെ വസ്തുക്കളിൽ വൈവിധ്യങ്ങളിൽ ദർശിക്കപ്പെടുന്ന സൗന്ദര്യവും സ്ഥായിഭാവങ്ങളിൽ ദർശിക്കപ്പെടുന്ന സൗന്ദര്യവും ഉണ്ട്. അവ പരസ്പരം മാറിയാൽ വിരൂപമാവുകയും ചെയ്യും.

**മൻസൂർ പി.പി., എടവണ്ണ**

കവിത



# ബദറുന്നിസ

സുറാബ്



ബദറുന്നിസ, ഇന്നെൻെറ ആരുമല്ല.
ഇന്നലെ അവളെൻെറ
പൂത്താലിയായിരുന്നു, കണ്ണാടിയായിരുന്നു.
ഒടുവിൽ, മഴ തേടിപ്പോയ സ്വപ്നത്തിൽ
ഞാനൊരു വേദന പൂത്ത വെയിലായ്.

ബദറുന്നിസാക്ക് എന്നെ അറിയില്ല
ഒരു തിരിച്ചറിവ് ഞാനിന്നോളം നൽകിയില്ല.
എന്നിട്ടും അവളെന്നും എൻെറ പൂന്തോട്ടത്തിൽ
വിരിയുന്നു.
ഒടുവിൽ, ഓത്തുപള്ളിയിലെ ഓട്ടോഗ്രാഫിൽ,
ഞാനൊരു വീണപൂവായ്.

പെരുന്നാളിനു ഇറച്ചി വാങ്ങാൻ പോയപ്പോൾ
പ്രഭാതത്തിലെ മഞ്ഞുചവിട്ടി അവളെന്നോടൊപ്പം
വന്നു
അന്നവൾക്ക് മൈലാഞ്ചിയുടെ മണമായിരുന്നു.
പൊട്ടിച്ചിരികൾക്കുമേലെ വള കിലുങ്ങിയപ്പോൾ
ഞാനവളോടു മന്ത്രിച്ചു; "നീയെൻെറ പെണ്ണ്...."

കളിക്കളത്തിൽ അവളൊരു പനിനീര്
കല്യാണപ്പന്തലിൽ അവളൊരു പൂനിലാവ്
നിസ്ക്കാരപ്പായയിൽ അവളൊരു മാലാഖ
ഇടവഴിയിലും ഇല്ലപ്പറമ്പിലും
അവളൊരു വേരുറച്ച ചെമ്പകം.

വെയിലിറങ്ങിയപ്പോൾ അവൾ ഊഞ്ഞാലാടി
മഴ നനഞ്ഞപ്പോൾ അവൾ തൊട്ടുകളിച്ചു
വളർന്നു വലുതായപ്പോൾ അവൾ ഒളിച്ചുകളിച്ചു.
ഒടുവിൽ, എല്ലാ ഉത്സവങ്ങൾക്കും
ഉല്ലാസങ്ങൾക്കും
അവളൊരു മണമുള്ള പോരിശയായ്.

നേർച്ചനാളുകളിൽ അവളെനിക്കുതന്ന
സമ്മാനമാണ്
ഉള്ളം കയ്യിലുള്ള ഈ ദസ്ബിയ.
ഉറുക്കും ഊഞ്ഞാലും അഴിച്ചുവെച്ച്
അവൾ നദിക്കരയിലേക്കുപോയ രാത്രി
ഞാൻ * ബദറുൽ മുനീറായ്.

കയ്യെഴുത്തുദിവസം മുല്ലാക്ക പറഞ്ഞു;
"മൊഞ്ചുള്ള രണ്ടു കയ്യും നീട്ട്..."
നീട്ടിയപ്പോൾ അതിലൊരുകൈ
എൻേറതായിരുന്നു
അന്നു കയെഴുത്തിനുപകരം എനിക്കു കിട്ടിയത്
ചൂരലെഴുത്തായിരുന്നു, 'ഹിമാറ്' എന്ന
അലർച്ചയായിരുന്നു

എഴുതിയ കൈപ്പടം ആകാശത്തിലേക്കുയർത്തി
അവൾ പടിയിറങ്ങി
മറ്റാരും കാണാത്ത അവളുടെ കയ്യെഴുത്തിനുമേൽ
ഞാനെൻെറ ചൂരലെഴുത്ത് നിവർത്തി ഇപ്പോൾ
വായിക്കുന്നു;
"ബദറുന്നിസ എൻെറ ആരുമല്ല
അവൾക്കെന്നെ അറിയുകയില്ല..."

* പ്രേമകാവ്യം.

# കവിതയെ തിന്നുന്ന കവിത

ടി.ടി. ശ്രീകുമാർ

**വിപ്ലവത്തിൻെറ മൗലികതയിൽ മാത്രം വിശ്വാസമർപ്പിച്ചിരുന്ന ശോണകാലത്തെ പിന്നീട് ചരിത്രത്തേയും സമൂഹത്തേയും വിശ്വാസബഹുലതകളുടെ സമഗ്രതയിൽ വീക്ഷിയ്ക്കാനാരംഭിച്ച പിൽക്കാല കവിതകളിൽ ആധുനികത അനുഭവിച്ചു തീർന്ന ഒരു കവിയെ നാം കണ്ടെത്തുന്നു. ഇപ്പോഴയാൾ കരയുന്ന ദാർശനിക നല്ല, ചിരിയ്ക്കുന്ന തത്വ ജ്ഞാനിയാണ്. തനിയ്ക്കു ചുറ്റുമുള്ള കോമാളി ലോകത്തെയാണ് അയാളിപ്പോൾ കാണുന്നത്.**

വികാരപരതയുടെ സമതലങ്ങൾ വിട്ട് മൂർത്ത യാഥാർത്ഥ്യത്തിൻെറ ചെങ്കുത്തായ പാതയിലൂടെ അവിശ്വാസത്തിൻെറ ഉദ്വേഗങ്ങളുമായി സഞ്ചരിച്ചാണ് നാം സിവിക് ചന്ദ്രൻെറ കവിതയിലെത്തുന്നത്. അദ്ധ്യാത്മകത അൽപ്പംപോലും കടന്നുവരാത്ത, ശുദ്ധ സത്യങ്ങളുടെ ആത്മീയതയെ വ്യക്തികളിലും സംഭവങ്ങളിലും കാട്ടിത്തരുന്ന യാഥാർത്ഥ്യവാദത്തിൻെറ കവിത സിവിക് ചന്ദ്രനിൽ പുനർജ്ജനിക്കുന്നു. കവിതയുടെ വർത്തമാനത്തിൽനിന്ന് ഈ രീതി വിദ്യ സിവിക് ചന്ദ്രൻെറ കവിതകളെ മാറ്റിനിർത്തുന്നു. രാഷ്ട്രീയക്കാർക്കിടയിൽ കവിയായും കവികൾക്കിടയിൽ രാഷ്ട്രീയക്കാരനായും ഒറ്റപ്പെട്ടുപോയവൻെറ കവിത, യൗവനം മുഴുവനും അനുഭവിച്ച ഏകാകിതയിൽ സ്വന്തം വിമതത്വം തിരിച്ചറിയാനുള്ള വഴിയും ജ്ഞാനവുമാകുന്നു. അങ്ങനെ സിവിക് ചന്ദ്രൻ ഒരു വിമതനായിരിക്കുന്നതിൻെറ പര്യായവും നാനാർത്ഥവുമെന്തെന്ന് കവിതയിലൂടെ അറിയുന്നു, അറിയിക്കുന്നു.


സിവിക്കിൻെറ ആദ്യ കവിത പിറന്നത് തടവറയിലാണെന്നത് യാദൃച്ഛികമല്ല. ഒരു തടവറയിൽനിന്ന് മറ്റൊന്നിലേയ്ക്ക്, പിന്നെ പുറംലോകമെന്ന വലിയ തടവറയിലേയ്ക്ക്, ഓരോ നിമിഷവും നമ്മെ വരിയുന്ന അസ്വാതന്ത്ര്യങ്ങളുടെ ചങ്ങലകളെ ഓർമ്മിപ്പിച്ചുകൊണ്ട് കവിത സഞ്ചരിയ്ക്കുന്നു. ആത്മനിഷേധത്തിൻെറ തന്ത്രങ്ങളേയും കർമ്മബാഹുല്യത്തിൻെറ കെട്ടുപാടുകളേയും വേട്ടയാടപ്പെടുന്നതിൻെറ സംത്രാസങ്ങളേയും ശ്വാസംമുട്ടിയ്ക്കുന്ന ജീവിത മൗഢ്യങ്ങളേയും അതിജീവിക്കുന്നു.

സിവിക് ചന്ദ്രൻെറ കവിതയിൽ രാഷ്ട്രീയവും ദർശനവും 'ആസ്വാദക'ന് രുചി വർദ്ധനയ്ക്ക് ചേർത്ത മേമ്പൊടിയല്ല. കവിത തന്നെ രാഷ്ട്രീയവും ദർശനവുമാണ്. ശ്വാസോച്ഛ്വാസമാണ്. ജീവിതം തന്നെയാണ്. ഒറ്റയ്ക്ക് ഉടുമുണ്ടഴിഞ്ഞ് തലവഴി മൂടിപ്പുതച്ച് ഒറ്റമുറിയിലെ ഒറ്റവിളക്കുമണച്ച് ഒറ്റപ്പായിൽ, മിണ്ടിപ്പറയാനൊരാളുമില്ലാതെ സ്വയം അഭിമുഖീകരിച്ചുകിടക്കാൻ നിർബന്ധിതനായ ഒരാളുടെ ആത്മഭാഷണങ്ങളാണ്.

പക്ഷേ, സിവിക്കിലെ കവി ഭീരുവായിരുന്നു. ഏറെക്കാലം രാഷ്ട്രീയക്കാരോടും കവികളോടും സ്വന്തം കവിതയ്ക്കുവേണ്ടി അയാൾ മൗനമായി മാപ്പപേക്ഷിച്ചുകൊണ്ടിരുന്നു. ഒടുവിൽ രാഷ്ട്രീയവും കവിതയും വിശ്വാസങ്ങളും മൂല്യങ്ങളുമെല്ലാം തകിടംമറിഞ്ഞ ആധുനികതയുടെ അപരാഹ്നത്തിൽ തൻെറ പൊതുജ്ജീവിതം അവശേഷിപ്പിച്ചത് ഈ കവിതകൾ മാത്രമാണെന്ന നിഷ്ഠൂരമായ സത്യത്തിലേയ്ക്ക് കവി തൻെറ ഉൾക്കണ്ണുകൾ തുറന്നുവയ്ക്കുന്നു. കവിതയും രാഷ്ട്രീയവും വേറിട്ടുകാണാത്ത പ്രയോഗത്തിൻെറ ഭൂമികയിലേക്ക് അപകർഷതയൊന്നുമില്ലാതെ തല ഉയർത്തിപ്പിടിച്ച് കടന്നുവരുന്നു. താൻ ഒരു കവിയാണെന്നും കവി മാത്രമാണെന്നും സിവിക് ചന്ദ്രൻ

തിരിച്ചറിയുന്ന കവിതാ സമാഹാരമാണ് ഗൃഹപ്രവേശം.

കവിത ഒരു പെറ്റി ബൂർഷ്വാ ദൗർബ്ബല്യമായിക്കണ്ടിരുന്ന സഖാക്കളിൽനിന്നും പോലീസിൽനിന്നും ഒളിപ്പിച്ചുവയ്ക്കേണ്ടിവന്നിട്ടുള്ള ആദ്യകാല കവിതകൾ മുതൽ ഐറണിയും ഹാസ്യവും സിനിസിസവും സമകാലിക സമൂഹത്തിന്റെ ഉപരിപ്ലവതകൾ കോറിയിടാൻ നിറക്കൂട്ടാവുന്ന സമീപകാല കവിതകൾവരെ ഈ സമാഹാരത്തിലുണ്ട്. കക്കയം കോൺസെൻട്രേഷൻ ക്യാമ്പിൽ നിന്നുള്ള കുറിപ്പുകളായ 'കുരുതിപ്പൂക്കൾ' എന്ന കവിതയുടെ ഘടന അസാധാരണമാംവിധം ശക്തവും സൂക്ഷ്മവുമാണ്. അന്യൻ എന്ന ഒന്നാം ഭാഗത്ത് കക്കയം ക്യാമ്പിലേക്ക് കൊണ്ടുവരപ്പെടുന്ന ഓരോ ചെറുപ്പക്കാരന്റേയും ഭാവമാറ്റം രണ്ടു സൂക്ഷ്മബിന്ദുക്കളിൽ കവി പിടിച്ചെടുക്കുന്നു. ക്യാമ്പിലെത്തുമ്പോൾ അയാൾ നിർമ്മമനാണ്. താൻ എത്തിപ്പെട്ടിരിക്കുന്ന നരക യാഥാർത്ഥ്യത്തിന്റെ മാനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് അയാളെ അവിടെയുള്ള മറ്റുള്ളവരിൽനിന്ന് അന്യനാക്കുന്നത് എന്ന് അയാൾ അറിയുന്നില്ല. എന്നാൽ ഊഴം കഴിഞ്ഞ് നടു അനക്കാനാവാതെ ഞരങ്ങി തിരിച്ചെത്തുമ്പോഴാവട്ടെ അനഭിജ്ഞതയുടെ പുറന്തോടുകളും ഉടഞ്ഞുപോകുന്നു. അയാൾ മറ്റുള്ളവരെപ്പോലെയാകുന്നു. കക്കയം ക്യാമ്പിലെ മർദ്ദനം എന്നതിലുപരി ഇവിടെ വർഗ്ഗസംഗരത്തിന്റെ ഒരു മുഹൂർത്തം തന്നെയാണ് അനാവരണം ചെയ്യപ്പെടുന്നത്. അനഭിജ്ഞതയിൽനിന്ന് ഭരണകൂടത്തെക്കുറിച്ചുള്ള തിരിച്ചറിവിലേയ്ക്കും വർഗ്ഗബോധത്തിലേയ്ക്കുമുള്ള ഇടവേളയാണത്. ഈ തിരിച്ചറിവിൽ ജീവിയ്ക്കുന്നവർ നിരന്തരം ഭരണകൂടവുമായുള്ള സംഘർഷം മുഖാമുഖം കാത്തിരിയ്ക്കുന്നു. ഭീതിയും വ്യഥയും നിറയുന്ന മനസ്സിൽ 'ആരുടേതാണ് അടുത്ത ഊഴം?' എന്ന ചോദ്യം മാത്രമേയുള്ളൂ.



സിറിക് ചന്ദ്രൻ

'ഊഴം' എന്ന രണ്ടാം ഖണ്ഡത്തിൽ ഈ ചോദ്യം ചൂടും അശാന്തിയും ഉൽക്കണ്ഠയുമെല്ലാം ചേർന്ന പരിഭ്രാന്തിയായി പ്രത്യക്ഷപ്പെടുന്നു. മൂന്നാം ഖണ്ഡത്തിൽ 'മാപ്പുസാക്ഷി'യുടെ വരവാണ്. എല്ലാ മാപ്പുസാക്ഷികൾക്കും സംഭവിയ്ക്കുന്നത് ഇടവേളയിൽ അയാൾക്കും സംഭവിയ്ക്കുന്നു –അയാളുടെ പപ്പുകൾ കൊഴിയുന്നു. തനിക്കറിയാവുന്നതെല്ലാം ചുരത്തിക്കൊടുത്ത് പപ്പുകൾ കൊഴിഞ്ഞ് പശ്ചാത്തപിയ്ക്കുന്ന ഭീരുവിന്റെ ചെല്ലപ്പേരാകുന്നു 'മാപ്പു സാക്ഷി.' 'വിയർപ്പ്' എന്ന നാലാം ഭാഗത്തിൽ സ്വന്തം യാഥാർത്ഥ്യത്തോട് തങ്ങൾ പൊരുതുകയാണെന്നും അതിനാൽ പീഡിപ്പിയ്ക്കപ്പെടുകയാണെന്നും തിരിച്ചറിഞ്ഞവർ സമരസപ്പെടുകയാണ്. ചോദ്യങ്ങൾ ചോദിച്ചതിനാണ്, വെല്ലുവിളികൾ ഉയർത്തിയതിനാണ് പീഡിപ്പിക്കപ്പെട്ടത്. പക്ഷേ, അവർ പശ്ചാത്തപിയ്ക്കുകയല്ല, വീണ്ടും വീണ്ടും മുഴങ്ങുകയാണ്. തങ്ങൾ തല്ലി നടുവൊടിച്ച മൃഗങ്ങളുടെ ദുർഗന്ധം സഹിക്കാനാവാതെ അറവുകാർ ചന്ദനത്തിരികൾ പുകയ്ക്കുമ്പോൾ, തട്ടിക്കയറുമ്പോൾ അവർ പറയുന്നു:

"പക്ഷേ, മാന്യരേ,
ഞങ്ങളുടെ പിൻബലത്തിലാണ്
നിങ്ങൾ ഈ
യൂണിഫോമണിയുന്നതെന്ന്
മറക്കാതിരിയ്ക്കുക,
നിങ്ങളുടെ
സൗധങ്ങൾ പണിതതും
പത്തായങ്ങൾ നിറച്ചതും
നിങ്ങളെ മാന്യന്മാരാക്കിയതും
ഞങ്ങളുടെ വിയർപ്പാണ്."

ഈ ഘട്ടത്തിൽ കവിത ഒരു 'നിരപരാധി'യിലേയ്ക്ക് തിരിയുന്നു. അയാൾ കേഴുകയാണ്. 'തെളിയിക്കാൻ ദുസ്സാദ്ധ്യമായ ഒരു വിശുദ്ധിയാണ് നിഷ്ക്കളങ്കതയും നിരപരാധിത്വമെന്നും അറിയാതെ പേർത്തും പേർത്തും കേഴുകയാണ്."

'ഇത്തിരിപ്പൂക്കൾ' എന്ന ഈ ഖണ്ഡം കവിതയിലെ ഒരു വഴിത്തിരിവാണ്. കോപാകുലനായ ഒരു വേട്ടപ്പട്ടിയാണ് ഭരണകൂടം. വഴിയിൽ കണ്ടവരെയെല്ലാം സ്വന്തം കോമ്പ്രൻപല്ലുകളിൽ അത് കോർത്തെടുത്ത് കടിച്ചുകുടയുന്നു. 'ഞാൻ കള്ളനല്ല' എന്ന വിലാസം അതിന് മനസ്സിലാവില്ല. വിലപിയ്ക്കുന്നതിൽ അർത്ഥമില്ലെന്ന് തിരിച്ചറിയേണ്ടത് കള്ളനാക്കപ്പെടുന്ന നിരപരാധിതന്നെ. അറസ്റ്റു ചെയ്യപ്പെട്ട ഒരു ലിബറലിനെ അവതരിപ്പിക്കുന്ന ഭാഗമാണ് 'കുരുതിപ്പൂക്കൾ.' സ്വന്തം അസ്തിത്വം ചോദ്യം ചെയ്യപ്പെടുമ്പോൾ വന്ദ്യനും നിന്ദ്യനുമെല്ലാം ഭരണകൂടത്തിനു തുല്യം. അങ്ങനെ മഹാന്മാരും തടവറയിൽ എത്തപ്പെടുന്നു. 'തെറ്റിദ്ധാരണകൊണ്ടോ കൈപ്പിശകുകൊണ്ടോ' ആവാം. പക്ഷേ, അവരുടെ ലിബറലിസം തടവറയിലും അസ്തമിക്കുന്നില്ല.



മമ്മൂട്ടി

ചരിത്രത്തിന്റെ യുക്തിയും യുക്തിരാഹിത്യവും വഴങ്ങാത്തതിനാൽ അവർ ഹ്യൂമനിസ്റ്റുകളായി തുടരുന്നു. യുവാക്കൾ കുരുതിചെയ്യപ്പെടുന്നതിനെ പ്രതി അനുതപിക്കുന്നു. ചരിത്രത്തിൽ പ്രഭാതങ്ങളെ വരവേൽക്കാൻ കാത്തിരിക്കുന്ന കുരുതിപ്പൂക്കൾക്ക് സഹതാപമെന്തിന്? ഇവിടെ ചരിത്രത്തിന്റെ വീഥികൾ ഈറനാക്കിയ ചോരത്തുള്ളികളെക്കുറിച്ച് കവിത ഓർമ്മിപ്പിക്കുന്നു. വിട എന്ന അവസാന ഖണ്ഡത്തിൽ ഈ 'സംഭവ'ങ്ങളുടെ ചരിത്രപരത കവിതയിൽ തന്നെ തെളിയുന്നു. പിരിഞ്ഞുപോയവരോട് വിടപറയാൻ വിസമ്മതിയ്ക്കുകയാണ് നാം ചെയ്യേണ്ടത്. കാരണം,

പിരിഞ്ഞുപോയവരാരും

പിരിഞ്ഞുപോകുന്നില്ലെന്ന്
ചരിത്രം പറയുന്നു.
ഞങ്ങളും തിരിച്ചുവരും
ഒരിയ്ക്കൽ രക്തസാക്ഷി
മണ്ഡപങ്ങളിൽനിന്ന്
ഞങ്ങൾ നിങ്ങളെ
വിളിച്ചുണർത്തും.

പിരിഞ്ഞുപോയവർ മടങ്ങിവരില്ലെന്ന ഭൗതികവാദമല്ല വിപ്ലവത്തിൻെറ ആത്മീയതയെന്ന് കവി പറയുന്നു. ഇവിടെ കക്കയം ക്യാമ്പിലെ സൂക്ഷ്മകാലം നാം അനുഭവിച്ചു തീർക്കുന്ന സ്ഥൂലകാലത്തിൻെറ ഭാവങ്ങൾ തന്നെയാണ് കാട്ടിത്തരുന്നത്. ഒറ്റും മർദ്ദനവും മരണവും അനുതാപവും വീര്യവും ഭീതിയും വ്യഥയും ദുർഗന്ധവുമെല്ലാമുള്ള ചരിത്രസംഗരത്തിൻെറ മുഹൂർത്തമാവുന്നു.

വിപ്ലവത്തിൻെറ മൗലികതയിൽ മാത്രം വിശ്വാസമർപ്പിച്ചിരുന്ന ശോണകാലത്തെ പിന്നീട് ചരിത്രത്തേയും സമൂഹത്തേയും വിശ്വാസബഹുലതകളുടെ സമഗ്രതയിൽ വീക്ഷിയ്ക്കാനാരംഭിച്ച പിൽക്കാല കവിതകളിൽ ആധുനികത അനുഭവിച്ചു തീർന്ന ഒരു കവിയെ നാം കണ്ടെത്തുന്നു. ഇപ്പോഴയാൾ കരയുന്ന ദാർശനികനല്ല, ചിരിയ്ക്കുന്ന തത്വജ്ഞാനിയാണ്. തനിയ്ക്കു ചുറ്റുമുള്ള കോമാളി ലോകത്തെയാണ് അയാളിപ്പോൾ കാണുന്നത്.

1. കരുണാകരൻ മൺകൂമ്പാരത്തിൽനിന്നു തലപൊക്കി ചിരിച്ചുചിരിച്ച് തൻെറ തന്നെ മടിയിൽ കുഴഞ്ഞുവീഴുന്നു.

2. കടലിൽ കല്ലിടാൻ കാശിനുവേണ്ടി പാവം ഉമ്മൻചാണ്ടി മുത്തപ്പയുടെ റേഷൻ തോളിൽ കൈവച്ച് കാട്ടിലേക്ക് കയറുന്നു.

3. ആസ്തമയും വാർദ്ധക്യവും വിക്കും കലശലായിട്ടും ഇ.എം.എസ്. കാറ്റാടിയന്ത്രത്തിനെതിരായ തൻെറ ഏകാന്തത യുദ്ധം തുടരുന്നു.

4. വാർത്തകൾ വായിയ്ക്കുന്നതാരായിരിക്കും, മായയോ, ഹേമയോ, നാരായണനോ, ബാലകൃഷ്ണനോ എന്ന് കുട്ടികൾ വാതുവയ്ക്കുന്നതിനിടയിൽ രാജേശ്വരി സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നു.

5. താത്വികാചാര്യൻെറ വെട്ടുംതടവും വിക്കിവിക്കിത്തന്നെ സുബ്രഹ്മണ്യം ഉറക്കെയുറക്കെ വായിക്കുന്നു. ഇ.എം.എസ്. ഈ നിമിഷമേതു പുഴിക്കടകനാണടിയ്ക്കുന്നതെന്ന് ഏതമിട്ടിനാണ് തിരികൊളുത്തുന്നതെന്നയാളോട് ചോദിക്കൂ. സഖാവിൻെറ കാര്യത്തിൽ സുബ്രഹ്മണ്യനൊരു ശബ്ദതാരാവലി, വിജ്ഞാനകോശം, സാഹിത്യവാരഫലം, നിത്യചൈതന്യയതി.

6. മമ്മൂട്ടിയുടെ ഏതു റോളിനെപ്പറ്റിയു മതിരപ്പള്ളിപോലെ ഡയലോഗും വള്ളിപുള്ളി വിസർഗം വിടാതെ... ഇപ്പോൾ മമ്മൂട്ടിയുടെ ലൊക്കേഷനെവിടെയെന്നും മേതേതുസമയത്താണ് ബീവിയ്ക്ക് ഡയൽചെയ്യുന്നതെന്നും.

7. മന്ത്രിയ്ക്കിപ്പോൾ മാമുക്കോയയുടെ മുഖച്ഛായ.

8. സ്റ്റാലിൻ മീശയും ചങ്ങമ്പുഴക്കണ്ണാടിയുമായി അച്യുതാനന്ദൻ വന്ന് മെഡിക്കൽ ബുള്ളറ്റിൻ വായക്കുന്നു.

9. ഹോസ്റ്റലിൽ മതിൽചാടി രക്ഷപ്പെടുന്നിതു സൂര്യപുത്രിമാർ.



ഇ.എം.എസ്.

വാർത്തകളിലൂടെ, രാഷ്ട്രീയത്തിലൂടെ, സിനിമയിലൂടെ നാം സ്വരൂപിക്കുന്ന അറിവും ജ്ഞാനവും സാക്ഷ്യപ്പെടുത്തുന്നത് മമ്മൂട്ടിയേയും ഇ.എം.എസ്സിനേയും ഒരുപോലെ നന്നായറിയുന്ന സുബ്രഹ്മണ്യനാണ്. സുബ്രഹ്മണ്യൻ 'കരുതിപ്പൂക്കളിലെ മാപ്പു സാക്ഷിയാണോ? അതോ ലിബറലോ? ഒരുപക്ഷേ, പഴയ വിപ്ലവകാരി തന്നെയായിരിക്കാം. ആരായാലും, ശബ്ദാർത്ഥങ്ങളുടെ തടവുകാരനായി, വായനയുടെ തീർപ്പുകളിൽ അഭിരമിച്ച്, ആഴമില്ലാത്ത അദ്ധ്യാത്മികതയിൽ മുഴുകി, ഉപരിപ്ലവമായ വിവരങ്ങളിലും വിനോദങ്ങളിലും സ്വയം മറന്ന്, അയാൾ 'ജ്ഞാനി' യായിരിയ്ക്കുന്നു. സിനിമയിലെ വീരനായകനേയും രാഷ്ട്രീയത്തിലെ വീരനായകനേയും ആരാധിക്കുന്നു. മമ്മൂട്ടി ഇനി എന്നാണ് ഇ.എം.എസ്സായി അഭിനയിച്ച് അയാൾക്ക് ജീവിത സാഫല്യം നൽകുക? മന്ത്രിക്കിപ്പോൾ തന്നെ മാമുക്കോയയുടെ മുഖച്ഛായയാണല്ലോ.


വർത്തമാനം തന്നെയാണ് ചരിത്രമെന്ന് തിരിച്ചറിയുമ്പോൾ പഴയ ദുരന്തങ്ങളേക്കാൾ പുതിയ പ്രഹസനങ്ങൾക്ക് കവിത പ്രാമുഖ്യം നൽകിയേക്കാം. മമ്മൂട്ടിയും മാമുക്കോയയും ഇ.എം.എസ്സും, അച്യുതാനന്ദനും മുത്തപ്പയുമെല്ലാം ചേർന്ന കൊളാഷ് സൂചിപ്പിയ്ക്കുന്നത് ജലോപരിയിൽ തെളിഞ്ഞുപൊന്തി ഉടഞ്ഞുപോകുന്ന ബുൾബുദങ്ങളാണ്. നമ്മെ ഇന്ന് ആകർഷിക്കുന്നത് എന്ന യാഥാർത്ഥ്യമാണ്. യഥാർത്ഥ ലോകത്തിനു മുകളിൽ വാർത്ത സൃഷ്ടിക്കുന്ന, മാദ്ധ്യമങ്ങൾ സൃഷ്ടിക്കുന്ന ഒരു ഹൈപ്പർ റിയൽ ലോകത്തിലാണ് നാം ജീവിയ്ക്കുന്നതും പ്രതികരിക്കുന്നതും. ഈ ഹൈപ്പർ റിയാലിറ്റിയെ പ്രതിരോധിയ്ക്കാൻ സിവിക് ചന്ദ്രൻെറ കയ്യിലുള്ളത് കവിത മാത്രമാണ്. അതുകൊണ്ടു കവിത, ഈ ഹൈപ്പർ റിയൽ ലോകത്തിൻെറ നാട്യങ്ങളെ, കപടഗൗരവങ്ങളെ തൻെറ ഐറണിയിലൂടെയും ഹാസ്യത്തിലൂടെയും തുറന്നുകാട്ടുന്നു. വാർത്തകളുടെ പ്രളയത്തിൽ കവിതയുടെ പെട്ടകത്തിൽ അഭയം തേടുക മാത്രമാണ് പോംവഴിയെന്ന് തിരിച്ചറിഞ്ഞതുപോലെ സിവിക് കവിതകളെഴുതുന്നു. അപ്പോൾ ആ കവിതകൾ ചുറ്റും നിറഞ്ഞുനിൽക്കുന്ന വാർത്തകളെക്കുറിച്ചാകുന്നത് തികച്ചും സ്വാഭാവികം.

In the dark times
will there also be singing?
Yes, there will also be singing
about the dark times

എന്ന ബ്രഹ്തിൻെറ വരികളെ ഈ കവിതകൾ ഓർമ്മിപ്പിയ്ക്കുന്നു. 'എഴുതാൻ കടലാസ്സോ പുസ്തകമോ ലഭ്യമായിരുന്നില്ല. വല്ലപ്പോഴും വീട്ടിൽനിന്നു കിട്ടുന്ന സെൻഷർമാരുടെ കോറലുകൾ തലങ്ങും വിലങ്ങും വരയ്ക്കുന്ന കത്തിലെ അവശേഷിക്കുന്ന ഇടങ്ങൾ, സിഗരറ്റു കൂടോ സോപ്പിൻെറ കവറോ, ഇവയിൽ വേണ്ടിയിരുന്നു കവിതയെഴു

താൻ' എന്ന് തൻെറ തടവറക്കാലത്തെ കവിതാ സപര്യയെക്കുറിച്ച് കവി സൂചിപ്പിക്കുന്നു. ഇതുപോലുമില്ലായിരുന്നെങ്കിലും സിവിക് കവിത എഴുതുമായിരുന്നു. നാസി തടവറയിൽ, എന്നെങ്കിലും പുറത്തിറങ്ങാൻ കഴിയുമെന്ന് വിശ്വാസമില്ലാതിരുന്നവർ, സ്റ്റാലിൻെറ റഷ്യയിലെ ലേബർ ക്യാമ്പുകളിൽ എഴുപത്തഞ്ചും എൺപതും വർഷത്തേയ്ക്ക് കഠിന തടവിന് വിധിയ്ക്കപ്പെട്ടവർ, കരിയും കൽക്കഷ്ണവും കൊണ്ട് ചുവരിൻെറ വിള്ളലുകളിൽ കവിത എഴുതിയിട്ടുണ്ട്. കാരണം കവിതയായിരുന്നു, അതുമാത്രമായിരുന്നു അവർക്ക് സ്വാതന്ത്ര്യം!

സിവിക്കിൻെറ ആദ്യ കവിത പിറന്നത് തടവറയിലാണെന്നത് യാദൃച്ഛികമല്ല. സ്വാതന്ത്ര്യത്തിൻെറ കവിത പിറക്കുക തടവറയിലാണ്. 'തടവറ' രാഷ്ട്രീയ കവിതയ്ക്ക് 'വിഷയ' മാകുന്ന അസംസ്കൃത വസ്തുവല്ല. രാഷ്ട്രീയ കവിതയുടേയും കവിതയുടെ രാഷ്ട്രീയത്തിൻേറയും ഈറ്ററയാണ്. തടവറയെന്നാൽ ഭരണകൂടത്തിൻെറ ഒരു മർദ്ദനോപകരണമാണ്. അതിനെതിരേ തിരിയുന്ന കവിത, വലിയ തിരിച്ചറിവുകളിൽ, പ്രത്യയ ശാസ്ത്രപരമായ ഭരണകൂടോപകരണങ്ങൾക്ക് തടവറകളേക്കാൾ ശക്തിയും മൂർച്ചയുമുണ്ടെന്ന് മനസ്സിലാക്കുമ്പോൾ അവയ്ക്കെതിരേയും തിരിയുന്നത് സ്വാഭാവികം മാത്രം. ഈയൊരു തിരിച്ചറിവാണ് പിൽക്കാല കവിതകളെ ആദ്യകാല കവിതകളിൽനിന്ന് വേർതിരിക്കുന്നത്. ജീവിചരിത്രപരമായി പറഞ്ഞാൽ എന്താണ് അസ്വതന്ത്രത എന്ന ചോദ്യത്തോടുള്ള ഒരു മനുഷ്യൻെറ പലകാല ഘട്ടങ്ങളിലെ ഉത്തരങ്ങളാണ് ഈ കവിതകൾ. താൻ അനുഭവിയ്ക്കുന്ന ഭൗതികവും നൈതികവുമായ ശ്വാസംമുട്ടലുകളോടുള്ള പ്രതികരണങ്ങളാണ്. ഈ യാത്രയുടെ അന്ത്യത്തിൽ തനിക്കൊന്നും നേടാൻ കഴിയില്ലെന്ന്, താൻ ഒരിയ്ക്കലും വീട്ടിൽ ചെന്നുപറ്റില്ലെന്ന് അറിഞ്ഞുകൊണ്ടാണ് അസ്വതന്ത്രതയുടെ കടലിൽ അയാൾ സഞ്ചരിക്കുന്നത്. നാറാണത്തുഭ്രാന്തനെപ്പോലെ ഓരോ കവിതയും ഉരുട്ടി ഉരുട്ടിക്കയറ്റി താഴേക്കിട്ട് അയാൾ ഉള്ളിൽ പൊട്ടിച്ചിരിക്കുന്നു. അതിനാൽ ഓരോ വാടക വീടുമൊഴിഞ്ഞ് മറ്റൊന്നിലേക്ക് ചേക്കേറുമ്പോൾ, കുമ്മായത്തിലും ഓടിലും ഇഴികയിലും മരത്തിലും സാക്ഷാത്ക്കരിക്കാനാവാത്ത വീടെന്ന പാഴ്ക്കിനാവിനെക്കുറിച്ച് ഓർക്കുന്നു. യാത്ര മാത്രമാണ് സത്യമെന്നും ആരും എങ്ങും എത്തിച്ചേരുന്നില്ലെന്നും അറിയുന്നു. അപ്പോൾ, അഥവാ എത്തിയെന്നു തോന്നിയാലോ? "അന്യരാവുന്നു നമുക്ക് നാമല്ലെങ്കിൽ നമുക്കന്യമാവുന്നു നമ്മുടെ വീടുകൾ മനസ്സുകൾ." അങ്ങനെ വീടും അസ്വതന്ത്രതയുടെ തന്നെ മറ്റൊരു ബിന്ദുവാകുന്നു. കവി, വീടിനേക്കാൾ "അങ്ങാടിച്ചതികൾ പതിയിരിക്കുമധോലോകമോ കാമ്യ" മെന്ന് സ്വയം തർക്കിക്കുന്നു.


മാമുക്കോയ

സ്വയം തർക്കിച്ചും, വിരോധിച്ചും അഭിനന്ദിച്ചും നിന്ദിച്ചും സംവേദനത്തിൻെറ പ്രാരാബ്ദങ്ങൾ അറിഞ്ഞും അറിയിച്ചും,

ചോരവാർന്നുപോയതോ
ഹരിതകത്തിന്നുപ്പുകെട്ടതോ
നമ്മുടെ നവമാമറിവുകൾ


എന്നു സംശയിച്ചും കവിതയുടെ ആൻറിനയിൽ കാറ്റുവിരിയ്ക്കുന്നു. ഇങ്ങനെ ഈ ദുഷ്ടകാലത്ത് ഒരാഭിചാരം പോലെ വീണ്ടും വീണ്ടും കവിതയെഴുതുന്നതെന്തിനാണ്? കിട്ടാത്ത സ്വാതന്ത്ര്യത്തിനുവേണ്ടിയോ? അതോ "നിസ്സഹായതയുടെ ആഴക്കടലിൽനിന്നും പ്രത്യാശയുടെ കൊടുമുടിയിലേക്കുള്ള" രഹസ്യപാതയാണ് കവിത എന്നതുകൊണ്ടോ? എനിക്കറിയില്ല. ഒരുപക്ഷേ, സിവിക്കിനും അറിയില്ലായിരിക്കാം. ആർക്കുമറിയില്ലായിരിക്കാം. പക്ഷേ, "പ്രപഞ്ചം മുഴുവൻ കവിതയും സ്വപ്നവും കൊണ്ടുനിറഞ്ഞാലും" പിന്നെയും ഏകാന്തവും ദാരുണവുമായിരിയ്ക്കുന്ന ലോകത്ത് കവിതയും സ്വപ്നവും കൂടിയില്ലെങ്കിൽ നാമെങ്ങിനെ ജീവിയ്ക്കും? നാമെങ്കിനെ മരിയ്ക്കും?

**രാഷ്ട്രീയക്കാർക്കിടയിൽ കവിയായും കവികൾക്കിടയിൽ രാഷ്ട്രീയക്കാരനായും ഒറ്റപ്പെട്ടുപോയവൻെറ കവിത, യൗവ്വനം മുഴുവനും അനുഭവിച്ച ഏകാകിതയിൽ സ്വന്തം വിമതത്വം തിരിച്ചറിയാനുള്ള വഴിയും ജ്ഞാനവുമാകുന്നു.**

ഭാവപരമായി നോക്കുമ്പോൾ സിവിക് ചന്ദ്രൻ കവിതകളെഴുതുമ്പോൾ കവിതയെത്തന്നെ നിഷേധിക്കുന്നുണ്ട് എന്ന് ബോധ്യപ്പെടും. കവിതയിൽനിന്ന് കവിത എടുത്തുമാറ്റുമ്പോഴും കവിത തന്നെ അവശേഷിക്കുന്ന കവിത്വശക്തിയുടെ ഈ ആഭിചാരം സിവിക്കിൻെറ കവിതകൾ അനുഭവിപ്പിക്കുന്നു. കുരുതിപ്പൂക്കളിലെ വിപ്ലവകാരിയിൽ തുടങ്ങി സുബ്രഹ്മണ്യനിൽ എത്തിനിൽക്കുന്ന കേരള സമൂഹത്തിൻെറ കവിതയില്ലായ്മകളോട് തൻെറ ഇല്ലായ്മകളുടെ കവിതയിലൂടെ സിവിക് ചന്ദ്രൻ സംവദിക്കുന്നു. സങ്കീർണ്ണമാണ് ഇതിൻെറ അബോധഘടന. ഇത് കവിതയെത്തിന്നുന്ന കവിതയാണ്. 'ഗൃഹപ്രവേശ'ത്തിൽ ഞാൻ കേൾക്കുന്നത് കവിത കവിതയെ തിന്നുന്ന 'കരമുര' ശബ്ദമാണ്. അപൂർവ്വമായ ഈ രീതിവിദ്യയാണ്, ഈ കവിതകളെ കവിതയുടെ വർത്തമാനത്തിൽനിന്ന് വ്യതിരിക്തമാക്കുന്നത്. ഈ വ്യത്യസ്തതയാണ് അദ്ദേഹത്തിൻെറ കവിതകളിലേക്ക് നമ്മെ വലിച്ചടുപ്പിക്കുന്നതും.

# അടുത്ത നൂറ്റാണ്ടിന്

അനീഷ് നാറാത്ത്



ഇന്ത്യ സ്വതന്ത്രമായതിനുശേഷം അമ്പത് വർഷങ്ങൾ പിന്നിട്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. രാജ്യം വിവിധ മേഖലകളിൽ അസൂയാവഹമായ പല പുരോഗതികൾ നേടിയിട്ടുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. എന്നാൽ അതിബൃഹത്തായ വിദ്യാഭ്യാസ മേഖലയുടെ സ്ഥിതി ഇന്നെന്താണ്? നാം ഒരു വിലയിരുത്തലിന് തയ്യാറാവേണ്ടതാണ്.

വിദ്യാഭ്യാസമെന്നത് മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്ക്കാരമാണ്. എല്ലാ അറിവും എല്ലാ സിദ്ധികളും മനുഷ്യനിൽ അന്തർലീനമാണ്. അവ വളരാനും വികസിക്കുന്നതിനുമുള്ള ഒരു പ്രക്രിയയാണ് വിദ്യാഭ്യാസമെന്നത്. ഭാവി ജീവിതത്തിനു വേണ്ടിയുള്ള ഒരു തയ്യാറെടുപ്പല്ല, മറിച്ച് യഥാർത്ഥ ജീവിതം തന്നെയാണത്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി വിദ്യാഭ്യാസത്തെ നിർവ്വചിച്ചത് ഇപ്രകാരമാണ്.


"വിദ്യാഭ്യാസം കൊണ്ട് ഞാനർത്ഥമാക്കുന്നത് ശിശുവിലും മുതിർന്നവരിലുമുള്ള കായികവും ബുദ്ധിപരവും, ആത്മീയവുമായ നന്മകളുടെ പ്രകാശനവും വികസനവുമാണ്." ഗാന്ധിജിയും മറ്റ് വിദ്യാഭ്യാസ വിചക്ഷണന്മാരും സ്വപ്നം കണ്ടിരുന്ന വിദ്യാഭ്യാസ സമ്പ്രദായം ഇന്നും നമുക്ക് ഫലവത്താക്കാൻ സാധിച്ചിട്ടില്ലയെന്നത് ഒരു സത്യമായി അവശേഷിക്കുന്നു.

1947-ൽ ഇന്ത്യ ബ്രിട്ടിഷ് ആധിപത്യത്തിൽനിന്ന് സ്വതന്ത്ര്യയായതിനുശേഷം വിദ്യാഭ്യാസത്തിൽ ദേശീയ ലക്ഷ്യങ്ങൾക്കനുസൃതമായ ഒരു അഴിച്ചുപണി നടന്നു. രാധാകൃഷ്ണ കമ്മീഷൻ, സെക്കൻഡറി കമ്മീഷൻ, കോത്താരി കമ്മീഷൻ എന്നീ മൂന്നു വിദ്യാഭ്യാസ കമ്മീഷനുകൾ വഴിയാണ് മുഖ്യമായും ഈ അഴിച്ചുപണി നടന്നതെന്ന് നമുക്കറിയാം. ഇവയിൽ എടുത്തുപറയേണ്ടത് 1964-ൽ നിലവിൽ വന്ന കോത്താരി കമ്മീഷൻ ആയിരുന്നു. "ഭാരതത്തിന്റെ ഭാവി ഭാഗധേയം നിർണ്ണയിക്കപ്പെടുന്നത് ഇന്നത്തെ ക്ലാസ് മുറികളിലാണ്" എന്ന കമ്മീഷൻ വാചകം തന്നെ ശ്രദ്ധേയമാണ്. ശാസ്ത്ര സാങ്കേതിക രംഗങ്ങളുടെ വികസനത്തിലൂടെ സാമ്പത്തിക പുരോഗതി ത്വരിതപ്പെടുത്തുക, സാമൂഹിക ഉച്ചനീചത്വങ്ങൾ ഉന്മൂലനം ചെയ്ത് ദേശീയോദ്ഗ്രഥനം കൈവരിക്കുക, സാർവ്വത്രികമായ വിദ്യാഭ്യാസ സന്ദർഭങ്ങളും തൊഴിൽ സൗകര്യങ്ങളും പ്രദാനം ചെയ്യുക, ജനാധിപത്യത്തെ ശക്തിപ്പെടുത്തുക തുടങ്ങിയവയാണ് നമ്മുടെ ദേശീയ ലക്ഷ്യങ്ങൾ. ഒരു വിദ്യാഭ്യാസ വിപ്ലവം മാത്രമാണ് ഇതിനുള്ള മാർഗ്ഗമെന്ന് കോത്താരി കമ്മീഷൻ അഭിപ്രായപ്പെട്ടിരുന്നു. എന്നാലിന്നും നമ്മുടെ രാജ്യത്ത് നിരക്ഷരരുടെ എണ്ണം കൂടിവരികയാണ്. സാക്ഷരതാ നിരക്ക് ഇന്ത്യയിൽ 52% മാത്രമാണെന്നത് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മയെ ചൂണ്ടിക്കാണിക്കുന്നു. വിദ്യാഭ്യാസത്തിൽ അവസരസമത്വം ഉറപ്പുവരുത്തുന്നതിന് ഭരണഘടനയിൽ പല വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭരണഘടനയിലെ 45-ാം വകുപ്പ് പ്രകാരം "ഈ ഭരണഘടന നിലവിൽ വരുന്ന നാൾ മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണം." ഇന്നും സഫലമാകാത്ത ഒരു സ്വപ്നം. 46-ാം

**വിദ്യാഭ്യാസമെന്നത് മനുഷ്യനിലുള്ള സമ്പൂർണ്ണതയുടെ ആവിഷ്ക്കാരമാണ്. എല്ലാ അറിവും എല്ലാ സിദ്ധികളും മനുഷ്യനിൽ അന്തർലീനമാണ്. അവ വളരാനും വികസിക്കുന്നതിനുമുള്ള ഒരു പ്രക്രിയയാണ് വിദ്യാഭ്യാസമെന്നത്. ഭാവി ജീവിതത്തിനു വേണ്ടിയുള്ള ഒരു തയ്യാറെടുപ്പല്ല, മറിച്ച് യഥാർത്ഥ ജീവിതം തന്നെയാണത്.**



# ഒരു വിദ്യാഭ്യാസ ദർശനം



വകുപ്പ് പ്രകാരം ന്യൂനപക്ഷങ്ങളുടെയും അവശസമൂഹങ്ങളുടെയും വിദ്യാഭ്യാസ താൽപര്യങ്ങൾ നിലനിർത്താനും അവരെ സകലവിധ ചൂഷണങ്ങളിൽനിന്നും മോചിപ്പിക്കാനും വ്യവസ്ഥ ചെയ്യുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന് എന്തൊക്കെയോ പാളിച്ചകൾ പറ്റിയിരിക്കുന്നു. 21-ാം നൂറ്റാണ്ടിന്റെ പടിവാതിൽക്കൽ എത്തിയിരിക്കുന്ന നാം അതിന്റെ കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തേണ്ടതാണ്. എന്താണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിനുള്ള പോരായ്മകൾ? പ്രത്യേകിച്ച് കേരള സംസ്ഥാനത്തിലെ വിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ചയ്ക്കുള്ള കാരണങ്ങൾ എന്തൊക്കെയാണ്?

### പാഠ്യപദ്ധതി രൂപവൽക്കരണത്തിലെ പാളിച്ചകൾ

ദേശീയവും വിദ്യാഭ്യാസപരവുമായ ലക്ഷ്യങ്ങളുമായുള്ള പഠനപദ്ധതിയുടെ സമന്വയം, വിദ്യാർത്ഥി വിദ്യാഭ്യാസത്തിലെ കേന്ദ്രബിന്ദു, പ്രായോഗിക മൂല്യത്തിന്റെ പ്രാധാന്യം എന്നീ കാര്യങ്ങൾ നൂതന പാഠ്യപദ്ധതിയുടെ ലക്ഷ്യമാണെങ്കിലും പലതും വാചകങ്ങളിൽ ഒതുങ്ങി നിൽക്കുന്ന സ്ഥിതിവിശേഷമാണിന്നുള്ളത്. പത്താംതരം കഴിഞ്ഞു പോകുന്ന ഒരു വിദ്യാർത്ഥി യാതൊരു ലക്ഷ്യങ്ങളും നേടാതെ എന്തൊക്കെയോ കുറെ കാര്യങ്ങൾ കാണാപ്പാഠം പഠിച്ചുപോകുന്നുവെന്നല്ലാതെ അവന്റെ പ്രായോഗിക ജീവിതത്തിൽ അവ പ്രതിഫലിപ്പിക്കാൻ കഴിയാതെ വരികയാണ്. വിദ്യാർത്ഥികൾ ശാരീരികമായും മാനസികമായും വ്യത്യസ്ത നിലവാരങ്ങളും അഭിരുചികളും വെച്ചു പുലർത്തുന്നവരാണ്. ഇവരുടെ പ്രത്യേകതകൾ, സിദ്ധികൾ തുടങ്ങിയവയ്ക്കനുസൃതമായ രീതിയിൽ ഒരു പാഠ്യപദ്ധതി തയ്യാറാക്കാൻ നമുക്കിന്നും കഴിഞ്ഞിട്ടില്ല. കുട്ടികൾക്ക് രാജ്യത്തിന്റെ ചരിത്രത്തെക്കുറിച്ചോ, സ്വാതന്ത്ര്യസമര കാലഘട്ടത്തെക്കുറിച്ചോ, ജനാധിപത്യ സമ്പ്രദായങ്ങളുടെ പ്രസക്തിയെ പറ്റിയോ അറിയാത്ത അവസ്ഥയാണ്. മാതൃഭാഷ ശരിയായ രീതിയിൽ പ്രയോഗിക്കാനോ, ആശയ വിനിമയം നല്ല രീതിയിൽ നടത്താനോ പത്താംതരം കഴിഞ്ഞുപോകുന്ന വിദ്യാർത്ഥിക്ക് സാധിക്കുന്നില്ല. ശാസ്ത്രവും ഗണിതവും കുട്ടികളുടെ നിത്യജീവിതത്തിന്റെ ഭാഗമാകുന്നില്ല. മൂല്യാധിഷ്ഠിത വിദ്യാഭ്യാസവും കായിക വിദ്യാഭ്യാസവും ശരിയായ രീതിയിൽ നൽകാൻ നമ്മുടെ ഇന്നത്തെ പാഠ്യപദ്ധതിക്ക് കഴിയുന്നില്ല. ലക്ഷ്യബോധമില്ലാതെ കുറെ കുട്ടികളെ തുറന്നവഴിയിലേക്ക് തള്ളി നീക്കപ്പെടുകയാണ് ഇന്നത്തെ പാഠ്യപദ്ധതി ചെയ്യുന്നത്.

### മൂല്യനിർണ്ണയം

ഇന്ന് നടന്നുകൊണ്ടിരിക്കുന്ന മൂല്യനിർണ്ണയം പരീക്ഷയിലൂടെ കുട്ടി എന്ത് പഠിച്ചുവെന്ന് പരിശോധിക്കുക മാത്രമാണ്. പരീക്ഷയിലൂടെ മാത്രം ഒരു കുട്ടിയെ അളക്കുകയെന്നത് ശരിയായ മൂല്യനിർണ്ണയമല്ല. പരീക്ഷ നടത്തി മാർക്ക് നിർണ്ണയിക്കുമ്പോൾ അത് വെറുമൊരു അളക്കൽ മാത്രമേ ആകുന്നുള്ളൂ. ഇന്നത്തെ

പ്രൊമോഷൻ രീതിയിൽ തന്നെ അപാകത കാണാം. 90 ശതമാനവും 80 ശതമാനവും കുട്ടികളെയാണ് വർഷാവസാന പരീക്ഷകഴിഞ്ഞ് അടുത്ത ക്ലാസുകളിലേക്ക് കയറ്റിവിടുന്നത്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന പലരും ഈ കയറ്റിവിടലിൻെറ ഫലമായി രക്ഷപ്പെടുന്നു. ഫലമോ താൻ നേടിയെടുക്കേണ്ട അറിവുകൾ നേടാനാവാതെ അവൻ പത്താംതരംവരെ കയറി ചെല്ലുന്നു.

### സാമ്പത്തിക -സാമൂഹിക പിന്നോക്കാവസ്ഥ

സമ്പന്നർ അവരുടെ കുട്ടികളെ ഉന്നത നിലവാരം പുലർത്തുന്ന സ്കൂളുകളിലേക്കയക്കുന്നു. ദരിദ്രരാവട്ടെ അവരുടെ കുട്ടികളെ ഗവർമ്മെണ്ട് സ്കൂളുകളിൽ അയക്കാൻ പോലും വിഷമിക്കുന്നു. സാമൂഹ്യമായ അസമത്വം ഇന്നും നിലനിൽക്കുകയാണ്. ന്യൂനപക്ഷ സമുദായമായ മുസ്ലിംകളെ അവർക്കർഹതപ്പെട്ട ആനുകൂല്യങ്ങൾ മുഴുവൻ നൽകി വിദ്യാഭ്യാസത്തിൻെറ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഗവർമ്മെണ്ടുകൾ പലപ്പോഴും ശ്രമിച്ചുകാണുന്നില്ല. അതു-പോലെ പട്ടിക ജാതി -പട്ടിക വർഗ്ഗക്കാർ സാമൂഹികമായി പുരോഗമിച്ചിട്ടില്ല.


### പെൺകുട്ടികളുടെയും വികലാംഗരുടെയും വിദ്യാഭ്യാസം

കേരളം ഇക്കാര്യത്തിൽ മുന്നിലാണെങ്കിലും അഖിലേന്ത്യാതലത്തിൽ പെൺകുട്ടികൾ വിദ്യാഭ്യാസത്തിൽ പിന്നോക്കമാണ്. പല രക്ഷിതാക്കളും പെൺകുട്ടികളെ കൂടുതൽ പഠിപ്പിക്കാൻ തയ്യാറാകുന്നില്ല. "ഒരു പുരുഷൻ പഠിച്ചാൽ ഒരു വ്യക്തി പഠിക്കുന്നു. എന്നാൽ ഒരു സ്ത്രീ പഠിച്ചാൽ ഒരു കുടുംബം പഠിക്കുന്നു." മാത്രമല്ല, സ്ത്രീ വിദ്യാഭ്യാസം പുരോഗതി പ്രാപിച്ചാൽ ഇന്നു കാണുന്ന പല സാമൂഹ്യപ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയും. എന്നാൽ പല സ്ഥലങ്ങളിലും പെൺപള്ളിക്കൂടങ്ങളില്ല. അതുപോലെ പഠിക്കാൻ അവസരം ലഭിക്കാത്ത ബഹുലക്ഷം വികലാംഗർ പഠിക്കാനുള്ള സാഹചര്യമില്ലാതെ അജ്ഞതയുടെ ലോകത്ത് കഴിയുകയാണ്.

ഇന്നത്തെ വിദ്യാഭ്യാസ രീതിയുടെ പോരായ്മകളാണ് ഇത്രയും വിവരിച്ചത്. എന്താണിതിനൊരു പരിഹാരം? 21-ാം നൂറ്റാണ്ടിൽ നാം എങ്ങനെയുള്ള വിദ്യാഭ്യാസമാണ് നൽകാൻ ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമായിരിക്കണം, അഖിലേന്ത്യാതലത്തിൽ പത്താം ക്ലാസ് വരെ യാതൊരുവിധ ഫീസും ഈടാക്കാൻ പാടില്ല, ദരിദ്രരായ വിദ്യാർത്ഥികൾക്ക് സൗജന്യമായി ഭക്ഷണവും, അർഹരായവർക്ക് പുസ്തകവും, സ്കൂൾ യൂനിഫോമുകളും സൗജന്യമായി നൽകുക, പട്ടികജാതി -പട്ടിക വർഗ്ഗ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ കാര്യങ്ങൾ പരിഗണിക്കുവാൻ പ്രത്യേക സമിതികളും സംവിധാനവും ഏർപ്പെടുത്തുക (മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് നൽകാൻ സർക്കാർ എടുത്ത തീരുമാനം സ്വാഗതാർഹമാണ്), ഗ്രാമപ്രദേശത്തെ സ്കൂളുകൾ മെച്ചപ്പെടുത്തുക, നല്ല അദ്ധ്യാപകരുടെ സേവനം ഗ്രാമങ്ങളിൽ ലഭ്യമാക്കുക, ആവശ്യമായ സ്ഥലങ്ങളിൽ ഗേൾസ് സ്കൂളുകൾ സ്ഥാപിക്കുക, അന്ധ-മൂക-ബധിര വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ ഓരോ ജില്ലയിലും സ്പെഷ്യൽ വിദ്യാലയങ്ങൾ കൂടുതലായി അനുവദിക്കുക.


ഇതിനുവേണ്ടി അഖിലേന്ത്യാതലത്തിൽ തന്നെ സിലബസും പാഠ്യപദ്ധതിയും ഏകീകരിക്കേണ്ടതുണ്ട്. രണ്ടുതരം




പൗരന്മാരെ സൃഷ്ടിക്കുന്നതിനുപകരം എല്ലാ വിദ്യാർത്ഥികൾക്കും ഒരേ പാഠപുസ്തകങ്ങളും ഒരേ പാഠ്യവസ്തുതയും നൽകുക. ഹൈസ്കൂൾ തലംവരെ മാതൃഭാഷയിലൂടെ പഠനം നടത്തുക. മാതൃഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്നതോടൊപ്പം മറ്റ് ഭാഷകൾക്ക് പ്രത്യേകിച്ച് അറബിക്, ഉർദു, സംസ്കൃതം ഇവയ്ക്ക് മതിയായ പ്രാധാന്യം നൽകുക. എന്നാൽ ഒരു വിദ്യാർത്ഥിയും മാതൃഭാഷ പഠിക്കാതെ കടന്നുപോകാനിടവരരുത്. ഇംഗ്ലീഷിനും ഹിന്ദിക്കും അർഹമായ പ്രാതിനിധ്യം നൽകണം. കുട്ടികളുടെ സാഹിത്യ-കലാവാസനകളെ പരിപോഷിപ്പിക്കാൻ ഭാഷകൾക്ക് കഴിയേണ്ടതാണ്.

തൊഴിൽ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകണം. "ദൈവം ഭാരതീയൻെറ മുമ്പിൽ അവതരിക്കുകയാണെങ്കിൽ അത് അപ്പക്കഷ്ണത്തിൻെറ രൂപത്തിലായിരിക്കണം" എന്ന ഗാന്ധിജിയുടെ അഭിപ്രായം യഥാർത്ഥ

**ദേശീയ വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കനുസൃതമായി ഒരു നൂതന വിദ്യാഭ്യാസ നയത്തിന് രൂപം കൊടുക്കുകയും, അതിനനുസൃതമായി ഒരു നല്ല വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുകയെന്ന മഹത്തായ പ്രക്രിയയിൽ ഏർപ്പെടുകയെന്നതാവട്ടെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വിദ്യാഭ്യാസ ലക്ഷ്യം.**



ത്തിൽ തൊഴിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ ഉദ്ദേശിച്ചുകൊണ്ടാണ്.

പ്രൈമറിതലം മുതൽ കുട്ടികൾക്ക് തൊഴിലിനോട് ആഭിമുഖ്യം വളർത്തണം. ഭാവി ജീവിതത്തിനുതകുന്നവിധം തൊഴിൽ പരിശീലനം നൽകേണ്ടതാണ്. സെക്കന്ററി തലത്തിൽ ആകെ പീരിയേഡുകളിൽ 15% S.U.P.W. (Socially Useful Productive work) -ന് നീക്കിവയ്ക്കണം.

ആധുനികരണത്തിനനുസൃതമായ വിദ്യാഭ്യാസ സമ്പ്രദായം രൂപീകരിക്കണം. ശാസ്ത്ര-സാങ്കേതിക പുരോഗതിയുടെ ഫലമായി മൗലികവും വിപ്ലവാത്മകവുമായ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. വിജ്ഞാന സ്ഫോടനം, സാമൂഹ്യ പരിവർത്തനം, മാനവിക മൂല്യ വികസനം എന്നീ മൂന്നു കാര്യങ്ങളാണ് ആധുനീകരണം കൊണ്ട് നേടേണ്ടത്. കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി, ഹൈസ്കൂൾ തലം മുതലെങ്കിലും അതാരംഭിക്കേണ്ടതാണ്. വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും, ശാസ്ത്രീയ വീക്ഷണം വളർത്തുന്നതിനും കമ്പ്യൂട്ടർ സഹായകമാണ്. റേഡിയോ, ടെലിവിഷൻ, കമ്പ്യൂട്ടർ എന്നിവയുടെ പ്രചാരണം മൂലം ഭൂഖണ്ഡങ്ങൾ തമ്മിൽ പരസ്പരം അടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇവയെ ഫലപ്രദമായി വിദ്യാഭ്യാസത്തിൽ ഉപയോഗിക്കാൻ കഴിയേണ്ടതാണ്. ആധുനീകരണത്തിന്റെ (Modernisation) സ്വാധീനമേൽക്കാത്ത യാതൊന്നും വിദ്യാഭ്യാസ രംഗത്തില്ല. Programing of instructions, Audio visual technology, Personali sed system of instruction, Team teaching, Micro teaching, Tele-lecture തുടങ്ങി വിദ്യാഭ്യാസ മണ്ഡലത്തിൽ ആധുനിക പ്രവണതകൾ ഉൾക്കൊണ്ട് ഒരു പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കണം.

വിദ്യാർത്ഥി വിദ്യാഭ്യാസത്തിന്റെ കേന്ദ്ര ബിന്ദുവായിത്തീരണം. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അറിവ് ആർജ്ജിച്ചെടുക്കാൻ അവന് കഴിയണം. അദ്ധ്യാപകൻ ഒരു സുഹൃത്തും വഴികാട്ടിയുമായിരിക്കണം. നിത്യജീവിതവുമായി ബന്ധപ്പെടുന്ന ഗണിതപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ വിദ്യാർത്ഥിക്ക് കഴിയണം. അല്ലാതെ കുറെ സൂത്രവാക്യങ്ങൾ പഠിച്ചത് കൊണ്ടായില്ല.. ദൈനംദിനജീവിതവുമായി ബന്ധപ്പെടുന്ന വസ്തുതകളിലൂടെ വിദ്യാർത്ഥി ശാസ്ത്രവും ഗണിതവും അഭ്യസിക്കണം. ഇംഗ്ലീഷ് പാഠങ്ങൾ പാട്ടുകളും കഥകളുംകൊണ്ട് സമ്പുഷ്ടമാകണം. ഗ്രാമർ ശരിയായ രീതിയിൽ പഠിപ്പിക്കാനായി യോജിച്ച പഠനാനുഭവങ്ങൾ നൽകണം. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

മാനുഷിക മൂല്യങ്ങൾക്ക് പഠനത്തിൽ പ്രാമുഖ്യം ഉണ്ടായിരിക്കേണ്ടതാണ്. സ്വഭാവശുദ്ധി വളർത്താനും അച്ചടക്കം ഉണ്ടാക്കാനും ഇത് സഹായിക്കും. ഒരു മതത്തോടും വിദ്വേഷം പുലർത്താത്ത, എന്നാൽ എല്ലാ പ്രധാന മതങ്ങളുടെയും ആദർശങ്ങൾ ഉൾക്കൊള്ളുന്ന പാഠപുസ്തകങ്ങൾ അവധാനപൂർവ്വം തയ്യാറാക്കേണ്ടതാണ്.

ചരിത്ര പഠനങ്ങൾക്ക് പ്രമുഖസ്ഥാനം നൽകണം. വ്യക്തിയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങളെയും അഭിലാഷങ്ങളെയും അംഗീകരിക്കുന്ന പാഠ്യപദ്ധതിയായിരിക്കണം. മതനിരപേക്ഷത, ദേശീയോദ്ഗ്രഥനം, അന്താരാഷ്ട്ര ധാരണ, നീതിബോധം, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവ പോഷിപ്പിക്കാനുതകുന്നതായിരിക്കണം ഇത്. നാനാത്വത്തിൽ ഏകത്വം ദർശിക്കുന്ന ഒരു ജനതയാണ് ഇതിന്റെയെല്ലാം ലക്ഷ്യം.

ആരോഗ്യവിദ്യാഭ്യാസത്തിനും ലൈംഗിക വിദ്യാഭ്യാസത്തിനും പാഠ്യപദ്ധതിയിൽ പ്രാമുഖ്യം നൽകണം. ശാന്ത

(ശേഷം പേജ് 42-ൽ)





# ആദിവാസികളും കുറെ അപ്രിയ സത്യങ്ങളും

**ഇന്നു കേരളത്തിൽ ഏറ്റവുമധികം കഷ്ടപ്പെടുന്ന ജനവിഭാഗം ആദിവാസികളാണ്. ആദിവാസികളിൽ ഏറ്റവും അടിത്തട്ടിൽ ജീവിക്കുന്നവർ പണിയരാണ്. പണിയരിൽ ഏറ്റവുമധികം നരകിക്കുന്നവർ ആറളത്തെ ആയിരക്കണക്കിലുള്ള ആദിവാസികളും. അവർ എന്തുകൊണ്ടു നരകിക്കുന്നു എന്നതിൻെറ ചരിത്രം മാത്രം പരിശോധിക്കുകയാണെങ്കിൽ നമുക്കു പൊതുവിൽ കേരളത്തിലെ ആദിവാസികളുടെ ദുരവസ്ഥയുടെ രഹസ്യം എന്താണെന്നു മനസ്സിലാക്കാൻ കഴിഞ്ഞേക്കും**

കേരളത്തിലെ മൂന്നുലക്ഷം ആദിവാസികളിൽ മുക്കാൽ ലക്ഷം വരുന്ന പണിയർ ഇന്നും സമൂഹത്തിൻെറ അടിത്തട്ടിൽ നരകിക്കുന്നവരാണ്. അജ്ഞതയുടെയും അടിമത്തത്തിൻെറയും നൂറുകൂട്ടം അവശതകളുടെയും അടിത്തട്ടിൽ, കേരളത്തിലെ യഥാർത്ഥമായ ആദിവാസി പ്രശ്നം ഈ മുക്കാൽ ലക്ഷം വരുന്ന, രൂപത്തിലും ഭാവത്തിലും നീഗ്രോകളെ ഓർമ്മിപ്പിക്കുന്ന, നീഗ്രോ വംശജരുടെ പ്രശ്നമാണെന്നു പറഞ്ഞാലും തെറ്റില്ല.

'കേരളത്തിലെ ആഫ്രിക്ക'യുടെ പേരിലുണ്ടായ കുഴപ്പം പ്രധാനമായും പണിയരുടെ അടിമത്തത്തിൻെറ പേരിലുള്ളതായിരുന്നു. വയനാട്ടിലെ പണിയരെ-



ഭീതിയിലാണ്ട ഒരു ആദിവാസി കുടുംബം കുടിലിനു മുമ്പിൽ.



Magenta



പോലുള്ളവർ വൻകിട ഭൂവുടമകളുടെ കീഴിൽ അടിമകളായി നരകിക്കുന്നു എന്ന സത്യം 1963-ൽ 'കേരളത്തിലെ ആഫ്രിക്ക'യിലൂടെ വിളിച്ചുപറഞ്ഞു എന്നതായിരുന്നു ഞാൻ ചെയ്ത തെറ്റ്. പുസ്തകം കണ്ടുകെട്ടാനും ഉദ്യോഗസ്ഥനായിരുന്ന എന്നെ 'ഡിസ്മിസ്' ചെയ്യാനുമായിരുന്നു ഗവർമ്മെണ്ടു നീക്കം. പ്രത്യേകമായ ചില സാഹചര്യങ്ങളിൽ (വിവരിക്കുന്നില്ല) ഞാൻ ഒടുവിൽ രക്ഷപ്പെട്ടെങ്കിലും ഞാൻ വിളിച്ചു പറഞ്ഞ സത്യം അപ്പോഴും അംഗീകരിക്കപ്പെട്ടിരുന്നില്ല. ആ സത്യം അംഗീകരിക്കപ്പെട്ടത് 1975-ൽ അടിയന്തരാവസ്ഥയിൽ മാത്രമായിരുന്നു. അടിയന്തരാവസ്ഥക്കു ദോഷങ്ങൾ പലതുണ്ടായിരുന്നെങ്കിലും, ആദിവാസികൾ ഏറ്റവുമധികം ശ്രദ്ധിക്കപ്പെട്ട കാലമായിരുന്നു അതെന്നു സമ്മതിക്കണം.

**ആറളം എന്ന 'പണിയരുടെ നരകം'**

ഇന്നു കേരളത്തിൽ ഏറ്റവുമധികം കഷ്ടപ്പെടുന്ന ജനവിഭാഗം ആദിവാസികളാണ്. ആദിവാസികളിൽ ഏറ്റവും അടിത്തട്ടിൽ ജീവിക്കുന്നവർ പണിയരാണ്. പണിയരിൽ ഏറ്റവുമധികം നരകിക്കുന്നവർ ആറളത്തെ ആയിരക്കണക്കിലുള്ള ആദിവാസികളും. അവർ എന്തുകൊണ്ടു നരകിക്കുന്നു എന്നതിൻെറ ചരിത്രം മാത്രം പരിശോധിക്കുകയാണെങ്കിൽ നമുക്കു പൊതുവിൽ കേരളത്തിലെ ആദിവാസികളുടെ ദുരവസ്ഥയുടെ രഹസ്യം എന്താണെന്നു മനസ്സിലാക്കാൻ കഴിഞ്ഞേക്കും.

1971-ൽ സ്വകാര്യ വനദേശസാൽക്കരണനിയമം നടപ്പിലാക്കുന്നതിനു

**കെ. പാനൂർ**



തൊട്ടുമുമ്പെ ആറളത്ത് കുഞ്ഞിമ്മായൻ ഹാജി എന്നു പേരായ ഒരു കാട്ടുരാജാവിൻെറ അധീനതയിലായിരുന്ന വനത്തിൽ 12,000 ഏക്ര അകചയർ ചെയ്തുകൊണ്ട് സെൻട്രൽ ആറളം ഫാം ആരംഭിക്കപ്പെട്ടു. ഈ ഭൂവിഭാഗത്ത് ഹാജിയുടെ മരംവെട്ടുകാരായും ആനക്കാരായും കാവൽക്കാരായും ജോലിനോക്കി പുലരുകയായിരുന്ന പണിയരെയെല്ലാം എവിടേക്കെന്നില്ലാതെ ആട്ടിയോടിച്ചുകൊണ്ടായിരുന്നു പദ്ധതി ആരംഭിച്ചത്. അവരുടെ കുടിലുകൾ മാത്രമല്ല ചിലർക്കു ഹാജി കനിഞ്ഞു നിർമ്മിച്ചുകൊടുത്ത കൊച്ചുവീടുകളും ബുൾഡോസർകൊണ്ട് നിരപ്പാക്കി എന്നറിയാൻ കഴിഞ്ഞു. ഈ ഭൂമിമേലോ വീടുകളിന്മേലോ എന്തെങ്കിലും അവകാശം ഉള്ളതായി തെളിയിക്കാൻ ഒരു രേഖയും കയ്യിലില്ലാത്ത പണിയർക്കു ഒരു നഷ്ടപരിഹാരവും ലഭിച്ചില്ല. അവർക്കുണ്ടായിരുന്ന തൊഴിൽ സൗകര്യം മാത്രമല്ല മറ്റെല്ലാ ജീവിതസൗകര്യങ്ങളും നഷ്ടപ്പെട്ടു എന്നർത്ഥം. അവർ വഴി വാസികളായി, പാറക്കെട്ടുകളിലേക്കും പുഴ പുറമ്പോക്കുകളിലേക്കും മറ്റു ആർക്കും വേണ്ടാത്ത ഭൂമികളിലേക്കു തുരത്തപ്പെട്ടു. ജോലിയില്ലാതെ കൂലിയില്ലാതെ ഭക്ഷണം ലഭിക്കാതെ പട്ടിണികിടന്നു രോഗികളായി നരകിക്കാൻ തുടങ്ങി.



1975 ഒടുവിൽ പുതുതായി രൂപീകരിക്കപ്പെട്ട ട്രൈബൽ വെൽഫേർ ഡിപ്പാർട്ടുമെണ്ടിൽ വീണ്ടും ഡെപ്യൂട്ടേഷനിൽ ആദിവാസി രംഗത്തെത്തിച്ചേർന്നപ്പോൾ ആദ്യം തന്നെ എന്നെ അഭിമുഖീകരിച്ച പ്രശ്നം ആറളത്തെ പണിയരുടെ പട്ടിണി മരണം സംബന്ധിച്ച പത്രവാർത്തയായിരുന്നു. 36 സെൻറു പാറ സ്ഥലത്ത് 26 പണിയ കുടുംബങ്ങൾ നല്ല കുടിവെള്ളം പോലും ലഭിക്കാതെ വൃത്തിഹീനമായ സാഹചര്യങ്ങളിൽ ജീവിച്ചു കുഷ്ഠരോഗികളായി മാറിയ ചിത്രം എനിക്കവിടെ കാണാൻ കഴിഞ്ഞു. അവരിൽ കുറച്ചുപേർ മരിക്കുകയും ചെയ്തു.


അതേസമയത്ത് കേന്ദ്ര-സ്റ്റേറ്റു ഗവർമ്മെണ്ടുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച കൃഷിഫാമിൽ ധാരാളം പേർ ജോലിക്കാരായി നിയമിക്കപ്പെട്ടു. അങ്ങനെ നിയമിക്കപ്പെട്ടവരെല്ലാം പാല, മൂവാറ്റുപുഴ ഭാഗങ്ങളിൽനിന്നു അന്നു അധികാരത്തിലുണ്ടായിരുന്ന മന്ത്രിമാരുടെയും എം.എൽ.എ.മാരുടെയും എം.പി.മാരുടെയും ശിപാർശക്കത്തുകളുമായി വന്ന ഭാഗ്യവാന്മാർ മാത്രമായിരുന്നു. ആ കൃഷി ഫാം കാരണം ജോലിയും മറ്റു ജീവിതസൗകര്യങ്ങളും നഷ്ടപ്പെട്ട പണിയരിലാരും അവിടെ സ്വീകരിക്കപ്പെട്ടില്ല. ഒടുവിൽ 1976-ൽ ഞങ്ങളെപ്പോലുള്ളവ

രുടെ നിർബന്ധത്തിനു വഴങ്ങിയെങ്കിലും 82 പണിയർ ഫാം തൊഴിലാളികളായി നിയമിക്കപ്പെട്ടു. അത്രമാത്രം. അവശേഷിക്കുന്നവരുടെ പ്രശ്നത്തിനു പരിഹാരം എങ്ങനെ? ഒന്നാലോചിച്ചുനോക്കൂ, നമ്മുടെ ഗവർമ്മെണ്ടിനു ഭാവനയുണ്ടായിരുന്നെങ്കിൽ അൽപ്പം ദീർഘദർശനം ചെയ്യാനുള്ള കഴിവുണ്ടായിരുന്നെങ്കിൽ പാവങ്ങളായ ആദിവാസികളുടെ പേരിൽ ആത്മാർത്ഥമായ താൽപര്യമുണ്ടായിരുന്നെങ്കിൽ ആദിവാസികളല്ലാത്തവരുടെ താൽപര്യങ്ങൾ അവരെ വഴിപിഴപ്പിച്ചിരുന്നില്ലെങ്കിൽ ആറളം പ്രദേശത്തെ ആയിരക്കണക്കിലുള്ള പണിയരുടെ പ്രശ്നങ്ങൾ ആറളം ഫാം കൊണ്ടുതന്നെ ശാശ്വതമായി പരിഹരിക്കാൻ കഴിയുമായിരുന്നില്ലേ? ഇന്നത്തെപ്പോലെ ആറളം പണിയരുടെ നരകമായി മാറുമായിരുന്നോ?

### കൂട്ടുകൃഷിഫാമുകളുടെ പ്രസക്തി

അടിമത്തൊഴിലാളികളായ ആദിവാസികളെ കണ്ടെത്താനും കുടിയിരുത്താനുമുള്ള ലക്ഷ്യത്തോടെ മുന്നേറുകയായിരുന്ന അടിയന്തരാവസ്ഥയിലും ഗവർമ്മെണ്ടിലെ നിക്ഷിപ്ത താൽപര്യക്കാർ ഇതേ തെറ്റു ആവർത്തിക്കാൻ ശ്രമിക്കുകയുണ്ടായി. വയനാട്ടിൽ ദേശസാൽക്കരിച്ച ചില സ്വകാര്യവനങ്ങളിൽപ്പെട്ട 3,500 ഏക്ര ഉപയോഗപ്പെടുത്തിക്കൊണ്ടു 4 കോടി ചെലവിൽ ഒരു പശ്ചിമഘട്ട വികസനപദ്ധതി ആവിഷ്ക്കരിക്കാൻ 1976 -ൽ കോഴിക്കോടു കലക്ടറേറ്റിൽ ഗവർമ്മെണ്ട് ചീഫ് സെക്രട്ടറി ഒരു യോഗം വിളിച്ചുകൂട്ടി. ഗവർമ്മെണ്ടിന്റെ കയ്യിലെത്തിച്ചേർന്ന സ്വകാര്യവനങ്ങളാണെങ്കിൽ നിയമപ്രകാരം 85 ശതമാനവും ആദിവാസികളെപ്പോലുള്ള ഭൂരഹിതർക്കുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതുമാണ്. എന്നിട്ടും വിദഗ്ദ്ധന്മാർ തയ്യാറാക്കിയതും അന്നവിടെ സർക്കുലേറ്റ് ചെയ്യപ്പെട്ടതുമായ കരടുപദ്ധതി, പശ്ചിമഘട്ടം വികസിപ്പിക്കാനുള്ള ഒരു പദ്ധതി മാത്രമായിരുന്നു. ആദിവാസികളുടെ വികസനം അതിൽ പരാമർശിക്കപ്പെട്ടതേയില്ല എന്നു കണ്ട് എനിക്കു ദുഃഖം തോന്നി.

"പശ്ചിമഘട്ടം വികസിപ്പിക്കാനുള്ള ഈ പദ്ധതിപ്രകാരം കുടിയിരുത്താൻ 750 ആദിവാസി കുടുംബങ്ങളെ തെരഞ്ഞെടുക്കുകയാണെങ്കിൽ അത്രകണ്ട് അടിമകളെ പുനരധിവസിപ്പിക്കാനും



ലേഖകൻ ആദിവാസികളുടെ കൂടെ
**വര**: ശെൽവരാജ് മേലൂർ

കഴിയുമല്ലൊ."

ഞാൻ ചീഫ് സെക്രട്ടറിയുടെ അന്തസ്സിനു ഭംഗം വരുത്താതെ എളിയ സ്വരത്തിൽ ഒരു സംശയം ഉന്നയിച്ചു. പെട്ടെന്നുതന്നെ ഉത്തരം കിട്ടി.

"ഇത് ഒരു വലിയ കാർഷിക പദ്ധതിയാണ്. ആദിവാസികൾക്കൊന്നും ഇത് വിജയിപ്പിക്കാനാവുകയില്ല. അവർക്ക് കൃഷിയെപ്പറ്റി എന്തറിയാം!"

കൃഷിയെപ്പറ്റി എന്തെങ്കിലും അറിയാമോ എന്നു അന്വേഷിക്കുകയായിരുന്നില്ല, ഒന്നുമറിഞ്ഞുകൂടെന്നു സമർത്ഥിക്കുകയായിരുന്നു ചീഫ് സെക്രട്ടറി. കൂടുതൽ ഭവ്യതകലർന്ന സ്വരത്തിൽ ഞാനുണർത്തിച്ചു.

"സ്വന്തം സ്ഥലത്തല്ലെങ്കിലും വയനാട്ടിൽ ആരാന്റെ സ്ഥലത്തെ കൃഷിപ്പണികളെല്ലാം നടത്തുന്നത് ആദിവാസികൾ തന്നെയാണ്."

അപ്പോൾ എന്റെ മേലധികാരിക്കു മറ്റൊരു സംശയമാണുണ്ടായത്.

"ഇവിടെ 750 കുടുംബങ്ങളെയാണ് കുടിയിരുത്തേണ്ടത്. അത്രയധികം ആദിവാസികുടുംബങ്ങളുണ്ടോ വയനാട്ടിൽ?"

ഗവർമ്മെണ്ട് തലപ്പത്തുകണ്ട ആദിവാസികളെക്കുറിച്ചുള്ള അജ്ഞത എനിക്കു പുതുതായിരുന്നില്ല.

"ഇവിടെ 750 അല്ല, 7500 അടിമത്തൊഴിലാളികളായ ഭൂരഹിത ആദിവാസി കുടുംബങ്ങളെങ്കിലുമുണ്ട്."

"ഓഹോ! എങ്കിൽ ഒരു കാര്യം ചെയ്യൂ. മറ്റൊരു പദ്ധതി തയ്യാറാക്കി എന്റെ പേർക്ക് അയക്കൂ... ഞാൻ പരിഗണിക്കാം. ഈ പദ്ധതി ഇങ്ങനെ തന്നെ പശ്ചിമഘട്ട വികസനം തന്നെയായി നടക്കട്ടെ."

അദ്ദേഹം വഴങ്ങിയില്ല. ഭാഗ്യവശാൽ അന്ന് ട്രൈബൽ ഡയറക്ടർ ആയിരുന്ന ടി. മാധവമേനോൻ (മുൻ കാർഷിക സർവകലാശാലാ വൈസ് ചാൻസലർ) ആദിവാസി പ്രശ്നങ്ങളിൽ ആത്മാർത്ഥമായ സഹാനുഭൂതിയുള്ള ഒരാളായിരുന്നു. ഇതേപ്പറ്റി അന്നുതന്നെ ഞാൻ ഡയരക്ടർക്കെഴുതിയയച്ച കത്ത് കാറ്റു മാറിവീശാൻ ഇടയാക്കി. അങ്ങനെ 750 ആദിവാസികുടുംബങ്ങൾക്കെങ്കിലും താമസസൗകര്യത്തിനു പുറമെ തൊഴിൽ സൗകര്യവും ചികിത്സാസൗകര്യവും വിദ്യാഭ്യാസസൗകര്യവും കോ-ഓപ്പറേറ്റീവ് സ്റ്റോറും അങ്കൺവാടിയും മറ്റും. ഒരേസമയത്ത് ഒരേ രംഗത്ത് ആരംഭിക്കാനുപകരിച്ച സുഗന്ധഗിരി ഏലത്തോട്ടം എന്ന കൂട്ടുകൃഷിസഹകരണസംഘം, കഴിഞ്ഞ അമ്പതുകൊല്ലങ്ങൾക്കിടയിൽ കേരളത്തിൽ ആരംഭിക്കപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ആദിവാസിപദ്ധതി നിലവിൽ വരാൻ നിർണ്ണായകമായ നിമിഷങ്ങളിൽ എളിയ പങ്കുവഹിക്കാൻ കഴിഞ്ഞു എന്നു ജീവിതാവസാനകാലംവരെ ഞാൻ അഭിമാനിക്കും. കൃഷി സഹകരണാടിസ്ഥാനത്തിലായതുകൊണ്ട് ഭൂമി അന്യാധീനപ്പെടുകയില്ല എന്നത് ഈ സംവിധാനത്തിന്റെ പ്രത്യേകമായ മെച്ചമാണെന്നുകൂടി വ്യക്തമാക്കട്ടെ.

ഇങ്ങനെ കൃഷിയോഗ്യമായ നിക്ഷിപ്ത വനഭൂമികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധഭാഗങ്ങളിൽ കുറേ കൂട്ടുകൃഷി ഫാമുകൾ ഉണ്ടാവുന്നുവെങ്കിൽ മാത്രമേ അടിമ തൊഴിലാളികളായ ആദിവാസികളുടെ സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾക്കു സമഗ്രമായ പരിഹാരം കാണാനാവുകയുള്ളു എന്ന അഭിപ്രായക്കാരനാണ് ഞാൻ. വയനാടിനു മാത്രമായി പന്ത്രണ്ടോളം പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. 1980-ൽ പാസ്സായ കേന്ദ്ര വനസംരക്ഷണ നിയമത്തിലെ വകുപ്പനുസരിച്ചു വനംവനത്തിന്റേതല്ലാത്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതിയില്ലെന്ന ന്യായത്തിൽ എല്ലാം ഉപേക്ഷിക്കപ്പെട്ടു. ഇവിടെയും പ്രശ്നമായിട്ടുള്ളത് സഹതാപശൂന്യമായ ഉദ്യോഗസ്ഥന്മാരുടെ ദുർവ്യാഖ്യാനം മാത്രമാണെന്നു കാണാം. സുഗന്ധഗിരി പദ്ധതിയുടെ കാര്യത്തിൽ ചെയ്ത



തുപോലെ വനം വനമായി നിലനിർത്തിക്കൊണ്ടു പദ്ധതികൾ നടപ്പിലാക്കാവുന്നതേയുള്ളൂ. വനത്തിൽ നൂറ്റാണ്ടുകളായി ജീവിക്കുന്ന ആദിവാസികളുടെ ആവശ്യവും വനത്തിൻെറ ആവശ്യമായി വ്യാഖ്യാനിക്കാനും കഴിയേണ്ടതായിരുന്നു. ഈ ദുർവ്യാഖ്യാനം മൂലം വനത്തിൽ കഴിയുന്ന ആദിവാസികൾക്കുവേണ്ടി ഒരു വികസനപദ്ധതിയും നടപ്പിലാക്കാൻ പറ്റാത്ത ഒരു സ്ഥിതി ഉണ്ടായിട്ടുണ്ട്. ശരിക്കും വികസന സ്തംഭനം തന്നെ. കേന്ദ്ര-സ്റ്റേറ്റ് ഗവർമ്മെണ്ടുകളുടെ അടിയന്തര ശ്രദ്ധ പതിയേണ്ട ഒരു ദുരവസ്ഥയാണ് ഇതെന്നു ചൂണ്ടിക്കാണിക്കട്ടെ.

### അന്യാധീനപ്പെട്ട ഒരു നിയമത്തിൻെറ കഥ

ഭാരതത്തിൽ ആദിവാസികളൊഴികെ മറ്റെല്ലാവരും യഥാർത്ഥത്തിൽ വിദേശികളാണ് എന്നു ചിന്തിച്ച ഡോക്ടർ വെരിയർ എൽവിനും ആദിവാസികൾക്കു ഭൂമിയിന്മേലും വനത്തിന്മേലുമുള്ള അവകാശം അംഗീകരിക്കാൻ നമുക്കു കഴിയണം എന്നു വളരെ മുമ്പെ തന്നെ നിർദ്ദേശിച്ച പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും എല്ലാത്തരം ചൂഷണങ്ങളിൽനിന്നും ആദിവാസികൾക്കു സംരക്ഷണം നൽകുമെന്നു ഭരണഘടനയിൽ എഴുതിവെച്ച ഡോക്ടർ അംബേദ്കറും ആഗ്രഹിച്ചതനുസരിച്ചു രൂപംകൊണ്ട ധേബർ കമ്മീഷൻ 1960-ൽ ശിപാർശ ചെയ്തത് 1950 ജനുവരി 26-നുശേഷം, അതായത് ഇന്ത്യൻ റിപ്പബ്ലിക് നിലവിൽ വന്ന തീയതിക്കുശേഷം ആദിവാസികൾക്കു അന്യാധീനപ്പെട്ടുപോയ ഭൂമിയെല്ലാം അവർക്കു തിരിച്ചുനൽകണം എന്നായിരുന്നു. പക്ഷേ, 1975-ൽ മാത്രം കേരളം പാസ്സാക്കിയ നിയമപ്രകാരം 1960-നുശേഷം അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകണം എന്നായിരുന്നു. ആ നിയമപ്രകാരം 1975-നുശേഷം ആദിവാസി ഭൂമി അധീനപ്പെടുത്തുന്നത് ഒരു കൊല്ലം കഠിനതടവും 2,000 ക. പിഴയും നൽകാവുന്ന കുറ്റമായി പ്രഖ്യാപിക്കപ്പെട്ടിരുന്നു. 1975-നു ശേഷം അധീനപ്പെടുത്തുന്ന ഭൂമി യാതൊരു നഷ്ടപരിഹാരവും വാങ്ങാതെ തിരിച്ചുനൽകേണ്ടിവരും എന്നും വിധിച്ചിരുന്നു. ആ നിയമം ഭരണഘടനയുടെ ഒമ്പതാംപട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടു. ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലെന്നു അർത്ഥം. എന്നാൽ ആരും കോടതിയിൽ ചോദ്യം ചെയ്യേണ്ടിവന്നില്ല. കള്ളൻ കപ്പലിൽ തന്നെ കയറിക്കൂടിയതുമൂലം നിയമം നടപ്പിലായില്ല. ഏറെ പ്രതിഷേധാർഹമായ കാര്യം ഈ നിയമത്തെ ധിക്കരിച്ചുകൊണ്ടു കുടിയേറ്റക്കാർ ആദിവാസി ഭൂമി ആധാരപ്രകാരം തന്നെ കൂടുതൽ കൂടുതൽ അധീനപ്പെടുത്തുന്ന പരിപാടി നിർബാധം തകൃതിയായി തുടരുകയായിരുന്നു. ഇക്കാലമത്രയും ഗവർമ്മെണ്ട് ഈ കാഴ്ച കയ്യുംകെട്ടി നോക്കിയിരിക്കുകയുമായിരുന്നു എന്നതാണ്.


22 കൊല്ലങ്ങളായി ഇങ്ങനെയൊരു നിയമം നടപ്പിലാവാതെ തൃശങ്കുസ്വർഗ്ഗത്തിലായിരുന്നു. മറ്റെന്തിനെപ്പറ്റിയും പ്രതികരിക്കാൻ തിടുക്കവും മിടുക്കും കാണിക്കുന്ന നമ്മുടെ കക്ഷി നേതാക്കന്മാർക്ക് 22 കൊല്ലങ്ങളായി ഈ നിയമത്തിനു അനുകൂലമായോ പ്രതികൂലമായോ ഒന്നും പ്രതികരിക്കാതെ മൗനംപാലിക്കാൻ കഴിഞ്ഞു എന്നത് അത്ഭുതകരമായി തോന്നുന്നു. ഒടുവിലിപ്പോൾ ഭരണപക്ഷവും പ്രതിപക്ഷവും യോജിച്ചുകൊണ്ട് (കെ.ആർ. ഗൗരിയമ്മ ഒഴികെ) 1996-ൽ ആദിവാസി ഭൂസംരക്ഷണനിയമം കുടിയേറ്റ ഭൂമി സംരക്ഷണ നിയമമായി ഭേദഗതി ചെയ്തിരിക്കുകയാണ്. 1986-വരെ നടന്ന ഭൂമി കയ്യേറ്റങ്ങളും നിയമ

**ദൂരദർശനം** — **എം.വി. ജയരാജ്**



ത്തെ ധിക്കരിച്ചുകൊണ്ടുള്ള കൈമാറ്റങ്ങളുമെല്ലാം അംഗീകരിച്ചുകൊണ്ട് കുടിയേറ്റക്കാർ ആദിവാസി ഭൂമി ഒരു സെൻറുപോലും തിരിച്ചുനൽകേണ്ടതില്ലെന്നും ആദിവാസികൾക്കുപകരം ഭൂമി ഗവർമ്മെണ്ട് നൽകിക്കൊള്ളാമെന്നും സമ്മതിച്ചുകൊണ്ട് ഗവർമ്മെണ്ട് ശക്തരും സംഘടിതരുമായ, കുടിയിറക്കിയാൽ ഇവിടെ ചോരപ്പുഴയൊഴുക്കും എന്നു ഭീഷണിപ്പെടുത്തുകയായിരുന്ന, കുടിയേറ്റക്കാരുടെ മുമ്പാകെ മുട്ടുകുത്തുകയും, പാവങ്ങളായ ആദിവാസികളെ വഞ്ചിക്കുകയും ചെയ്തിരിക്കുകയാണെന്നു വ്യക്തം.

ഒരു തീരുമാനം എടുക്കേണ്ടിവരുമ്പോൾ ഏറ്റവും പാവപ്പെട്ട മനുഷ്യൻെറ മുഖം മുന്നിൽ കാണുക, എങ്കിൽ നിങ്ങളെടുക്കുന്ന തീരുമാനം ഒരിക്കലും പിഴക്കുകയില്ല എന്നുപദേശിച്ച ഗാന്ധിജി എവിടെ? ഇവിടെ ചോരപ്പുഴയൊഴുക്കും എന്നു ഭീഷണിപ്പെടുത്തുന്ന കയ്യേറ്റക്കാരൻെറ മുഖം കൺമുന്നിൽ കണ്ടുകൊണ്ട് അലട്ടില്ലാതെ അധികാരത്തിൽ തുടരാൻ കഴിയുന്നതാണ് പ്രധാനമെന്നു കണക്കാക്കിക്കൊണ്ട് പാവങ്ങൾക്കു സംരക്ഷണം നൽകാനുള്ള നിയമം ഭേദഗതി ചെയ്യുകയാണെന്ന വ്യാജേന റദ്ദാക്കിയിരിക്കുകയാണ്. അവർ ബുദ്ധിപൂർവം ശക്തരുടെ ഭാഗത്ത് നിലയുറപ്പിക്കുകയും സൗകര്യപൂർവ്വം ദുർബലരെ അവഗണിക്കുകയും ചെയ്തിരിക്കുകയാണ്. ജനാധിപത്യത്തിൽ അധികാരബോധവും വോട്ടുബോധവും വർദ്ധിച്ചുവരുന്നതിൻെറ തോതിൽ നമ്മുടെ ജനനേതാക്കൾക്കു സാമൂഹികനീതിബോധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്നതിനുള്ള ഏറ്റവും നല്ല തെളിവാണ് ഈ സംഭവം. ആദിവാസി ഭൂമിയിലുണ്ടാവുന്ന കയ്യേറ്റങ്ങളെ നിരുത്സാഹപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സൃഷ്ടിക്കപ്പെട്ട ഒരു നിയമം ഭേദഗതി ചെയ്തിരിക്കുന്നത് മേലിലും കയ്യേറ്റങ്ങളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലായി എന്നത് ഒരു വിരോധാഭാസമാണ്. ഇക്കഴിഞ്ഞ സപ്തംബർ 26-ാം തീയതിയത്തെ ദേശാഭിമാനി പത്രം പ്രാമുഖ്യം നൽകി പ്രസിദ്ധീകരിച്ച വാർത്ത ശ്രദ്ധിക്കൂ. മലയാള മനോരമയുടെ വയനാട് ജില്ലാ ലേഖകൻ ഈ വാദകോലാഹലങ്ങൾക്കിടയിലും 1996-ൽ തിരുനെല്ലി ഭാഗത്തെ ഒരാദിവാസിയുടെ ഒന്നരയേക്രയോളം ഭൂമി അധീനപ്പെടു



**ഇനി സുപ്രീം കോടതി നിർദ്ദേശിച്ചാലും ഞങ്ങളുടെ ഭൂമി തിരിച്ചുലഭിക്കാൻ പോവുന്നില്ലെന്ന് ഞങ്ങൾക്കുറപ്പായി. ഞങ്ങളെപ്പോലുള്ളവർക്കു ജനാധിപത്യത്തിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. ഞങ്ങൾക്കിടയിലെ ചെറുപ്പക്കാർ ഇപ്പോൾ ഒരു സായുധ സമരത്തെക്കുറിച്ചു ചിന്തിച്ചുതുടങ്ങിയിരിക്കുന്നു.**

●●

ത്തിപോൽ. ആൾ ബുദ്ധിമാനാണല്ലോ, അദ്ദേഹം ദീർഘദർശനം ചെയ്യുന്നത് 2006-ലും ഗവർമ്മെണ്ട് മറ്റൊരു ഭേദഗതിയുമായി മുന്നോട്ടുവരുമെന്നും 1996 വരെക്കുള്ള കൈമാറ്റങ്ങളും നിയമവിധേയമാക്കുമെന്നും ആവുമോ? അന്യാധീനപ്പെട്ട ഭൂമി തിരിച്ചുനൽകാനുള്ള നിയമം തന്നെ അന്യാധീനപ്പെട്ടുപോയിരിക്കുന്നു എന്നതാണ് ദു:ഖസത്യം.

### വിശ്വാസം നഷ്ടപ്പെടുന്നു

ഈ നയം പിഴച്ചുപോയിരിക്കുന്നു എന്നു തീർച്ച. ഇപ്പോൾ ശുദ്ധാത്മാക്കളായ ആദിവാസികൾക്കുപോലും നമ്മുടെ ജനാധിപത്യത്തിലും കൊട്ടിഘോഷിക്കപ്പെടുന്ന നിയമങ്ങളുടെ ഭരണത്തിലും വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു എന്നതിനു സൂചനകളുണ്ട്. തീവ്രവികാരങ്ങളുള്ള ഒരാദിവാസിയുവാവിൻെറ പ്രതികരണം ഇതാ ശ്രദ്ധിക്കൂ:

"ഇനി സുപ്രീം കോടതി നിർദ്ദേശിച്ചാലും ഞങ്ങളുടെ ഭൂമി തിരിച്ചുലഭിക്കാൻ പോവുന്നില്ലെന്ന് ഞങ്ങൾക്കുറപ്പായി. ഞങ്ങളെ പോലുള്ളവർക്കു ജനാധിപത്യത്തിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. ഞങ്ങൾക്കിടയിലെ ചെറുപ്പക്കാർ ഇപ്പോൾ ഒരു സായുധസമരത്തെക്കുറിച്ചു ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. ഞങ്ങൾക്കിടയിലും ഇപ്പോൾ പ്രീഡിഗ്രി-ഡിഗ്രി ക്ലാസുകൾവരെ പഠിച്ച ചെറുപ്പക്കാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവർ തൊഴിൽരഹിതരുമാണ്. അവരെല്ലാം തീവ്രവികാരങ്ങളുള്ളവരായാണ് വളരുന്നത്. അടുത്ത ഭാവിയിൽ വയനാട് ഒരു ശ്രീലങ്കയോ അസമോ ആയി മാറുമോ എന്നു ഞാൻ ഭയപ്പെടുന്നു."

ഈ വികാരങ്ങൾ മനസ്സിലാക്കാനും മാനിക്കാനും നമുക്കു കഴിയണം. കുടിയേറ്റക്കാർക്കിടയിലെ പാവങ്ങളെയും സമ്പന്നരെയും വേർതിരിച്ചു കണ്ടുകൊണ്ടുള്ള ഒരു സമീപനം വിജയിക്കും എന്നു അഭിപ്രായപ്പെട്ടുകൊള്ളട്ടെ. പാവങ്ങളായ കുടിയേറ്റക്കാരെ കുടിയിറക്കാതിരിക്കുക, അതേസമയത്ത് ഒരു നിശ്ചിത പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വെക്കുന്ന സമ്പന്നരിൽ നിന്നു ആദിവാസി ഭൂമി തികച്ചും തിരിച്ചുപിടിക്കാൻ അധൈര്യപ്പെടാതിരിക്കുക. എങ്കിൽ മാത്രമേ കുറേ ആദിവാസി കുടുംബങ്ങൾക്കെങ്കിലും അവർ ഇന്നു ജീവിക്കുന്ന ചുറ്റുപാടുകളിൽത്തന്നെ ജീവിതം തുടരാനാവുകയുള്ളൂ. അവശേഷിക്കുന്നവരെ അകലങ്ങളിൽ ആർക്കും വേണ്ടാത്ത ഭൂമി നൽകി വഴിയാധാരമാക്കരുത്. അവർക്കുവേണ്ടി സുഗന്ധഗിരി മാതൃകയിലുള്ള കൃഷി ഫാമുകൾ ആരംഭിച്ചുകൊണ്ടു തൊഴിൽ സൗകര്യങ്ങളുൾപ്പെടെയുള്ള ജീവിതസൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിക്കൊണ്ട് കുടിയിരുത്താനുള്ള ഉത്തരവാദിത്തം ഗവർമ്മെണ്ട് ഏറ്റെടുക്കുക തന്നെ വേണം. എങ്കിൽ മാത്രമേ ഈ വിഭാഗത്തോടും നീതി പ്രവർത്തിച്ചു എന്നു ഗവർമ്മെണ്ടിനു അഭിമാനിക്കാനാവുകയുള്ളൂ. ചരിത്രം മാപ്പു നൽകാത്ത ഒരു കുറ്റം ചെയ്യുന്നതിൽനിന്നു ഗവർമ്മെണ്ട് ഈ വൈകിയ വേളയിലും പിന്തിരിയുക തന്നെ വേണം.

സ്വാതന്ത്ര്യത്തിൻെറ 50-ാം വാർഷികം ആഘോഷിക്കുന്ന നമുക്ക് 1950 ജനുവരി 26 മുതൽ 1997 വരെ ഇക്കഴിഞ്ഞ 47 കൊല്ലക്കാലമായി കുറേ പാവങ്ങൾക്കു നീതി നിഷേധിച്ച ചരിത്രം ഭൂഷണമാണോ? ●

# വേർതിരിവിന്റെ ശബ്ദം

അബ്ദുൾ റഷീദ് കെ., പാണ്ടിക്കാട്

സ്മൃതി ഭൂവിലൊക്കെയും
പാഴ്മഞ്ഞു വീണൊരീ
പതിതൻെറ ശബ്ദം
തിരിച്ചറിയുന്നുവോ?

പുകതിയസത്യവും
പകുതി നേരും ചൊന്ന്
വഴിമാറിപ്പോയത്
കണ്ടുവോ നീ?
മറുവാക്കിലൊക്കെയും
വിണ്ണിൻെറ നീലിച്ച
വിഷലിപ്തമാം കരം
തൊട്ടുവോ നീ?

ഇരുൾ പോക്കും മറനീക്കി
മണ്ണിൻെറ മാറിലെ
വ്യഥിത സ്വർഗ്ഗങ്ങളെ-
ക്കൊന്നുവോ നീ?


കളിമഞ്ഞ[illegible]
കാളിച്ചില്ല പൊട്ടിയും
തരുവിൻെറ രക്തം
കുടിച്ചു[illegible]വോ നീ?

തരുവിനാകാശവും
പുഴതന്നാനന്ദവും
ജനിത ദുഃഖങ്ങളായ്
പേറിയോ നീ?

വരൾകാറ്റ് പെയ്തും
വിഷം ചീറ്റിയാടും
നരകാസ്തമയം
കുറിച്ചുവോ നീ?

[illegible]ഭുവ[illegible]ലൊക്കെയും
മണൽ തീയെരിയിച്ച്
ഗതിമാറിയൊഴുകുന്ന-
തെന്തിനേ നീ?





# ചവിട്ടിക്കുഴച്ച രൂപങ്ങൾ



മുണ്ടൂർ സേതുമാധവൻ

ബസ്സിറങ്ങിയത് പടർന്നുകിടക്കുന്ന ചോരയിലേക്കായിരുന്നു. ഒരു ശവത്തെ കണ്ടതുപോലെ രാഘവൻ എടുത്തുചാടി. വലത്തേ കാലിന്റെ പടമൊന്ന് മടങ്ങിയെങ്കിലും ആശ്വാസം. ചോരപ്പാടിൽ ചവിട്ടാതെ കഴിഞ്ഞു.

നഗരമുഖത്ത് നിലംകുത്തിവീണതിന്റെ ജാള്യത്തോടെ രാഘവൻ ചുറ്റും നോക്കി. ആരും തന്നെ ശ്രദ്ധിക്കുന്നില്ല. ആരും ആരേയും ശ്രദ്ധിക്കുന്നില്ല. ആ അറവിന്റെ ആശ്വാസത്തിൽ അയാൾ എഴുന്നേറ്റു. ഇടത്തെ കൈപ്പടത്തിൽ കുത്തിയമർന്ന ചരൽമണ്ണ് തുടച്ചുകളഞ്ഞു.

ആളിറക്കം കഴിഞ്ഞപ്പോൾ ബസ്സ് നഗരം തുരന്ന് ഊളിയിട്ടു.

ഒരു നിമിഷം അയാൾ പാതയോരത്തെ ചോരപ്പാടിൽത്തന്നെ കണ്ണൂന്നിനിന്നു. നനഞ്ഞു കിടക്കുന്ന മണ്ണ്. അപകടം സംഭവിച്ചിട്ട് അധികനേരമായിട്ടില്ല. ആരാണ് ഇത്രനേരത്തെ മരണംതേടി ഈ നഗരത്തിൽ എത്തിയത്?

ഒരന്തംവിടലിന്റെ തുടർച്ചയെന്നോണം ചുറ്റും നോക്കിയപ്പോഴാണ് രാഘവന് കാര്യങ്ങൾ വ്യക്തമായത്. തൊട്ടപ്പുറത്ത് ചാലിലേക്കിറങ്ങിനിൽക്കുന്ന മുഖം ചതഞ്ഞ ഒരു വാൻ. തൊട്ടടുത്ത് ചവിട്ടിക്കുഴച്ചതുപോലെ രൂപംകെട്ട ഓട്ടോറിക്ഷ.

നഗരഭൂമിയിൽനിന്നും കല്ലിട്ടു വേർപ്പെടുത്തിയ ചോരപ്പാടിലേക്ക് ഒരിയ്ക്കൽക്കൂടി രാഘവൻ നോക്കി. ഈ ചോര ആരുടേതോ ആകട്ടെ. അയാളുടെ മനസ്സ് മൂടിക്കെട്ടി. തന്നെ നഗരത്തിലേക്ക് എതിരേറ്റ ആദ്യകാഴ്ച ഇതാണല്ലോ. ഇത് മനസ്സിൽ ഒരു കല്ലിട്ടിരിക്കുന്നു. എന്തെല്ലാമോ അശുഭചിന്തകൾ ഉള്ളിൽ എരിപൊരികൊള്ളുന്നു.

അല്ലെങ്കിലും താൻ എന്തു തുടങ്ങിയാലും അതിനു മുമ്പിൽ ഒന്നിലധികം തടസ്സങ്ങൾ വന്നുചേരുക പതിവാണ്. ഇന്നത്തെ കാര്യവും അങ്ങനെത്തന്നെയാകുമോ? പാതയിലെ ചാലോരത്തിലൂടെ പതുക്കെ നടക്കവെ രാഘവൻ ചിന്താകുലനായി. എല്ലാം വിചാരിച്ചവിധം ശുഭമാകുന്നുവല്ലോ എന്ന ഭയത്തിലായിരുന്നു ഇതുവരെ. എന്നാലിപ്പോൾ–

നഗരത്തിൽനടന്ന ഒരപകടമല്ലെ. രാഘവൻ അങ്ങനെ സമാധാനിക്കാൻ ശ്രമിച്ചുനോക്കി. തിരക്കേറിയ നിരത്തിൽ ചെറിയൊരു ആക്സിഡന്റ്. ആയിരക്കണക്കിൽ യാത്രക്കാർ. തീപിടിച്ച ശിരസ്സുകൾ. ഇതിന്നിടയിൽ നിസ്സാരമായൊരു.... നഗരം ഉണർന്നെണീറ്റിരുന്ന് ഒരു വിരൽ പൊട്ടിച്ചപോലെ. അതിലെന്തിനാണ് രാഘവാ, നീ വേവലാതികൊള്ളുന്നത്?

പാതയിലെ വൈദ്യുത കമ്പികൾക്കിടയിലൂടെ വെയിൽ തുള്ളിപ്പരക്കുന്നതു നോക്കിയപ്പോൾ ആശ്വാസത്തിന്റെ ഇത്തിരിപ്പൊട്ട് വീണുകിട്ടി. എന്തോ ആകട്ടെ. താനെന്തിന് ഏതോ ചോരപ്പാടിൽ മണംപിടിച്ചു നിൽക്കുന്നു. ഇതിന്നാണോ ഇന്ന് ഓഫീസിൽനിന്ന് ലീവെടുത്തത്? ഈ ദിവസത്തെ മുഴുവൻ ദുഷ്ചിന്തകളിൽ മുക്കിക്കൊല്ലാനാണോ പതിവിലും നേരത്തെ നഗരത്തിലേക്കു പുറപ്പെട്ട


ത്? മുല്ലപ്പൂവിന്റെ സുഗന്ധമുള്ള എന്തെല്ലാം കാര്യങ്ങൾ ആലോചിക്കാൻ തനിക്കുണ്ട്. സത്യം പറഞ്ഞാൽ ഏതാനും നാൾക്കുള്ളിൽ തന്റെ ജീവിതം തന്നെ മാറ്റിമറിക്കപ്പെടാൻ പോകുന്നു. ഇതുവരെ ചുമടേറ്റുകയായിരുന്നുവല്ലോ രാഘവാ നീ. ഈ വരുന്ന ജനുവരി പത്താം തീയതി. മുഹൂർത്തം രാവിലെ പത്ത് പത്തിന്. സത്യത്തിൽ നീ ജീവിക്കാൻ തുടങ്ങുന്നത് ഈ മുഹൂർത്തത്തിലാണ്. ഈ മുഹൂർത്തം തൊട്ട് നിന്റെ ജീവിതം മലയിൽനിന്ന് തുള്ളിച്ചാടിയൊഴുകുന്ന ഒരു ചെറു നീർച്ചാലായി തീരുവാൻ പോകുന്നു.

കാര്യം ഒരായിരം തവണ മനസ്സിലുറപ്പിച്ച ആളാണല്ലൊ താൻ. ഇതിന്റെ വല്ല സൂചനയും അവൾക്കു കിട്ടിക്കാണുമോ?

പാതയുടെ വളവിലൂടെ മരണവിളിയോടെ ഒരു ജീപ്പ് ചീറിപ്പാഞ്ഞെത്തി. അയാൾ തിടുക്കത്തിൽ കുറേക്കൂടി ചാലോരത്തേക്ക് ഒതുങ്ങി. ഹുങ്കാരത്തോടെ ജീപ്പ് മിന്നിമറഞ്ഞപ്പോഴേക്ക് ദേഹമാസകലം വിയർപ്പിൽ മുങ്ങി. ഈശ്വരാ! ഈ കശ്മലന്മാർ എന്തിനാണ് ഭാവം? ഇവർക്കൊന്നും ജീവനിൽ പേടിയില്ലേ?

യാത്രക്കാരന് തിരക്കുണ്ടായിരുന്നു. അതിനാൽ അയാളുടെ കാലുകൾക്കു നീളക്കൂടുതലും ഉണ്ടായിരുന്നു. അയാൾ നടക്കുകയാണെന്ന വ്യാജേന ഓടിയകന്നപ്പോൾ രാഘവന് ആശ്വാസം. സംസാരം മുറിഞ്ഞുവല്ലോ. ഇനി തനിക്ക് സ്വന്തം ചിന്തകളിൽ...

യാത്രക്കാരൻ അകന്നുപോയെങ്കിലും അയാളെറിഞ്ഞ പേര് ഒരു കരിങ്കൽച്ചീ



ജനുവരി പത്ത്. വധു കലാവതി. മനസ്സിലെ ഇളം വെറ്റിലയിൽ വെളിച്ചത്തിന്റെ ഒരല ചുണ്ണാമ്പുതേയ്ക്കുന്നു. എത്ര പെട്ടെന്നാണ് എല്ലാം തീരുമാനിക്കപ്പെട്ടത്. ഈ ബഹളപ്രളയത്തിൽനിന്നും നിഷ്പ്രയാസം ഒരു ലീലാവതിയെ കണ്ടെത്തുക. അതും തനിക്കൊത്തതരത്തിൽ ഒരു പെൺകുട്ടി. നഗരത്തിൽ ജോലി. ചെറിയ കുടുംബം. പഴയ തറവാട്ടുകാർ. അൽപ്പം ഇരുണ്ട്, അൽപ്പം തടിച്ച്... ആളെ കാണുകയും അടുത്തറിയുകയും ചെയ്തപ്പോൾ സന്തോഷം തോന്നി. മേഡ് ഫോർ ഈച്ച് അദർ.

എല്ലാം തീരുമാനിക്കപ്പെട്ടത് പെട്ടെന്നായിരുന്നു. കൂടിക്കാഴ്ച സമയത്തെ സ്വകാര്യതയിൽ ഒറ്റക്കാര്യമേ കലാവതി സൂചിപ്പിച്ചുള്ളൂ. വിവാഹം കഴിഞ്ഞാൽ സിറ്റിയിൽ ഒരു വീടെടുത്ത് താമസിക്കണം. ഈ ബസ്സുയാത്ര മടുത്തു.

അന്നത്ഭുതമാണ് തോന്നിയത്; ഇവൾ ഇത്രവേഗം തന്റെ മനസ്സ് വായിച്ചുവല്ലോ. വിവാഹം കഴിഞ്ഞാൽ ഒരു പുതിയ കുടുംബമായി. പിന്നെ കൂട്ടുകുടുംബം സൈ്വരക്കേടാണ്. തന്റേതായ ഒരു കുടുംബജീവിതം തുടങ്ങണം. ഈ

"നോക്കി നടക്ക്വാ. ഇല്ലെങ്കിൽ ..." പിന്നിൽ വരുന്ന ഏതോ യാത്രക്കാരൻ ക്രോധവും നർമ്മവും കലർന്ന സ്വരത്തിൽ പറഞ്ഞു: "ദാ, അപ്പറത്തെ കാഴ്ച കണ്ടില്ലേ?"

"എന്തേണ്ടായത്?"

അടുത്തെത്തിയ യാത്രക്കാരനോട് അയാൾ ചോദിച്ചു: "എപ്പളേ?"

"ദാ, കൊറച്ചു മുമ്പ്. ശവം പ്പൊ മാറ്റീട്ടേള്ളു." യാത്രക്കാരൻ കിതച്ചുകൊണ്ടു പറഞ്ഞു: "ശിവ ശിവ. വാൻ ഓട്ടോറിക്ഷയെ കുത്തിമറിച്ചതാത്രേ."

"ആരേ മരിച്ചത്?"

"ഓട്ടോവില്ണ്ടായിരുന്ന സ്ത്രീ." യാത്രക്കാരൻ കൈമലർത്തി: "എനിക്കറിയില്ല്യേ. ഓരോരുത്തര് പറയണത് കേട്ടതാ. ഏതോ ഒരു മീനാക്ഷ്യോ കമലാക്ഷ്യോ.... ആ, പോയതുപോയി. ആർക്കു ചേതം? ആ കുടുമ്മത്തിനു പോയി. അത്രേന്നെ."

ളുപോലെ മനസ്സിൽ തറഞ്ഞുകിടക്കുന്നു: -മീനാക്ഷി.

മീനാക്ഷി. അതോ കമലാക്ഷിയോ? പേരുകൾ മനസ്സിൽക്കൂടിക്കുഴയുന്നു. അമ്മു എന്നാണ് എല്ലാവരും അവളെ വിളിച്ചിരുന്നത്. അതുകൊണ്ടുതന്നെ അവളുടെ യഥാർത്ഥപേര് അപ്രസക്തം. അത് എട്ടാം ക്ലാസിൽ തൊട്ടപ്പുറത്തെ ബഞ്ചിലിരിക്കുന്ന പെൺകുട്ടിക്ക് ഹാജർ പറയാനുള്ള പേരുമാത്രം. കളിപ്പറമ്പിൽ, അമ്പലമുറ്റത്ത്, ഉരുസാം പാറയുടെ അന്തിച്ചെരിവിൽ. അവിടെയെല്ലാം അവൾ നിറഞ്ഞുനിന്നത് അമ്മു ആയിട്ടായിരുന്നു.

ഉരുസാംപാറയുടെ ആൾച്ചൂരില്ലാത്ത അന്തിച്ചെരുവിൽ അവളെ കെട്ടിപ്പിടിച്ച് ഉമ്മ വെച്ചത് പെട്ടെന്നായിരുന്നു. അമ്മു കരഞ്ഞില്ല. എതിർത്തില്ല. അമ്മു ചിരിച്ചു. ചിരിച്ചുകുഴഞ്ഞു. പിന്നെ, കയ്യിലെ കുപ്പിവളയിൽ തിരുപ്പിടിച്ചുകൊണ്ട് അമ്മു ചോദിച്ചു:

"വലുതായാ രാഘവൻ എന്നെ കല്യാണം കഴിക്ക്വോ?"

"ഓ..."

വണ്ടിച്ചക്രമുരുട്ടി ധൃതിയിൽ പോകുമ്പോൾ മനസ്സിൽ പറഞ്ഞു: വലുതാവട്ടെ. എന്നിട്ടുവേണം. ഇവളെത്തന്നെ. അമ്മുവിനെത്തന്നെ.

അമ്മു പാമ്പുകടിച്ചു മരിച്ചില്ലായിരുന്നെങ്കിൽ താനവളെ സ്വീകരിച്ചിരിക്കുമോ? രാഘവൻ രാഘവനോടുതന്നെ ചോദിച്ചു. ഇല്ല, ഇല്ല എന്നു കാറ്റുപറഞ്ഞു. ഇല്ല, ഇല്ല എന്നു കിളികൾ പറഞ്ഞു. സ്വീകരിച്ചിരിക്കില്ല. പഠിപ്പു കഴിയുമ്പോഴേക്ക് ഒട്ടകത്തിൻെറ മുതുകെല്ല് വളഞ്ഞു തുടങ്ങിയല്ലോ. ചുമക്കാൻ വയ്യാത്ത ഭാരം. കയറിയാലും കയറിയാലും മുകളിലെത്താൻ വയ്യാത്തത്ര ഉയരത്തിൽ മല.

അമ്മൂ, നീ ചോദിച്ചത് വെറുതെയായിരുന്നു. ഞാൻ പറഞ്ഞത് വെറുതെയായിരുന്നു. പക്ഷേ, അന്നത്തെ ആ വിയർപ്പിൻെറ ഉപ്പുരസം ഇപ്പോഴും ഇതാ-

ഛെ. ഓരോ കിറുക്ക്. രാഘവൻ സ്വയം ശാസിച്ചു. ഇപ്പോൾ ഓർക്കേണ്ടത് കലാവതിയേയാണ്. തൻെറ പ്രതിശ്രുതവധു. ജനുവരി പത്താം തീയതി. മുഹൂർത്തം കാലത്ത് പത്ത് പത്തിന്.

കലാവതിയുടെ ആഗ്രഹം സാധിക്കുവാൻ ശങ്കരമേനോൻ കനിയണം. ഇന്നു പത്തുമണിക്ക് ചെല്ലാനാണ് പറഞ്ഞിരിക്കുന്നത്. ചെന്നെത്തിയാൽ അഡ്വാൻസ് ഏൽപ്പിക്കുന്നു. താക്കോൽ കൈപ്പറ്റുന്നു.

നഗരത്തിൽ ഒരു വീട്. ഒരു പുതിയ കുടുംബം പിറക്കുന്നു. രാഘവൻ-കലാവതി.


താക്കോൽ കിട്ടിയാലുടൻ ഓഫീസിൽ ചെന്ന് വാസുവിനെ കാണണം. വാസു കലാവതിയുടെ അയൽവാസിയാണ്. വാസുവാണ് ഈ ആലോചന കൊണ്ടുവന്നത്. വീടെടുത്ത വിവരം വാസുവിനോടു പറയണം. എങ്കിൽ ഇന്നുതന്നെ കലാവതി അറിഞ്ഞുകൊള്ളും.

മുന്നോട്ടു നടക്കുന്തോറും പാതയിൽ കാലുകളുടെ എണ്ണമേറി വരുന്നു. കാലുകൾ നടക്കുകയല്ല. ഓടുകയല്ല. തിരക്കിൻെറ മോഹാലസ്യപിണ്ഡങ്ങൾ തലങ്ങും വിലങ്ങും. പാതയ്ക്കു ചൂടേറി വരുന്നു. സൈലൻസറില്ലാത്ത നിലവിളികൾ. കരടുപെട്ടതിൻെറ വിങ്ങിപ്പൊട്ടലുകൾ. പുകപ്പെരുക്കത്തിൽനിന്നും പൊട്ടിയൊലിക്കുന്ന ശവഗന്ധങ്ങൾ.

പാതയിൽ വലിയൊരു വളവുകഴിഞ്ഞു. എത്താറായി. ചെന്നുകയറിയാൽ ശങ്കരമേനോൻ...

ശങ്കരമേനോൻെറ വീട്ടിൽ കയറിയിറങ്ങിയ സായാഹ്നങ്ങൾ. കയ്യിൽ ഒരു കത്തിയുണ്ടായിരുന്നെങ്കിൽ സ്വന്തം നെഞ്ചിൽ കുത്തിയിറക്കാൻ കൊതിച്ച നിമിഷങ്ങൾ. കിഴവൻെറ ഗ്ലാസ്സുയർത്തി അണ്ണാക്കിലൊഴിച്ചുള്ള കാപ്പികുടി. വെറ്റിലയിലെ ഞരമ്പുനുള്ളിത്തുടച്ച് വീണ്ടും നുള്ളിത്തുടച്ച് -അതെന്തോ ആവട്ടെ. പഠിച്ച കള്ളൻെറ വർത്തമാനം. കാളയേയും വിടില്ല. കയറും വിടില്ല.

"രാഘവൻെറ അച്ഛൻ ഗോപാലൻനായരും ഞാനും...



ഭിലായിൽ തൻെറ അച്ഛനും ശങ്കരമേനോനും ഒന്നിച്ചുണ്ടായിരുന്ന കാലത്തിൽ നിന്നാണ് സംഭാഷണം തുടങ്ങുക. ഒടുങ്ങുന്നതും ഭിലായ് സ്മരണകളിൽത്തന്നെ. ഓരോ തവണ തിരിച്ചുവരുമ്പോഴും പെരുവഴിയിൽ സംശയിച്ചുനിന്നു: എന്താണ് ശങ്കരമേനോൻ പറഞ്ഞത്? വീടു തരാമെന്നോ ഇല്ലെന്നോ?

നടന്നു മുഷിഞ്ഞ ഒരു സന്ധ്യയ്ക്ക് അവിചാരിതമായി മനസ്സിൽ ചങ്ങല പൊട്ടി:

"അല്ല മേനോൻ. ജനുവരി പത്തിന് എൻെറ വിവാഹമാണ്." സൗമ്യമായാണ് പറഞ്ഞത്: "കുടുംബമായി താമസിക്കാനാണ് വീടു ചോദിക്കുന്നത്. മേനോൻ എനിക്കു തരാൻ ഉദ്ദേശിക്കുന്നുണ്ടോ?"

ഒരു നിമിഷം മേനോൻ സ്തബ്ധനാ

യി. അയാളുടെ ജീവിതത്തിൽ ആദ്യമാവും ഇങ്ങനെ ഒരു ടെനൻറിനെ കണ്ടുമുട്ടുന്നത്.

"പറ്റില്ലെങ്കിൽ പറഞ്ഞോളൂ." എഴുന്നേറ്റ്, പോകാൻ തയ്യാറായിക്കൊണ്ടു പറഞ്ഞു: "വെറുതെ വലിച്ചു നീട്ടേണ്ട. എനിക്കു രണ്ടാലൊന്നറിയണം."

ജീവിതത്തിലെ ഓരോ കൂട്ടുവരമ്പിലും നാം നേരിടുന്നത് ഒരേ പ്രശ്നം:

-രണ്ടാലൊന്ന്.

ഇറങ്ങിനടക്കാൻ തുടങ്ങിയപ്പോൾ മേനോൻ ചുണ്ടനക്കി:

"രാഘവൻ ബുധനാഴ്ച അഡ്വാൻസും കൊണ്ടു വന്നോളൂ. താക്കോലു തരാം."

അപ്പോൾ, ആദ്യമായി താനൊരു സത്യം കണ്ടെത്തുകയായിരുന്നു: വേണമെങ്കിൽ ശങ്കരമേനോന് വക തിരിവോടെ സംസാരിക്കാനറിയാം.

പറഞ്ഞതുപോലെ അഡ്വാൻസുമായി ഇറങ്ങിയപ്പോൾ മുന്നിൽ ചോരക്കറ. അശുഭലക്ഷണം. പറഞ്ഞുകേട്ടത് നേരാണെങ്കിൽ ഏതോ ഒരു പെൺകിടാവ് ഇതാ ചോരവാർന്നു കിടക്കുന്നു. അപ്പുറത്ത് ശങ്കരമേനോൻ. ഇപ്പുറത്ത് താൻ. ഈ തടസ്സത്തിനു മുകളിലൂടെ വേണം ഒരു കുടുംബജീവിതത്തിനുള്ള താക്കോൽ കൈപ്പറ്റാൻ.

എന്തോ ആവട്ടെ. രാഘവൻ കാലുകൾ നീട്ടിവെച്ചു. വഴിയിലെ വയ്യാവേലികൾ താനെന്തിന് മനസ്സിലേക്ക് വലിച്ചു കേറ്റുന്നു.

അടഞ്ഞുകിടക്കുന്ന ഗേറ്റിൻെറ കൊണ്ടി ശബ്ദമുണ്ടാക്കാതെ മാറ്റി അകത്തു കടന്നു. മുറ്റത്തെത്തിയപ്പോൾ; പൂമുഖത്ത് ശങ്കരമേനോൻ.

"രാഘവനല്ലെ. വര്വാ, വര്വാ..." ശങ്കരമേനോൻെറ തെളിഞ്ഞമുഖം: "ഞാൻ കാത്തിരിക്ക്വായിരുന്നു."

ഈ സ്വാഗതം തുറക്കുന്നത് ഏതു വാതിലാണ്? അയാൾ ശങ്കയുടെ ഇഴപിരിച്ചുകൊണ്ട് ഒതുക്കുകയറി.

"രാഘവൻ പോയ ശേഷാ ഞാൻ നോക്ക്യേ." മേനോൻ പൂമുഖത്തു തൂങ്ങുന്ന കലണ്ടറിൽ ഒരിക്കൽക്കൂടി നോക്കി തിട്ടം വരുത്തി. "ഇന്ന് പതിനൊന്നരവരെ രാഹുകാലാണ്."

കാലുകൾ പെരുത്തുവരുന്നു. കണ്ണുകളിൽ കറുത്ത തോണികൾ ഇഴയുന്നു.

"ഞാൻ അഡ്വാൻസും കൊണ്ടു വന്നതാ."

"മനസ്സിലായി." മേനോൻ ചിരിച്ചു: "അതിനെന്താ. രാഹുകാലോന്ന് കഴിഞ്ഞോട്ടെ. ഏതായാലും ഒരു കൊള്ളക്കൊടുക്ക്യാല്ലെ. ശുഭസമയത്തുതന്നെ ആയ്ക്കോട്ടെ."

എന്നുവെച്ചാൽ...? അയാൾ മനസ്സിൽ ഒന്നുപിടഞ്ഞു.

"വീടൊക്കെ അടിച്ചുവാരാൻ ഞാനൊരു പണിക്കാരനെ താക്കോലും കൊടുത്ത് അങ്ങോട്ടയച്ചിട്ടുണ്ട്. രാഘവൻ ഒരു പന്ത്രണ്ടു മണിക്ക് അവിടെ വന്നാൽ മതി. താക്കോൽ അപ്പോൾ ത്തന്നെതരാം."

ഹാവൂ. ഒരു ചുമടിറക്കിയതിൻെറ ആശ്വാസം. അയാൾ എഴുന്നേറ്റു.

ഗേറ്റു കടന്ന് നടക്കുമ്പോൾ രാഘവൻ വാച്ചുനോക്കി. പത്ത്പത്ത്. പത്തുമിനുട്ട് നടന്നാൽ പത്ത് ഇരുപത്. പത്ത് ഇരുപതിന് ഓഫീസിലെത്താം. പന്ത്രണ്ടിലേക്ക് ഇനിയും ദൂരമുണ്ട്.

ഓഫീസിലെത്തിയപ്പോൾ വരാന്തയിൽ വാസു പ്യൂൺ പ്രഭാകരനുമായി സംസാരിച്ചു നിൽക്കുന്നു. അയാളെ കണ്ടതും അവരുടെ സംസാരം നിലച്ചു. അയാൾ അടുത്തെത്തിയിട്ടും അവർക്ക് അനക്കമില്ല.

"എന്താ വാസൂ അന്തംവിട്ടു നിക്കണ്?"

വാസുവിന് മൗനം.

"എന്താ പ്രഭാകരാ?"

പ്രഭാകരനും മൗനം.

പിന്നീട് തോമസും ഹമീദും പുറത്തുവന്നു. വത്സലയും സരസമ്മയും പുറത്തുവന്നു. മാനേജർ കൃഷ്ണമൂർത്തിയും അക്കൗണ്ടൻറ് അനന്തരാമനും പുറത്തുവന്നു. അവർക്കും മൗനം.

"എന്താ, എന്താ?"

അയാൾക്കുള്ളിൽ പെട്ടെന്ന് ഉണക്കപ്പട്ടയ്ക്കു തീപ്പിടിച്ചു.

മൗനത്തിൻെറ മൂടി തുറന്ന് മറ്റേതോ നിമിഷത്തിൽ ഭൂതം പുറത്തുവന്നു. രാഘവൻ കാണുകയായിരുന്നു.

അപ്പോഴും, ഇനിയും ഉണങ്ങിയിട്ടില്ലാത്ത കട്ടിച്ചോര ഒരു വികൃത ജന്മത്തിൻെറ രൂപംവരച്ചുകൊണ്ട് അയാൾക്കു മുന്നിൽ പടർന്നു.

●


## അടുത്തലക്കത്തിൽ

കേരളം
ഗുണ്ടകളുടെ
കൈകളിലേക്ക്
ജയറാം തോപ്പിൽ

•

സുകുമാരക്കുറുപ്പ്
വരുന്നു; പോകുന്നു
മൈക്കിൾ വർഗീസ്
ചെങ്ങാടക്കരി

•

സൂര്യകാന്തിയുടെ
പ്രണയം
മലയത്ത് അപ്പുണ്ണി

# പടവ്

രാജുകൃഷ്ണൻ



ലക്ഷ്യത്തിൽ എത്തുംവരെ കയറ്റം തന്നെ പ്രധാന ധർമ്മം. കയറിയവയുടേയും കടക്കാനുള്ളവയുടേയും എണ്ണം തിട്ടപ്പെടുത്തേണ്ടതില്ല. ചുവടുവയ്പുകൾ ഓരോന്നും പടവിലെ നിമ്നോന്നതികൾ ചവിട്ടി തന്നെ. എങ്കിലും കയറ്റത്തിൻെറ ആയാസം ഇല്ലാതെ തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടാകും ഇറങ്ങുമ്പോൾ ഉണ്ടാവുക.

വലകൾ തീർത്ത, ഒരുക്കങ്ങൾ കഴിഞ്ഞ, ചിഹ്നം കണക്ക് വാക്കുകളുടെ ശീൽക്കാരം, മുഴക്കം. സ്വാമി തുടർന്നുകൊണ്ടിരുന്നു.

വേവലാതികൾക്കും കിതപ്പുകൾക്കും ഇടയിൽ ഗൃഹാതുരത്വം തടയാകാതെ കാതിൽ ഒഴുകി എത്തുന്ന മന്ത്രോച്ചാരണങ്ങളെ അറിയുവാനും വേർതിരിക്കുവാനും കഴിവുള്ള മനസ്സിനെ ചിട്ടപ്പെടുത്തുക വേണം. വീഴ്ചകൾ ഓരോന്നിലും എത്ര പടികൾ നിപതിച്ചുപോയെന്ന് തിരിച്ചറിയുക പ്രയാസം. അതിനാൽ കാൽവയ്പുകൾ എപ്പോഴും ഉറച്ചതായിരിക്കണം.

ജാനു എല്ലാം കേട്ട് കൺമിഴിച്ചിരുന്നു. മനസ്സിലെ ചുവരിന് ലംബമായ ഒരു വശം മാത്രമെ ഉണ്ടായിരുന്നുള്ളൂ ഇതുവരെ.

പടവ് ഇപ്പോൾ അവൾക്ക് ഒരു ആശ്വാസവും ആശ്രയവും ആയി മാറിയിരിക്കുന്നു. തൊട്ടുമുകളിലെ പടിയിൽ ചാരി ദൂരെ കടൽക്കരയിലേക്ക് നോക്കിയിരിക്കെ തെന്നിമറഞ്ഞ നിഴൽ ചിത്രങ്ങളിലേക്ക് മനസ്സ് പാറിവീണു.

അന്ന് ചാത്തുണ്ണി പതിവില്ലാതെ പറമ്പിൽ നിന്ന് നേരത്തെ കയറിവന്നു. പൈക്കിടാങ്ങൾ ചാടിയെഴുന്നേറ്റ് മുക്കറയിട്ട് തെറിപ്പിച്ച് തലകുലുക്കി നിന്നു.

"അടങ്ങിൻ ദാ എത്തി...." ചാത്തുണ്ണി പടി കയറിവന്നു തൂമ്പായും കുട്ടയും മൺചുമർ ചാരിവെച്ചു. പിന്നെ വൈക്കോൽ വാരി പുൽക്കൂടിലേക്ക് എറിഞ്ഞു.

"ഇന്നെന്തേ ത്ര നേർത്തെ." ജാനു പുരയ്ക്ക് പുറത്തേക്ക് വന്നു ചോദിച്ചു.

"കാറ്റും പിശറും കണ്ടില്ലേ.... അച്ചട്ടിന്ന് മഴേണ്ടാകും." പുറത്തെ പൊടി തുടച്ച് ചിരിവരുത്തി തുടർന്നു: "തേയ്ച്ച് കുളിച്ചിമ്മിണി ശ്ശടീന്ന് പോന്നോളൂട്ടോ..."

നാണംകൊണ്ട് അവളുടെ തലകുനിഞ്ഞ് നുണക്കുഴികൾ തെളിഞ്ഞു.

"ഓ... ഇങ്ങനേരു മനുഷ്യൻ...." നിതംബം ഇളക്കി തിരിഞ്ഞ് സോപ്പും തുണികളും എടുത്ത് അവൾ തൊടിയിലേക്ക് നടന്നു.

കിഴക്ക് കാർമേഘം കുമിഞ്ഞ് പൊങ്ങി. കാറ്റ് തൊടിക്ക് മേലെ കാവിലെ പൊന്തിയ കവുങ്ങിൻ തലപ്പിനേയും കടന്നുവന്നു. ഒരു മിന്നൽ കാവിനെ തീണ്ടി കടന്നുപോയി. പിറകെ ഇടിമുഴക്കം കുളത്തിലെ വെള്ളത്തിൽ അലയടിച്ചടങ്ങി.





ജാനു തണുത്ത് നനുത്ത വെള്ള ത്തിൽ അരയോളം ഇറങ്ങി. കാറ്റ് കവു ങ്ങിൻ തലപ്പിൽ താളംപിടിക്കുന്നത് നോ ക്കിനിന്നു. കാറ്റിൻെറ ഇരമ്പലും ശക്തി യും കൂടിക്കൂടി വന്നു. പിറകെ തുടരെ ത്തുടരെ ഇടിയും മിന്നലും. തൊടിയാ കെ വിറകൊണ്ടു. അടുത്ത മിന്നലിൻെറ വെളിച്ചത്തിൽ അവൾ കണ്ടു; കാവിലമ്മ പുരുഷരൂപം പൂണ്ട് കാറ്റിൽ ഒഴുകിവരു ന്നു. വലിയ തലയിൽ എഴുന്ന കുറ്റിമുടി, ഉന്തിയ കണ്ണുകൾ, മുകളിലേക്ക് തുറന്ന നാസാഗ്രം, തടിച്ച ചുണ്ടുകൾക്കിടയിൽ കൂടി പുറത്തേക്ക് തള്ളി മഞ്ഞിച്ച പല്ലു കൾ, കറുത്ത് നീണ്ടുരുണ്ട കാലുകൾ.

അവൾ കണ്ണുകൾ അടച്ചു കൈ കൂപ്പി. പുരുഷാകാരമാർന്ന കാവിലമ്മ മറുകരയിൽ മുങ്ങിത്താഴ്ന്നു. ചുറ്റിനും അസാധാരണമായ പ്രകാശം വിതറി സുതാര്യമായ വെള്ളത്തിൽ ഊളിയിട്ട് വന്നു അവളുടെ പെരുവിരലിൽ തൊട്ടു. നനുത്ത തണുപ്പ് അരിച്ചരിച്ച് മുകളിലേ ക്ക് കയറി. അപ്പോഴേക്ക് കാറ്റ് കവുങ്ങിൻ തലപ്പിൽ ചിലമ്പലുതിർക്കുന്നത് അവൾ കേട്ടു. ഉടുത്തിരുന്ന തുവർത്ത് അഴിഞ്ഞ് വെള്ളത്തിന് മീതെ പരന്നുവീണു.

ബലിഷ്ഠമായ കൈകൾക്കുള്ളിൽ ജാനു അമർന്നു, ഞെരിഞ്ഞുമറിഞ്ഞു. മഴ തിമർത്ത് പെയ്ത് കുളം നിറഞ്ഞ്, കാവ് നിറഞ്ഞ്, കവുങ്ങിൻ തലയോളം ഉയർന്നു കവിഞ്ഞു. ഒടുവിൽ ജലപ്രവാഹ പ്പിൽ ഓളത്തിൽ അവർ ഒന്നായി ഒഴുകി അലഞ്ഞു. ഞെട്ടിയുണർന്നപ്പോൾ പായ യുടെ വക്കിൽ കിതച്ച് കമിഴ്ന്ന് കിട ക്കുന്ന ചാത്തുണ്ണിയെ കെട്ടിയലച്ച് അവൾ തുരുതുരെ ഉമ്മവെച്ചു.

പിന്നൊരു കറുത്തവാവ് ദിവസം കറുത്ത് നീണ്ടുരുണ്ട കൈകാലുകളും വലിയ തലയും ഉന്തിയ കണ്ണുകളും മുക ളിലേക്ക് ഉയർന്ന നാസാഗ്രവും തടിച്ച ചുണ്ടുകളും ആയി അലമുറയിട്ട് കരയുന്ന ഒരു എണ്ണ കറുമ്പനെ അവൾ പെറ്റിട്ടു. അവൻെറ നിലവിളി കാവും കടന്ന് അനന്തതയിലേക്ക് നീണ്ടു.

ഒന്നും തിട്ടപ്പെടുത്തി അടുക്കിവയ് ക്കാൻ ശ്രമിക്കാതെ ചാത്തുണ്ണി എപ്പോ ഴും തൊടിയിൽ വെട്ടും കിളയും തന്നെ. ഉപ്പും വെണ്ണീറും വിതറി വേണം വാഴ ത്തൈ പിള്ള തടത്തിൽ ചവിട്ടി ഒതുക്കി വെയ്ക്കാൻ. മണ്ണ് കളഞ്ഞ് മാണം ഒരു ക്കി വെച്ച് ചാത്തുണ്ണി നീട്ടിവിളിച്ചു.

"ജാന്വേ..." മറുപടിയില്ല.

വീണ്ടും വീണ്ടും വിളിച്ചു. അനക്കം ഉണ്ടായില്ല. പതിവുള്ളതല്ല. അവൻ പറമ്പിൽനിന്ന് കയറി പുരയ്ക്ക് അകത്തും പുറത്തും പരതി. കണ്ടില്ല. ഉള്ളിൽ ആധിപെരുകി.

കുളത്തിലെ വെള്ളം പെരുന്തിര കണക്ക് പൊങ്ങിചിതറി തെറിക്കുന്നത് കണ്ട് അവിടേക്ക് ഓടി.

ഞെട്ടിപ്പോയി. പട്ടാപ്പകൽ നൂൽബ ന്ധമില്ലാതെ ജാനു ഇടംവലം ചവിട്ടി മുന്നോട്ടാഞ്ഞ് പിന്നെ പിന്നോട്ടാഞ്ഞ് ചിത റിത്തെറിക്കുന്ന വെള്ളത്തിൽ പുളഞ്ഞ് മദിക്കുന്നു.

കേട്ടവർ കേട്ടവർ കുളത്തിന് ചുറ്റും ഓടിയടുത്ത് ആർത്ത്, കൂകി വിളിച്ചു. നാട്ടിലെ പ്രമാണിമാർ ഒത്തുകൂടി ആ ലോചിച്ചു. വടക്കുനിന്ന് ഒരു ജോത്സ്യൻ വന്നു. കളംവരച്ച് കവടി നിരത്തി ഫലം പറഞ്ഞു.

ദുർവിധിയോർത്ത് നാടുനടുങ്ങി. പിന്നെ വിധിപ്രകാരം പൂജകളും മന്ത്രങ്ങ ളും. തകിട് ജപിച്ച് ആവാഹിച്ച് ചരടിൽ കോർത്ത് അവളുടെ അരയിൽ കെട്ടി. പിന്നെ ചാത്തുണ്ണി പുരയ്ക്ക് കാവൽ ഇരുന്നു. ദിവസങ്ങൾ ഒന്ന്, രണ്ട്, മൂന്ന്.... കഴിഞ്ഞു. വീണ്ടും കാവ് ഉലഞ്ഞ പ്പോളെപ്പോഴോ ജാനു അരയിലെ ചരട് പൊട്ടിച്ച് വലിച്ചെറിഞ്ഞു കുതറിത്തെറി ച്ച് കുളത്തിലേക്ക് ഓടി. പിന്നെ ചാത്തുണ്ണി നിന്നില്ല. തിരി ഞ്ഞുനോക്കാതെ പടിയിറങ്ങി നടന്നു.

"ഒരുമ്പിട്ടോൾ...."

മാലോകർ പറഞ്ഞു തുടങ്ങി.

അതുകേട്ടു ആദ്യം അവൾ ഉറക്കെ യുറക്കെ ചിരിച്ചു. പിന്നെ പുരയ്ക്ക് ഉള്ളി ലെ ഇരുട്ടിൽ മൺചുവർ ചാരി ഇരുന്നു കരഞ്ഞു.

ഇരുളിൽ കണ്ണുകൾ അടച്ചിരുന്നാ ലും ഇല്ലെങ്കിലും ചുറ്റും ഇരുട്ടുതന്നെ. കണ്ണടച്ചിരുന്നാൽ നിയതമല്ലാത്ത വരക ളും കുറികളും പഞ്ഞിച്ചുരുൾ കണക്ക് കൺമുൻപിൽ ഒഴുകി നടക്കും.

അവൾ വിളക്ക് തിരി തെളിച്ചു. മടി യിൽ ഉറങ്ങിക്കിടന്ന കുഞ്ഞിൻെറ കൈ കാലുകൾ വിളക്ക് വെട്ടത്തിന് അപ്പുറം ഒറ്റപ്പെട്ട ഇരുളിലേക്ക് നീണ്ടുകിടന്നു.


പാതിരാവ് കഴിഞ്ഞിരിക്കും. കുഞ്ഞ് ഞെട്ടിയുണർന്നു നിലവിളിച്ചു. ആർത്തി യോടെ അവൻ അവളുടെ മുലഞെട്ടു കൾ എടുത്ത് ഞെരടി വായ്ക്കുള്ളിൽ തിരുകി ഓരോ മുലയും മാറിമാറി വലി ച്ചൂറ്റി. ഊർധ്വം വറ്റി ഉറവകളിൽ രക്തം കിനിഞ്ഞു. അവൻ കൈകാലടിച്ച്

(ശേഷം പേജ് 42-ൽ)

ഫീച്ചർ

# ബഹിരാകാശരംഗം പരാജയത്തിലേക്ക്

റഫീഖ് പുതിയേടത്ത്





ഇൻസാറ്റ് -2 ഡി വാർത്താവിതരണ ഉപഗ്രഹം നാലുമാസത്തോളം ഈ ഉപഗ്രഹം ശൂന്യാകാശത്തിലുണ്ടായിരുന്നു.

**ബ**ഹിരാകാശ രംഗത്ത് സ്വയം പര്യാപ്തത നേടാൻ ഭാരതം തീവ്രശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നതിനിടയിലാണ് ഇന്ത്യൻ ബഹിരാകാശരംഗം കാർമേഘങ്ങൾ മൂടാൻ തുടങ്ങിയത്. ഇതുവരെയുണ്ടായ നേട്ടങ്ങൾക്കുകൂടി മങ്ങലേൽപ്പിച്ചുകൊണ്ട് ഈയിടെ വിക്ഷേപിച്ച ഇൻസാറ്റ് 2-ഡി (INSAT 2-D) ഉപേക്ഷിക്കേണ്ടിവന്നതും ഐ.ആർ.എസ്.-1 ഡി നിശ്ചിത ഭ്രമണപഥത്തിലെത്താതിരുന്നതും ഇന്ത്യൻ ബഹിരാകാശരംഗത്ത് അനിശ്ചിതത്വം ഉടലെടുക്കാൻ കാരണമായി.

ഈ രണ്ട് ഉപഗ്രഹങ്ങൾക്കും വന്ന തകരാറുകൾമൂലം ഉടലെടുത്ത സ്തംഭനാവസ്ഥ ഇന്ത്യൻ ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയെ സാരമായ ബാധിച്ചിട്ടുണ്ട്. ഉപഗ്രഹം പ്രവർത്തന രഹിതമായതോടെ രാജ്യത്തിലെ എൺപത്തിമൂന്നു ടെലിഫോൺ എക്സ്ചേഞ്ചുകളാണ് നിർജ്ജീവമായത്. അതുപോലെ നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ (NSE) പ്രവർത്തനവും നിലച്ചു. വടക്കുകിഴക്കൻ മേഖല, ജമ്മുകാശ്മീർ, ഉത്തർപ്രദേശിന്റേയും, മധ്യപ്രദേശിന്റേയും, ഗിരിമേഖലകൾ എന്നിവിടങ്ങളിലെ ടെലഫോണുകളും ഉപഗ്രഹം തകരാറിലായതോടെ പ്രവർത്തനരഹിതമായി.

ഇൻസാറ്റ് -2- ഡി ഉപേക്ഷിക്കേണ്ടിവന്നത് വാർത്താവിനിമയ രംഗത്ത് ഇന്ത്യ ലക്ഷ്യമിട്ടിരുന്ന വൻ കുതിച്ചുചാട്ടത്തിന് വിഘാതം സൃഷ്ടിക്കുമെന്നത് തീർച്ചയാണ്. കൂടുതൽ ട്രാൻസ്പോണ്ടറുകളും കമ്മ്യൂണിക്കേഷൻ ചാനലുകളും ഉണ്ടായിരുന്ന ഈ ഉപഗ്രഹം മറ്റു ഇൻസാറ്റ് ഉപഗ്രഹങ്ങളേക്കാൾ കൂടുതൽ പ്രവർത്തനശേഷി ഉണ്ടായിരുന്നതാണ്. ഇന്ത്യയുടെ ഗ്രാമപ്രദേശങ്ങൾ ഉൾപ്പെടെ എ



സോളാർ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിൾ ബഹിരാകാശത്തേക്കുയരുന്നു.

ങ്ങും യഥേഷ്ടം ടെലഫോൺ സൗകര്യങ്ങളെത്തിക്കുവാനുള്ള മോഹമാണ് ഇത് ഉപേക്ഷിച്ചതുമൂലം അസ്തമിച്ച് പോയത്. ഭ്രമണപഥത്തിലുള്ള മറ്റു ഉപഗ്രഹങ്ങളുടെ ആയുസ്സ് കുറഞ്ഞുവരുന്നത് ഐ.എസ്.ആർ.ഒ. (I.S.R.O) യുടെ സ്ഥിതി കൂടുതൽ വഷളാക്കിയിരിക്കയാണ്. ഉടനെയൊന്നും മറ്റൊരു ഉപഗ്രഹം വിക്ഷേപിക്കാനുള്ള ശേഷി ഭാരതത്തിനില്ലതാനും.

വാണിജ്യാടിസ്ഥാനത്തിൽ ട്രാൻസ്പോണ്ടറുകൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കാമെന്ന ഐ.എസ്.ആർ.ഒ. യുടെ പ്രതീക്ഷയും ഇതോടെ തകിടം മറിഞ്ഞു. ഇവ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് അന്താരാഷ്ട്ര ടെലികമ്മ്യൂണിക്കേഷൻ സാറ്റലൈറ്റ് ഓർഗനൈസേഷനുമായി (ITSO) ഈയിടെയാണ് ഒരു കരാർ ഒപ്പു വെക്കപ്പെട്ടത്. ഇൻസാറ്റ് 2-ഡി യുടെ തകർച്ച ഈ കരാറുകളെ നിഷ്ഫലമാക്കിയിരിക്കയാണ്.

ഇൻസാറ്റ് 2-ഡി തകരാറിലാവുന്നതിന് തൊട്ടുമുമ്പാണ് ഏറെക്കുറെ പ്രതീക്ഷയുണ്ടായിരുന്ന ഐ.ആർ.എസ്. 1-ഡി ഉപഗ്രഹത്തെ നിശ്ചിത ഭ്രമണപഥത്തിലെത്തിക്കാൻ കഴിയാതെ ഐ.എസ്.ആർ.ഒ. ബുദ്ധിമുട്ടിയത്. ഐ.ആർ.എസ്. 1-ഡി ഉപഗ്രഹത്തിൻെറ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുമോയെന്നകാര്യം സംശയത്തിലായിരുന്നപ്പോഴാണ് ഇത് സംഭവിച്ചത്. ഈ സെപ്തംബർ 29-നാണ് ഇന്ത്യൻ ബഹിരാകാശരംഗത്തിന് മകുടം ചാർത്തിക്കൊണ്ട് പൂർണ്ണമായും തദ്ദേശീയമായി വികസിപ്പിച്ചെടുത്ത പി.എസ്.എൽ.വി. 1-സി എന്ന ഉപഗ്രഹത്തോടുകൂടി ബഹിരാകാശരംഗത്തേക്ക് കുതിച്ചുയർന്നത്. എന്നാൽ, അത് നിശ്ചിത ഭ്രമണപഥത്തിലെത്താതിരിക്കുകയായിരുന്നു. ഇതോടെ ഈ മേഖലയിൽ സ്വയം പര്യാപ്തത നേടേണ്ടതായിരുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ പല രാജ്യങ്ങളും ഈ മേഖലയിൽ സഹകരിക്കാൻ മുന്നോട്ടുവന്നിരുന്നു. ദക്ഷിണ കൊറിയ ഭാരതവുമായി 350 കോടി രൂപയ്ക്കുള്ള കരാറിലാണ് ഒപ്പുവെച്ചത്.

എന്നാൽ ഈ മേഖലയിൽ തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരാജയങ്ങൾ ഈ കരാറുകളെ താളം തെറ്റിച്ചിരിക്കുകയാണ്. ഇന്ത്യയുടെ വിദൂര സംവേദക ഉപഗ്രഹമായ ഐ.ആർ.എസ്. 1-ഡിയെ നിശ്ചിത ഭ്രമണപഥത്തിലെത്തിക്കാൻ കഴിയാത്തതിനെ തുടർന്ന് തിരിച്ചടി ഏൽക്കേണ്ടിവന്ന ഐ.എസ്.ആർ.ഒ.യ്ക്ക് ഇൻസാറ്റ് 2 -ഡി യുടെ പതനം ആഘാതം തന്നെയാണ് വരുത്തിവെച്ചിരിക്കുന്നത്.

ഇൻസാറ്റ് 2-ഡിയിലെ ഇരുപത്തിനാല് ട്രാൻസ്പോണ്ടറുകളിൽ ഏഴെണ്ണം മാത്രമേ ഇതുവരെ പ്രവർത്തിച്ചിരുന്നുള്ളു. ഇവയിൽ 'ലോഡ്' ചെയ്തിരിക്കുന്ന ലൈനുകൾ മറ്റ് ഉപഗ്രഹങ്ങളിലേക്ക് മാറ്റുന്ന ജോലി പുരോഗമിക്കുകയാണ്. ഈ ട്രാൻസ്പോണ്ടറുകൾ ഉപയോഗിക്കുന്ന സ്വകാര്യ വി-സാറ്റ് (V-SAT) ഓപ്പറേറ്റർമാർക്ക് ഇൻസാറ്റ് 2 -എ യിൽ ഇടം നൽകാനാണ് ശാസ്ത്രജ്ഞൻമാരുടെ

> **ഇന്ത്യൻ ബഹിരാകാശ രംഗത്തിനേറ്റ തിരിച്ചടി രാജ്യത്തിനാകെ അപമാനകരമായിരിക്കയാണ്. ഒരു രാജ്യത്തിൻെറ വാർത്താവിനിമയ സംവിധാനത്തെ ആകെ തകിടം മറിക്കുന്ന സംഭവങ്ങൾ ഭാവിയിലും ആവർത്തിക്കാതിരിക്കാൻ വേണ്ട തയ്യാറെടുപ്പുകൾ നടത്തേണ്ടിയിരിക്കുന്നു.**

ശ്രമം. ഇൻസാറ്റ് -2 എയിലാകട്ടെ കൂടെക്കൂടെ കുഴപ്പങ്ങൾ ഉണ്ടാകുന്നുമുണ്ട്. മറ്റു രാജ്യങ്ങളുടെ ട്രാൻസ്പോണ്ടറുകൾ വാടകയ്ക്ക് വാങ്ങാൻ ഈ ആഘാതം ഐ.എസ്.ആർ.ഒ.യെ നിർബന്ധിതമാക്കിയേക്കും.

ഇന്ത്യൻ ബഹിരാകാശരംഗം ഇത്തരം വീഴ്ചകൾ അഭിമുഖീകരിക്കുന്നത് ഇത് ആദ്യമായിട്ടല്ല. ഇതിന് മുമ്പും ഉപഗ്രഹ വിക്ഷേപണ വാഹനങ്ങൾക്കും, ഉപഗ്രഹങ്ങൾക്കും തകരാറുകൾ സംഭവിച്ചിട്ടുണ്ട്. 1979 ആഗസ്റ്റ് 10-ന് വിക്ഷേപിച്ച എസ്.എൽ.വി. 3 (ഇ-1) {SLV-3(E1)} എന്ന ഉപഗ്രഹവിക്ഷേപണ വാഹനത്തിന് തകരാറുകൾ സംഭവിച്ചതോടെയാണ് വീഴ്ചകൾക്ക് തുടക്കം കുറിച്ചതെന്ന് പറയാം. പ്രവർത്തന

## പൂർണ്ണ പ്രസിദ്ധീകരണങ്ങൾ

### നോവൽ

**പാങ്ങിൽ ഭാസ്കരൻ**
**സഹയാത്രികർ**
*എന്ത്? എപ്പോൾ, എവിടെ എന്ന ചോദ്യമാണ് മനസ്സു മുഴുവൻ. ഇങ്ങിനെയിരിക്കുന്നവൻ എവിടെയും എത്തില്ല.* വില: 70.00

**കെ.എൽ. മോഹനവർമ്മ**
**തൃപ്പടിദാനം**
*മോഹനവർമ്മയുടെ ശക്തമായ ശൈലിയിൽ എഴുതപ്പെട്ട രണ്ടു നോവലെറ്റുകളുടെ സമാഹാരം – തൃപ്പടിദാനം, ഭർത്തൃഹരിയുടെ കുതിരക്കാരൻ.* വില: 28.00

**പുനത്തിൽ കുഞ്ഞബ്ദുള്ള**
**നാരിമികച്ചിടം**
*'നാരിമികച്ചിടം', 'നാഥനില്ലാത്തിടം', 'നാരങ്ങ പൂത്തിടം', 'കൂവളം നട്ടിടം'.* വില: 25.00

**പി.ആർ. ശ്യാമള**
**മണൽ**
*പി.ആർ. ശ്യാമളയുടെ ഈ നോവൽ ദുരന്തങ്ങളെക്കുറിച്ച് ഒരു വീണ്ടുവിചാരത്തിന് നമ്മെ പ്രേരിപ്പിക്കുന്നു.* വില: 65.00

**എൻ.കെ. ശശിധരൻ**
**കാശ്മീർ കശ്മീർ**
*ഏതു നിമിഷവും ശബ്ദിക്കാൻ പാകത്തിൽ റൈഫിളുകൾ സുസജ്ജമാക്കി. അവർ കാത്തു. ഒരു ചലനം. ഒരു ശബ്ദം. ശത്രു അടുത്തെത്തുന്ന നിമിഷം.* വില: 62.00

**എസ്. മേനോൻ മാരാത്ത്**
വിവ: ഡോ. എം. ഗംഗാധരൻ
**വസന്തത്തിൻെറ മുറിവ്**
*ഇതിലെ കഥാരംഗങ്ങൾ മിഴിവുറ്റ സ്മൃതിചിത്രങ്ങളാക്കി മാറ്റാൻ മാരാത്തിനു കഴിഞ്ഞിട്ടുണ്ട്.* വില: 75.00

പൂർണയുടെ പ്രസിദ്ധീകരണങ്ങൾ എല്ലാ പ്രധാന പുസ്തകശാലകളിലും ലഭിക്കുന്നതാണ്. ലഭിക്കാൻ പ്രയാസമുള്ളവർ നേരിൽ അപേക്ഷിക്കുക. 100 രൂപയ്ക്കുമേൽ പൂർണയുടെ പുസ്തകങ്ങൾ വാങ്ങുന്നവർക്ക് ആകർഷകമായ കമ്മീഷൻ. മാതൃഭൂമി തുടങ്ങി മറ്റ് എല്ലാ പ്രസാധകരുടെ പുസ്തകങ്ങളും ലഭ്യമാണ്. സൗജന്യ കാറ്റലോഗിന് അഞ്ചുരൂപ തപാൽസ്റ്റാമ്പ്സഹിതം എഴുതുക. പുസ്തകങ്ങൾ വി.പി.പി.ആയി ലഭിയ്ക്കുന്നതിന്ന് ഓർഡർ സഹിതം 10രൂപ അയയ്ക്കുക.

**എല്ലാതരം പുസ്തകങ്ങളും ലഭിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ എയർകണ്ടീഷൻഡ് ബുക്സ്റ്റാൾ**

**TBS Publishers' Distributors**
**TBS Building, G.H.Road, Calicut-1 Ph: 720085**
**Branch: Court Road, Calicut.**

Sangeeth/Our-26/97


തകരാറായിരുന്നു, ഇതിനെ ബാധിച്ചിരുന്നത്. തുടർന്ന് 1981 മെയ് 31-നു വിക്ഷേപിച്ച എസ്.എൽ.വി. 3 (ഡി-1) {S.L.V-3 (D-1)} ഉം ഇതേ തകരാറിന് പാത്രമായി. 1984 മാർച്ച് 24-ന് പറന്നുയർന്ന എ.എസ്.എൽ.വി. (ഡി-1) -ന് ഒന്നാം ഘട്ടത്തിൽ തന്നെ പരാജയം നേരിടുകയാണുണ്ടായത്. 1988 ജൂലൈ 13-ന് തൊടുത്തുവിട്ട എ.എസ്.എൽ.വി. (ഡി-2) {ASLV (D-2)} നിയന്ത്രണ പ്രശ്നങ്ങൾ മൂലം പരാജയപ്പെടുകയുണ്ടായി. 1993 സെപ്തംബർ 20-ന് വിക്ഷേപിച്ച പി.എസ്.എൽ.വി. (ഡി-1) {P.S.L.V. (D-1)} കമ്പ്യൂട്ടർ തകരാർ മൂലമാണ് പരാജയപ്പെട്ടത്.

ഐ.എസ്.ആർ.ഒ. വിക്ഷേപിച്ച ഉപഗ്രഹങ്ങളുടെ സ്ഥിതിയും ഇതിൽനിന്ന് വ്യത്യസ്തമല്ല. 1981 നവമ്പർ 20-ന് വിക്ഷേപിച്ച ഭാസ്ക്കര -2 ക്യാമറ തകരാർ മൂലം പരാജയപ്പെട്ടപ്പോൾ 1992 ഏപ്രിൽ 10-ന് തൊടുത്തുവിട്ട ഇൻസാറ്റ് 1-എ. വൈദ്യുതി പാനൽ തകരാറ് മൂലം പ്രവർത്തനരഹിതമായി. അതുപോലെ 1988 ജൂലൈ 21-ന് പറന്നുയർന്ന ഇൻസാറ്റ് 1-സി ഇലക്ട്രിക് ഷോർട്ട് സർക്യൂട്ട് മൂലമാണ് തകരാറിലായത്. ഇൻസാറ്റ് 1-ഡിയും ഇതേ തകരാറു മൂലമായിരുന്നു പ്രവർത്തനരഹിതമായത്.

എന്തുതന്നെയായാലും അടിക്കടി ഉണ്ടാകുന്ന ഇത്തരം പരാജയങ്ങൾ ബഹിരാകാശരംഗത്ത് അഭിമാനാർഹമായ ഒരു നിലയിലേക്ക് മുന്നേറിക്കൊണ്ടിരുന്ന ഐ.എസ്.ആർ.ഒ.യുടെ കുതിപ്പു ചാട്ടത്തിന് ഒരു കനത്ത തിരിച്ചടിയാണെന്നതിന് സംശയമില്ല.

ഐ.എസ്.ആർ.ഒ.യിലെ ഉദ്യോഗസ്ഥ വൃന്ദത്തിനിടയിൽ നടക്കുന്ന ആന്തരിക സംഘർഷങ്ങൾ ഈ പരാജയങ്ങൾക്ക് കാരണമായിട്ടുണ്ടെന്ന് പറയാതിരിക്കാൻ വയ്യ. പല പ്രഗത്ഭരായ ശാസ്ത്രജ്ഞരേയും പ്രത്യേകിച്ച് മലയാളികളായ ശാസ്ത്രജ്ഞരെ പ്രൊജക്ടിൻെറ തലപ്പത്തുനിന്ന് മാറ്റിയത് വൻ വീഴ്ചയായി കാണേണ്ടിയിരിക്കുന്നു. ഇവിടെ നടക്കുന്ന അധികാര വടംവലിയെ തുടർന്ന് എം.എസ്.ആർ. ദേവ് ഉൾപ്പെടെയുള്ള ഒരു സംഘം ശാസ്ത്രജ്ഞന്മാർ സ്വയം പിരിഞ്ഞുപോരാൻ നിർബന്ധിതരാവുകയായിരുന്നു. മാധവൻനായരെപ്പോലെ തലപ്പത്തിരിക്കുന്ന ചിലരൊഴിച്ച് ഈ സ്ഥാപനത്തിലെ മറ്റു മലയാളികളെല്ലാം അവഗണന നേരിടുകയാണത്രെ. അസ്വാരസ്യം സഹിക്കവയ്യാതെ പല കഴിവുറ്റ ശാസ്ത്രജ്ഞരും അമേരിക്കപോലുള്ള രാജ്യങ്ങളിലേക്ക് ചേക്കേറിയതും നമ്മുടെ ബഹിരാകാശ ഗവേഷണരംഗത്തിന് വീഴ്ചകൾ പിണയാൻ കാരണമായിട്ടുണ്ട്. ഇന്ത്യൻ ബഹിരാകാശ പരിപാടികൾ ഇഷ്ടപ്പെടാത്ത അനേകം ശക്തികൾ ലോകത്തിലുണ്ട്. നക്ഷത്രങ്ങളുടെയിടയിൽ പോയി യുദ്ധം ചെയ്യുന്ന അവർക്ക് നമ്മുടെ ഉപഗ്രഹങ്ങളുടെ സോളാർ പാനലുമായുള്ള ബന്ധം വിച്ഛേദിക്കാൻ നിഷ്പ്രയാസം സാധിക്കും. അങ്ങനെയേതെങ്കിലും കറുത്ത കൈകൾ ഇതിൻെറ പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടോ എന്നും നാം സംശയിക്കേണ്ടിയിരിക്കുന്നു.


ഇന്ത്യൻ ബഹിരാകാശരംഗത്തിനേറ്റ ഈ തിരിച്ചടി രാജ്യത്തിനാകെ അപമാനകരമായിരിക്കയാണ്. ഒരു രാജ്യത്തിൻെറ വാർത്താവിനിമയ സംവിധാനത്തെ ആകെ തകിടം മറിക്കുന്ന ഇത്തരം സംഭവങ്ങൾ ഭാവിയിലും ആവർത്തിക്കാതിരിക്കാൻ വേണ്ട തയ്യാറെടുപ്പുകൾ നടത്തേണ്ടിയിരിക്കുന്നു. ഇതിന് ഉദ്യോഗസ്ഥ വൃന്ദത്തിലെ അസ്വാരസ്യങ്ങൾ പരിഹരിച്ച് പ്രഗത്ഭ ശാസ്ത്രജ്ഞന്മാർ വിദേശത്തേക്ക് ചേക്കേറുന്നത് തടയാൻ വേണ്ട നടപടികൾ സർക്കാർ അടിയന്തിരമായി ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.


അതുപോലെത്തന്നെ പ്രാധാന്യമുള്ളതാണ്, ഈ പരാജയങ്ങൾക്കു പിന്നിൽ മറ്റേതെങ്കിലും ചാലകശക്തി പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷിക്കലും.

ഇനിയുള്ള പ്രതീക്ഷ മുഴുവൻ അടുത്ത വർഷാദ്യം വിക്ഷേപിക്കാനിരിക്കുന്ന ഇൻസാറ്റ് 2-ഇ (INSAT-2E) ഇൻസാറ്റ് 3-എ (INSAT-3A) തുടങ്ങിയ ഉപഗ്രഹങ്ങളിലാണ്. ഇതിൽ ഇൻസാറ്റ് 3 -എ വളരെയധികം പ്രാധാന്യമർഹിക്കുന്നുണ്ട്. ഇത്രയധികം പരാജയം നേരിട്ട ഐ.എസ്.ആർ.ഒ.യുടെ ആസന്നമായ ഈ രണ്ട് വിക്ഷേപണങ്ങളും എത്രത്തോളം വിജയകരമായിരിക്കുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു.

## നോവൽ ആരംഭിക്കുന്നു

# പൊരുത്തക്കേടുകൾ





ഗംഗാധരൻ ചെങ്ങാലൂർ

കാലവർഷത്തിൻെറ കനത്ത മഴ കുഞ്ചുണ്ണി എഴുത്തച്ഛൻെറ ഓടിട്ട കൊച്ചുകൂരക്കുമേൽ ചരൽക്കല്ലുകൾപോലെ ചറപിറ വീഴുന്നു.

കിടപ്പുമുറിയിലെ വയസ്സൻ നാഴിക മണി അഞ്ചടിക്കുന്നു.

കുഞ്ചുണ്ണി എഴുത്തച്ഛൻ ശരീരത്തിൽനിന്നും കരിമ്പടം മാറ്റിയിട്ട് രതിയുടെ കൈത്തണ്ട തൻെറ നെഞ്ചിൽ നിന്നും എടുത്ത് കിടക്കയിൽ വക്കുന്നു.

രതി ഉറക്കത്തിൽ: "കിടക്കൂന്നേ, നല്ല തണുപ്പ്."

കുഞ്ചുണ്ണി എഴുത്തച്ഛൻ അതു ശ്രദ്ധിക്കാതെ അടുത്തു കിടന്നുറങ്ങുന്ന ഉണ്ണിയെ തിരിച്ചും മറിച്ചും ഉരുട്ടിക്കൊണ്ട്:

"ഉണ്ണീ... ഉണ്ണീ.... എണീക്ക്."

ഉണർന്ന ഉണ്ണി ആകെ ഉറക്കപ്പിച്ചയിൽ കുട്ടി ചിണുങ്ങാൻ തുടങ്ങുമ്പോൾ എണീറ്റ് തോളിലിട്ട്:

"വാ കുളിക്കാം. പതിവു തെറ്റിക്കേണ്ട."

കുഞ്ചുണ്ണി എഴുത്തച്ഛൻ ഉണ്ണിയേയും കൊണ്ട് കുളിക്കാനായി പോവുമ്പോൾ കഴുത്തറ്റം മൂടിയ പുതപ്പ് തലയിലേക്ക് വലിച്ചിട്ട് ചുരുണ്ടുകൂടുന്നതിന്നിടയിൽ രതി:

"വല്ലാത്തൊരു മനുഷ്യൻ. ആ കുട്ട്യേം കൂടി ചിത്ത്യാക്കും."

✦✧✦

വെളുപ്പിൻെറ ശീതമേറ്റ ഉണ്ണി ആദ്യപടിയിൽ കുതറി. പിന്നെ, ശീലമായൊരു ദിനചര്യയുടെ ആവർത്തനോർമ്മ അവനെ അനുസരണയുള്ള കുട്ടിയാക്കി. അച്ഛൻെറ തോളിൽ പറ്റിച്ചേർന്ന് കിടന്ന് അവൻ നിശ്ശബ്ദം കലിച്ചു.

പുറത്ത് കാലവർഷത്തിന് തെല്ലൊരാശ്വാസം കൈവന്നു കഴിഞ്ഞിരുന്നു. പെയ്തിറങ്ങിയ

മഴവെള്ളം മുറ്റത്തുകൂടെ ആർത്തിപൂണ്ടൊഴുകുന്ന ആരവം കേൾക്കാമായിരുന്നു.

സജീവമായൊരു ഈണംപോലെ.

കുഞ്ചുണ്ണി എഴുത്തച്ഛൻ അടുക്കളയുടെ വാതിൽതുറന്ന് പുറത്തേക്കു കൈനീട്ടി. മഴയുടെ ശക്തി കുറഞ്ഞെങ്കിലും ചാറ്റൽ നിന്നിട്ടില്ല. ശീതക്കാറ്റ് പിന്നേയും ആഞ്ഞടിച്ചുകൊണ്ടിരുന്നു.

കുഞ്ചുണ്ണി എഴുത്തച്ഛൻ അടുക്കളക്കിണറ്റിൽനിന്നും അഞ്ചാറു ബക്കറ്റ് വെള്ളം കോരി തൊട്ടി നിറച്ചു. നിറഞ്ഞ തൊട്ടിയിൽ നിന്നും വെള്ളമെടുത്ത് ഉണ്ണിയുടെ തലയിലൂടെ നിർദ്ദാക്ഷിണ്യം ഒഴിച്ചു. തൂവലുകൾ നനഞ്ഞ കോഴിക്കുഞ്ഞിനെപ്പോലെ ഉണ്ണി നിന്നു വിറച്ചു. വാഴപ്പോളയിൽ വീണ മഞ്ഞുതുള്ളികളായി കുഞ്ഞുടലിലൂടെ ജലബിന്ദുക്കൾ ഉരുണ്ടുവീണു.

തോർത്തിയ ഉണ്ണിയെ കുഞ്ചുണ്ണി എഴുത്തച്ഛൻ അകലേക്ക് നീക്കി നിർത്തി. എന്നിട്ട്, നാലഞ്ചുബക്കറ്റ് വെള്ളം കോരി ഒരു ആചാരാനുഷ്ഠാനംപോലെ നിറുകിലൂടെ വീഴ്ത്തി. തോർത്തി ഈറൻ മുണ്ടുടുത്ത് എത്തുമ്പോഴേക്കും ഉണ്ണി കുളിരുനീങ്ങി ഉഷാറായിക്കഴിഞ്ഞിരുന്നു.

✦✧✦

പൂജാമുറിയിൽ മുനിഞ്ഞു കത്തിയ നിലവിളക്കിൽ കുഞ്ചുണ്ണി എഴുത്തച്ഛൻ തിരിനീട്ടി. ചമ്രംപടിഞ്ഞിരുന്ന് ഈറൻ കൈകൾ കൂപ്പി. അരികിൽ തൊഴുകൈകളുമായി ഇരുന്ന ഉണ്ണിയുടെ കാതുകളിൽ മന്ത്രിച്ചു:

"മാണിക്യവീണാ മുപലാളയന്തിം
മദാലസാം മഞ്ജുള വാഗ്വിലാസ
മഹേന്ദ്രശൈല ദ്യുതി കോമളാംഗി
മാതംഗ കന്യ മുപനം പ്രശാന്തിം.

സാഷ്ടാംഗ പ്രണാമം കഴിഞ്ഞ് അച്ഛനും മകനും എണീക്കുമ്പോൾ കിഴക്ക് വെളിച്ചത്തിന്റെ ഇതളുകൾ വിരിയുന്നു. സ്ലേറ്റുമായി വന്ന ഉണ്ണിക്ക് കുഞ്ചുണ്ണി എഴുത്തച്ഛൻ അക്ഷരമന്ത്രങ്ങളുടെ കുരുക്കഴിച്ചു.

"അ.... ആ...
ഇ.... ഇ...
ഉ.... ഊ...
ഋ....

✦✧✦

ഉണ്ണി സ്ലേറ്റിൽ കണ്ട അക്ഷരങ്ങൾ വരച്ചുകൊണ്ടിരിക്കുമ്പോൾ കുഞ്ചുണ്ണി എഴുത്തച്ഛൻ കട്ടൻ ചായ ഒരു ഗ്ലാസിൽ പകർന്ന് ചൂടാറ്റി ഉണ്ണിക്ക് നീട്ടുന്നു. മറു ഗ്ലാസ്സിൽ രതിക്ക്.

അപ്പോഴേയ്ക്കും എണീറ്റു വന്ന രതി ഊൺ മേശപ്പുറത്തിരുന്ന കട്ടൻചായ ഊതിക്കുടിച്ചു. വായ് കഴുകാതെ, പല്ലുതേക്കാതെ.

മനസ്സിൽ ഉരുണ്ടുകൂടിയ അരിശം കുഞ്ചുണ്ണി എഴുത്തച്ഛൻ പുറത്തുകാണിച്ചില്ല. വിചാരിച്ചു; രതിയുടെ ഇഷ്ടം അങ്ങനെയാണെങ്കിൽ നടക്കട്ടെ.

ഉറക്കച്ചടവ് വിട്ടുമാറിയിട്ടില്ലാത്ത രതിയുടെ മുഖം കുഞ്ചുണ്ണി എഴുത്തച്ഛനിൽ വിഷമം വിതറി.

"രതിക്ക് ഉറക്കം ശരിയായില്ലെന്നുണ്ടോ?"

ഉലയിൽ നിന്നെന്നപോലെ ഒരു ചുവന്ന നോട്ടം രതിയുടെ കണ്ണുകളിൽ നിന്നും പുറത്തേക്കു ചാടി.


"എന്തേ, ഇന്നലേംകൂടി ഉറങ്ങാതിരിക്കണായിരുന്നോ?"

കുഞ്ചുണ്ണി എഴുത്തച്ഛൻ കാലിയായ ഗ്ലാസുകൾ പെറുക്കിക്കൂട്ടി കഴുകാനായി അടുക്കളയിലേക്കു നടക്കുമ്പോൾ രതി:

"വേണ്ട, കഴുകിക്കോളാം."

കുഞ്ചുണ്ണി എഴുത്തച്ഛൻ ഗ്ലാസുകൾ അവിടെത്തന്നെ വച്ചു. ഗ്ലാസുകൾ ഒന്നിനുമേൽ ഒന്നു കമഴ്ത്തി രതി.

അടുക്കളയിലേക്കു നീങ്ങുന്ന രതിയെ നോക്കി കുഞ്ചുണ്ണി എഴുത്തച്ഛൻ തന്നത്താൻ:



രതി. പാവം. എല്ലാ പണിയും അവൾ തന്നെയാണ് ചെയ്യുന്നത്. പോരാത്തതിന് ഇടയ്ക്കിടയ്ക്ക് തലവേദനയും. ഒരു വേലക്കാരിയെ വക്കാൻപോലും കഴിയുന്നില്ല. ലോൺ അടവ് കഴിഞ്ഞാൽ പിന്നെ കയ്യിൽ കിട്ടുന്നതുകൊണ്ട് എങ്ങും കൂട്ടിമുട്ടുന്നില്ല...

ഗ്ലാസുകൾ കഴുകുന്നതിനിടയിൽ രതിയുടെ പിറുപിറുപ്പ്.

"കുളിയും പൂജയും മുടങ്ങാതെ കഴിച്ചാൽ മതി. ചോറും കറിയും തന്നത്താൻണ്ടാവും..."

അടുക്കളയിൽ എല്ലാം തീർന്നിരിക്കുന്നു. ഉപ്പും മുളകും അരിയും എല്ലാം. ശമ്പളം കിട്ടാൻ ഇനിയും ആഴ്ചകൾ കഴിയണം. ലോനപ്പന്റെ കടയിലേക്ക് പണമില്ലാതെ കടക്കാൻ വയ്യ. ഒരുതരം പരിഹാസച്ചിരിയാണവന്. ഒരിക്കൽ ഒരു മാസത്തെ കുടിശ്ശിക വരുത്തിയതിന് അയാൾ പറഞ്ഞതോർമ്മയുണ്ട്.

"സാറിനെപ്പോലുള്ളവര് കടം നിർത്താന്ന് പറഞ്ഞാലിത്തിരി വെഷമണ്ട്. സാറ് ഒന്നു മനസ്സ് വെച്ചാല് ലക്ഷങ്ങള് വീട്ടിലെത്തും. പാസ്പോർട്ടാപ്പീസില് പണിള്ളോർക്ക് പണത്തിന് വല്ല പഞ്ഞോംണ്ടാവോ?"

അതിനുശേഷം ലോനപ്പന്റെ പലവ്യഞ്ജനത്തിൽ ഒരു പൈസ പോലും കുടിശ്ശിക വരുത്തിയിട്ടില്ല. ശമ്പളം കിട്ടിയാൽ ആദ്യം അയാളുടെ കടയിലെ കണക്കുതീർക്കും. എന്നിട്ടേ, പാൽക്കാരിക്കും പത്രക്കാരനുപോലും കൊടുക്കൂ. അതുകൊണ്ട് മറ്റു പല അക്കൗണ്ടുകളും ബാക്കിയാവുന്നു.

"വിഷമിക്കേണ്ട. ഗോപകുമാറിനോട് കുറച്ച് പൈസ ചോദിക്കാം."

കുഞ്ചുണ്ണി എഴുത്തച്ഛൻ സ്വയം സമാധാനം കണ്ടെത്തുന്നതുപോലെ അടുക്കളയിലേക്കു വിളിച്ചു പറഞ്ഞു.

"നാണമില്ലല്ലൊ. തൊട്ടതിനും പിടിച്ചതിനുമൊക്കെ ഗോപകുമാർ. നല്ല മനുഷ്യനാണെന്നു വച്ച് ആക്കറ്റ് കടം ചോദിക്ക്യ. കൂടേള്ളോര് കാറും ലോറിയും വാങ്ങുന്നു. ഇവ്ടെ അത്താഴത്തിന് തന്നെ പൊത്തും പിടിയും. സത്യസന്ധത!"

രതി പൊട്ടിത്തെറിക്കുന്നത് അവളുടെ മനോവിഷമം കൊണ്ടാണെന്ന് കുഞ്ചുണ്ണി എഴുത്തച്ഛന് അറിയാം. എന്നും പ്രാരാബ്ധം തന്നെ. ചിലപ്പോൾ അരപ്പട്ടിണിയും.

"ഗോപകുമാർ അന്യനല്ലല്ലൊ രതി. നമ്മുടെ സ്വന്തമല്ലെ."

"സ്വന്തം. ആരാ നിങ്ങൾക്ക് അന്യനായിട്ടുള്ളത്?"

കുഞ്ചുണ്ണി എഴുത്തച്ഛൻ രതിയുടെ വാക്കുകളിലെ അന്യതാബോധത്തിൽ പരിതപിച്ചു. ഗോപകുമാറുമായുള്ള ആത്മബന്ധത്തിന്റെ അലംഘനീയതയിൽ കോരിത്തരിച്ചു.

✦✧✦

ഗോപകുമാർ....
കളിക്കൂട്ടുകാരൻ...
പിറക്കാത്ത കൂടപ്പിറപ്പ്...
ഒന്നിച്ചു വളർന്നു...
കളിച്ചു....
പഠിച്ചു....
ഒരേ ക്ലാസിൽ....
ഒരേ ബെഞ്ചിൽ....

ഷർട്ടില്ലാത്ത സതീർത്ഥ്യന് ഷർട്ടുകൊടുത്തു. ഉച്ചക്കഞ്ഞി പകുത്തു. സബർജിലും പേരക്കയും കടിച്ചു രണ്ടാക്കി. പുസ്തകങ്ങൾ കൈമാറി.. നോട്ടുബുക്കുകൾ അഴിച്ചുകുത്തി.

അന്തിപ്പട്ടിണിയായ കൂട്ടുകാരന്റെ കുടിയിലേക്ക് കപ്പയും ചമ്മന്തിയും തവണക്കണ്ണൻ അരിയുടെ കഞ്ഞിയും മുതിരപ്പുഴുക്കും.

കവിൾത്തടത്തിലൂടെ ഒലിച്ചിറങ്ങിയ കണ്ണുനീർ തുടച്ചുകൊണ്ട് മാധവിയേടത്തി അന്നദാതാവിനെ നോക്കി വിതുമ്പി.

ജീവിതം മുഴുവനും തീർത്താലും തീരാത്ത കടപ്പാട്. എന്റെ സ്വന്തം ഏടത്തി...

തോളിലേക്ക് ചാഞ്ഞ മാധവ്യേടത്തിയെ താങ്ങിപ്പിടിച്ചുകൊണ്ട് അമ്മ നിറംത്തലയിൽ തലോടി:

"നമ്മളെല്ലാം ചത്തുകെട്ടാലും കുഞ്ചുണ്ണിയും ഗോപനും ഒന്നായിക്കഴിയണം."

ഓർമ്മകൾ തീരുന്നില്ല...

തെക്കൂട്ട് കുളത്തിലെ ഉന്തുവെള്ളത്തിൽ മുങ്ങിക്കുളിച്ച ഗോപകുമാർ നൂറ് എണ്ണിത്തീർന്നിട്ടും പൊങ്ങുന്നില്ല. ഊളിയിട്ടു നോക്കുമ്പോൾ ചണ്ടിയിൽ പൊ

തിഞ്ഞുകിടക്കുകയാണ്. തലമുടിയിൽ പിടിച്ചു പൊന്തിച്ചു. ശിരസ്സിലും കഴുത്തിലും നിറയെ ചണ്ടി. കരയ്ക്കിട്ട് ചണ്ടിയിൽനിന്ന് വിമുക്തനാക്കുമ്പോഴേക്കും പാഞ്ഞുവന്നു അമ്മയും മാധവിയേടത്തിയും. കുളക്കടവിൽ തലകറങ്ങി വീണു മാധവ്യേടത്തി.

ചേമ്പിൻത്തണ്ടുപോലെ തളർന്ന ഗോപനെ അമ്മ മടിയിൽ കമഴ്ത്തിക്കിടത്തി. വയറ്റിലും മുതുകിലും അമർത്തി.

വയറ്റിൽനിന്നും ഉന്തുവെള്ളം വെന്ത നീരായി പുറത്തേക്കു ചാടി. ഓസിട്ടതുപോലെ കൽപ്പടവിൽ പരന്നു. തലയണപോലെ വീർത്ത വയർ പഞ്ഞിക്കെട്ടു ചോർത്തിയതുപോലെ അറ്റു. തടിച്ചുരുണ്ട രക്തക്കുഴലുകൾ നീരുവറ്റിയ തേക്കു ചാലുപോലെ നേർത്തു. ക്ലാവ് നിറഞ്ഞ മുഖം തെളിഞ്ഞു. കലങ്ങിച്ചുവന്ന കണ്ണുകൾ മഷിയൊഴിച്ചപോലെ നീലിച്ചു. കുളക്കടവിൽ നിന്നും പോകുന്നതിനു മുമ്പ് ഗോപൻ കളിയും ചിരിയുമായി.

ചിരികേട്ടുണർന്ന മാധവ്യേടത്തി അമ്മയെ കെട്ടിപ്പിടിച്ചു:

"ആകെള്ളത് ഒരു നാരാണ്. അതുംകൂടെ പോയാൽ ൻെറ തേവരേ..."

ക്ഷയരോഗം നേരത്തെ കൊണ്ടുപോയ ഭർത്താവ്. വാടക വീടിൻെറ തെക്കെ മൂലയിൽ വളപ്പുകാരൻെറ കൃപാകടാക്ഷത്തിൽ നിദ്രകൊള്ളുന്ന മൂത്തമകൻ...

"ഇതുകൂടെ പോയാൽ എൻട്രിൻ കുടിക്കേ നിവർത്തിയുള്ളാ കുഞ്ഞ്യേടത്ത്യേ."

അമ്മ മാധവ്യേടത്തീടെ പിളർന്ന വായ പതുക്കെ പൊത്തി. തിളച്ച കെറ്റിലിൽനിന്നെന്നപോലെ പൊട്ടിച്ചാടിയ ചുടുകണ്ണീർ മൃദുലമായി തുടച്ചു.

"കുഞ്ചുണ്ണി അവനെ വിട്ടുകൊടുത്തില്ലല്ലൊ മാധവ്യേ. പിന്നെന്താ?"

മാധവ്യേടത്തിയുടെ നീണ്ട കൈകളിലൂടെ വാത്സല്യം കൃതജ്ഞതയായി ഒഴുകി. നെറുകയിലും മുഖത്തും നെഞ്ചിലും തുരുതുരാ ഉമ്മകൾ നിറഞ്ഞു.

"എൻെറ മോനാണ്. എൻെറ ഗോപൻെറ ഏട്ടൻ..."

പിറ്റേന്ന് ഗ്രാമോദ്ധാരണം സ്കൂളിലേക്കുള്ള യാത്രാമദ്ധ്യേ തെക്കൂട്ട് കുളക്കരെ പുസ്തകക്കെട്ട് നിലത്തിട്ട് ഗോപൻ കെട്ടിപ്പിടിച്ചു.

"കുഞ്ചുണ്ണ്യേട്ടാ, ജീവിതം മുഴുവനും കടപ്പാടുണ്ട്. മറക്കില്ല്യാ..."

ഒന്നും രതിക്കറിയില്ല. പലതും പറഞ്ഞിട്ടുണ്ട്. എത്ര പറഞ്ഞാലും വാക്കുകൾക്ക് അനുഭവശേഷിയില്ലല്ലൊ. വാക്കുകൾ സൗകര്യത്തിന് മറന്നുകളയാവുന്ന ജലരേഖകൾ...

ദാരിദ്ര്യത്തിൻെറ കയത്തിൽ നിന്നും രക്ഷതേടി പഠിപ്പ് മുഴുവനാക്കുന്നതിനുമുമ്പ് ഭാഗ്യാന്വേഷിയായ ഗോപൻ. ഉത്തരേന്ത്യൻ



ചതുപ്പുകളുടെ ചൂടേറ്റ് കാൽപ്പാദങ്ങൾ വിണ്ടുവരണ്ടു. ഭാഗ്യം ദേനാ ബാങ്കിൻെറ നാലുനില കെട്ടിടത്തിൽ. നാലഞ്ചു വർഷങ്ങൾ കൊണ്ട് നിൽക്കാൻ നിലയായി. പിടിച്ചുനിൽക്കാൻ ശമ്പളമായി. നിൽക്കക്കെള്ളിയായപ്പോൾ അമ്മയെ ഓർത്തു. വാടകവീടിനെ ഓർത്തു. വളപ്പുടമയുടെ കാരുണ്യത്തിലുറങ്ങുന്ന അച്ഛനേയും ഏട്ടനേയും ഓർത്ത് തിരിച്ചുവന്നു.

മകൻെറ ഉയർച്ച കാണാൻ ഭാഗ്യമില്ലാതായ മാധവ്യേടത്തി. ഭർത്താവിൻേറയും മൂത്തമകൻേറയും കൂടെ കിടക്കാൻ ധൃതിയായ പാവം.

അച്ഛനും അമ്മയും ഏട്ടനും കിടന്നുറങ്ങുന്ന ഭൂമി. ജന്മമോഹം പോലെ വേട്ടയാടിയ മൺതുണ്ട്. സെയ്താലിക്കയിൽനിന്നും പറഞ്ഞ വിലക്ക് വാങ്ങി. തെക്കേ മൂലയിൽ മൂന്നു സിമൻറ് തറകൾ കെട്ടി. ആ പഴയ മൺകുടിൽ പൊളിച്ചുമാറ്റി. പകരം പിറവിയുടെ കടംവീട്ടലായി നാലു മുറികളുള്ള ടെറസ്സ് വാർത്തു. ജോലി നാട്ടിലേക്ക് ട്രാൻസ്ഫർ വാങ്ങി.

എല്ലാവരും നഷ്ടപ്പെട്ട ഗോപൻ തിരിച്ചുവരുമെന്ന് വിചാരിച്ചതല്ല. അജ്ഞാതമായ ഗൃഹാതുരത്വം അവനെ പെറ്റമണ്ണിലേക്ക് പിടിച്ചുവലിക്കുകയായിരുന്നു.

ഭാഗ്യം. ഗോപകുമാർ അടുത്തുവന്നത്.

✦✧✦

"ഗോപനോട് കടം ചോദിക്കുന്നതിൽ ഒന്നും വിചാരിക്കാനില്ല. രതീ..."

അടുക്കളയിൽ നിന്നും എതിർപ്പുകളൊന്നും പിന്നെ പുറത്തുവന്നില്ല. രതിക്ക് തിരിഞ്ഞുവോ? അതോ സ്വയം വേണ്ടെന്നുവച്ചുവൊ?

✦✧✦

കുഞ്ചുണ്ണി എഴുത്തച്ഛൻ അകത്തുനിന്നും വരാന്തയിൽ എത്തുമ്പോൾ മുളംപടി നീക്കിയിട്ട് വരുന്നു ഗോപകുമാറിൻെറ യമഹ. നിലത്തു കാലുകുത്തി പതിവുപോലെ പുഞ്ചിരിച്ചുകൊണ്ട് മുന്നിൽ നിൽക്കുന്നു ഗോപൻ.

അതികാലത്ത് ബൈക്കിൽ എക്സർസൈസ് കഴിഞ്ഞ് വരികയായിരുന്നു ഗോപകുമാർ. ഷട്ടിൽ കളിയിൽ വിയർത്തുകുളിച്ച ശരീരത്തിനു മീതെ നനഞ്ഞൊട്ടിയ ഫോറിൻ ബനിയൻ. മസ്സിലുകളിലൂടെ ഒലിച്ചിറങ്ങുന്ന വിയർപ്പുചാലുകൾ.

"എന്താ കുഞ്ചുണ്ണ്യേട്ടാ ഒരു മ്ലാനത?"

മുറ്റത്തേക്കിറങ്ങിയ കുഞ്ചുണ്ണി എഴുത്തച്ഛൻ:

"തന്നെപ്പറ്റിത്തന്നെയാണ് പറഞ്ഞിരുന്നത്..."


"ഓഹോ, അതെന്താ? എന്നെപ്പറ്റി ഒരു രഹസ്യം?"

"രഹസ്യമൊന്നുമല്ല. എന്നും തൻെറ കയ്യിൽനിന്നു കടംമേടിക്കാൻ രതിക്ക് അന്യതാബോധം."

**നോവൽ**

പി.എൻ. വിജയൻ

# പന്ത് ഉരുളുകയാണ്



**കഥ ഇതുവരെ**

ഫുട്ബാൾ താരമായിരുന്ന മഞ്ചേരി ബാപ്പുട്ടി വിശ്രമജീവിതം നയിച്ചു വരികയാണ്. അയാളിൽ കഴിഞ്ഞകാല ചിത്രങ്ങൾ നുരഞ്ഞുപൊന്തി.

(തുടർന്നു വായിക്കുക)

## 2

അങ്ങാടിയിൽ നിന്ന് നിലമ്പൂർക്കുള്ള റോഡിൽ ആദ്യത്തെ സ്റ്റോപ്പാണ് പള്ളിപ്പടി. പള്ളിയുടെ മിനാരത്തിലേയ്ക്കു നോക്കി ബാപ്പുട്ടി വരാന്തയിലുള്ള ചാരുകസേരയിൽ മലർന്നുകിടക്കുകയാണ്. പ്ലാസ്റ്ററിട്ട വലത്തേ കാൽ തിണ്ണയിലേക്ക് നീട്ടി രണ്ടു കയ്യും തലയ്ക്കൽവെച്ച് കണ്ണുകൾ പകുതി തുറന്ന്.

മുന്നിലെ റോഡിലൂടെ വാഹനങ്ങൾ കടന്നുപോവുന്നുണ്ട്. മിക്ക വാഹനങ്ങളും പള്ളിയെ ഒരു നിമിഷത്തേക്ക് മറക്കുന്നു. ഒരിക്കലും മറയ്ക്കപ്പെടാ

"കൊള്ളാം. അതാണൊ കാര്യം. എത്രാ ഇപ്പോ വേണ്ടേ?"

"ശമ്പളം കിട്ടാൻ ഇനിയും എട്ടുപത്തു ദിവസം കഴിയണം."

അപ്പോഴെക്കും രതിയും വരാന്തയിലെത്തിക്കഴിഞ്ഞിരുന്നു.

ഗോപകുമാർ പാൻസിൻെറ പോക്കറ്റിൽനിന്നും പേഴ്സ് എടുത്ത് നിവർത്തി. തിങ്ങിനിറഞ്ഞ നോട്ടുകൾക്കിടയിൽനിന്ന് ഒന്നു വലിച്ചെടുത്തു.

"അയ്യോ, ഇത്രയൊന്നും വേണ്ടടൊ. നൂറോ ഇരുന്നൂറോ മതിയാവും."

"കയ്യിൽ വച്ചേക്കൂ. കുഞ്ചുണ്ണ്യേട്ടാ. ബാക്കി പിന്നെയെടുക്കാം."

കുഞ്ചുണ്ണി എഴുത്തച്ഛൻ: "ശമ്പളം കിട്ടിയാൽ തന്നേക്കാം."

ഗോപകുമാർ: "ച്ഛേ. എന്താ കുഞ്ചുണ്ണ്യേട്ടാ ഈ പറയണേ. രതിക്കറിയില്ലെങ്കിലും കഴിഞ്ഞതൊക്കെ നമുക്ക് മറക്കാനാവുമോ?"

അവിടെ കുഞ്ചുണ്ണി എഴുത്തച്ഛൻെറ അൽപ്പാഭിമാനങ്ങൾ അസ്തമിച്ചു. തീർത്താലും തീരാത്ത കടപ്പാടുകളുടെ നിലാവെളിച്ചം മനസ്സിൽ പരന്നൊഴുകി. മൃതിയുടെ കാണാപ്പുറങ്ങൾ കടന്നു നീണ്ടുപോകുന്ന ആത്മബന്ധത്തിൻെറ പൊട്ടാച്ചരടുകൾ....

"എന്നാപ്പിന്നെ ഞാൻ ഇറങ്ങട്ടെ കുഞ്ചുണ്ണ്യേട്ടാ. ഇന്ന് ബാങ്കിൽ തിരക്കുള്ള ദിവസമാണ്."

യമഹ കണ്ണുതുറന്നു. പുക തുപ്പി. ലഹളവെച്ച് മുളംപടി കടന്നു.

അകത്ത് ക്ലോക്കിൽ മണി എട്ടടിച്ചു. കുഞ്ചുണ്ണി എഴുത്തച്ഛൻ തിരക്കിട്ടെണീറ്റു. മനസ്സിൽ ആപ്പീസ് നിറയുകയായിരുന്നു.

(തുടരും)

# എട്ടാം ക്ലാസിലെ മൊട്ടത്തലയൻ

തെ ഉയർന്നു നിൽക്കുന്ന മിനാരത്തിലാണ് ബാപ്പുട്ടിയുടെ ദൃഷ്ടി. മൂന്നുനാലു ദിവസമായി ബാപ്പുട്ടിയുടെ മനസ്സ് അവിടെയാണ് കൂടുകൂട്ടിയിരിക്കുന്നത്. പള്ളിയുടെ മിനാരവും കണ്ട് ചാഞ്ഞുകിടക്കുന്നത് ഒരു ആശ്വാസമായിരിക്കുന്നു. അതുവരെ ശ്രദ്ധിക്കാത്ത മിനാരത്തിൻെറ ഉയരവും ഉയരങ്ങളിലെ വിശുദ്ധവാക്യങ്ങളും ബാപ്പുട്ടിയുടെ പ്ലാസ്റ്ററിട്ട കാലിനെ ഏറ്റെടുത്തിരിക്കുന്നു.

പെട്ടെന്നാണ് റോഡിൽ ഒരു ബസ്സ് ബ്രെയ്ക്കിട്ടത്. ആരെയോ ചീത്തവിളിച്ചുകൊണ്ട് ഡ്രൈവർ വാതിൽ തുറന്ന് ചാടിയിറങ്ങി. എതിർഭാഗത്തുനിന്ന് പന്തുരുട്ടിക്കൊണ്ട് റോഡ് മുറിച്ചു കടക്കാൻ ശ്രമിച്ച ഒരു കുട്ടിയാണ് കുറ്റക്കാരൻ. തൃപ്തിയാവുന്നതുവരെ വായ തുറന്ന് അഴുക്കുചീറ്റിയ ശേഷം ഡ്രൈവർ വീണ്ടും ബസ്സിലേക്കു കയറി.

റോഡ് ശൂന്യമായപ്പോൾ കയ്യിൽ പന്തുംപിടിച്ച് നിൽക്കുന്ന കുട്ടിയുടെ ദയനീയ ചിത്രം ബാപ്പുട്ടിയെ തൊട്ടു. റൊട്ടിക്കാരൻ അലവിയുടെ ഇളയചെക്കൻ അബ്ദുല്ല. ബാപ്പുട്ടിക്ക് അവൻെറ നിൽപ്പുകണ്ടപ്പോൾ അലിവുതോന്നി. എല്ലാം കാണുന്ന അല്ലാഹുവിൻെറ തിരുമുറ്റത്ത് ഒരു കുട്ടിയുടെ പ്രഭാതം കൂമ്പടയുകയാണോ എന്ന് സംശയമായി. അവൻെറ കയ്യിലെ പന്ത് അതിന്നിടയിൽ ബാപ്പുട്ടിയുടെ മനസ്സിലേക്ക് ഉരുളാൻ തുടങ്ങി.

"ടാ, അബ്ദുല്ലേ ബടെ വാ."

അബ്ദുല്ല കേട്ടുവെങ്കിലും ഇളകിയില്ല. ഇനിയൊരു കാരണവരുടെ വക കൈനീട്ടി വാങ്ങാൻ അവനു താൽപര്യമുണ്ടായില്ല. അവൻ പന്തുമായി തിരിച്ചുനടന്നു.

-ഓൻ നേരെയാവില്ല. അല്ലെങ്കിൽ ഇത്രവേഗം പിന്മടങ്ങുമോ? ഒന്നു ഗുണദോഷിച്ചു കളയാമെന്നു കരുതിയ തന്നെ വേണം ചവിട്ടാൻ... പള്ളിയുടെ മിനാരത്തിൽനിന്ന് ഇറങ്ങിയെത്തിയ മനസ്സ്, അയൽക്കാരൻെറ മകനെ വഴിവക്കിൽ ഉപേക്ഷിച്ച് സ്വന്തം കാലിൻെറ അറ്റത്തെത്തി. വളഞ്ഞു നിൽക്കുന്ന പെരുവിരലിലെ വൃത്തികെട്ട നഖം ബാപ്പുട്ടിയെ വെറുതെ വിട്ടില്ല.

പച്ചയും നീലയും പടർന്നു കയറിയ നഖം ബാപ്പുട്ടിയുടെ മനസ്സിൽ ഒരു പൊറുതിക്കേടായി വീർക്കാൻ തുടങ്ങി. ഓർമ്മയിൽനിന്ന് പടവുകളിറങ്ങി ഇടവഴി കടന്ന് ഒരു മാപ്പിളക്കുട്ടി ഓടുന്നതുപോലെ തോന്നി. അവൻെറ കയ്യിൽ ഒരു പന്ത് ചാഞ്ചാടുന്നതുപോലെ തോന്നി.

ബാപ്പുട്ടിയുടെ ഓർമ്മ ഓടിയെത്തിയത് മഞ്ചേരി ഹൈസ്കൂൾപ്പടിക്കലാണ്. പടവുകൾ കയറി ഓടിട്ട ക്ലാസ് മുറികൾ കടന്ന് പിറകോട്ട് നടന്നാൽ നീണ്ട പുൽഷെഡ്ഡ്. ഷെഡ്ഡിൻെറ അറ്റത്തെ എട്ടാം ക്ലാസ് ഐ. ഡിവിഷൻ. ക്ലാസിലെ പിൻബഞ്ചിൽ മരമണ്ടന്മാരിൽ ഒന്നാമനായ ഒരു മൊട്ടത്തലയൻ.

കണക്കും സയൻസും ഇംഗ്ലീഷുമായി വന്നുപോകുന്ന ഇബിലീസുകൾ. ഓരോ ബെല്ലടിക്കുമ്പോഴും അവൻ കാത്തിരിക്കുന്നത് ഡ്രിൽ മാഷ്ക്കു വേണ്ടിയാണ്. ഡ്രിൽ മാഷ് വന്നാൽ ആദ്യം വിളിക്കുക അവനെയാണ്. അതുവരെ ആരും തിരിഞ്ഞുനോക്കാത്ത അവൻെറ മൊട്ടത്തലയിൽ നിലാവുപരക്കുന്നത് അപ്പോഴാണ്. ഡ്രിൽ മാഷ്ടെ നിർദ്ദേശപ്രകാരം ക്ലാസിലെ കുട്ടികളെ വരിവരിയായി പാളിയപ്പറമ്പിലേക്ക് എത്തിക്കുന്നതും പൊക്കമനുസരിച്ച് നിർത്തുന്നതും അവൻെറ ഡ്യൂട്ടിയാണ്.

പിന്നെ, ഒരേയൊരു കളിയേയുള്ളൂ. പന്തുകളി. പന്തുണ്ടെങ്കിലും ഇല്ലെങ്കിലും അതിൽ കാറ്റുണ്ടെങ്കിലും ഇല്ലെങ്കിലും രണ്ടു ടീമുകൾ റെഡി. ഒരു ടീമിൻെറ തലപ്പത്ത് എപ്പോഴും തിളങ്ങുന്നത് അതേ മൊട്ടത്തലതന്നെ.

ഒരു വൈകുന്നേരം ആദ്യത്തെ വിസിലടിച്ച്, കളി തുടങ്ങിവെച്ച ശേഷം ഡ്രിൽ മാഷ് ചായ കുടിക്കാൻ പോയി. വിസിൽ ഏൽപ്പിക്കപ്പെട്ട താൽക്കാലിക റഫറി പത്രാസു കാണിക്കാൻ തുടങ്ങി.

രണ്ടു മിനുട്ടു കഴിഞ്ഞപ്പോൾ ആദ്യത്തെ നീണ്ട വിസിൽ. മൊട്ടത്തലയൻ ഗോളടിച്ചിരിക്കുന്നു. പക്ഷേ, അവൻ അനങ്ങുന്നില്ല. കാലുവെച്ചിടത്ത് കൈകുത്തി ഇരിക്കുകയാണ്. വലതുകാലിലെ പെരുവിരലിൽനിന്ന് ചോരയൊലിക്കുന്നു. നഖം പകുതിയിലേറെ കീറി വളഞ്ഞുനിൽക്കുന്നു.

"നിർക്കോലി
തൊള്ളതൊ
റന്ന പോലണ്ട്."

"ജ്ജെന്തടാ നോക്കി നിക്കണ്? ഒരു ടവ്വലെടുത്ത് കെട്ട്."

"അയിന് ൻറടത്ത് എവട്യാ ടവ്വല്?"

"അടിച്ചത് ഗോളാണെങ്കിലും പറമ്പില് കല്ലുണ്ടന്ന് ഓർമ്മ വേണം."

"ഒരു വല്യേ കളിക്കാരൻ വന്നണ്ണ്. കോയിക്കോട്ടെ അമ്പോക്കറൊന്നാ വിചാരം."

അപ്പോഴേക്കും ഡ്രിൽമാഷ് ബീഡി കുത്തിക്കെടുത്തി ഓടിയെത്തി. മാഷ് അവനെ പിടിച്ചിരുത്തി നഖം പരിശോധിച്ചു.

"സാർ, ഓനൊരു ഗോളടിച്ചതാ."

"ഓനടിച്ച ഗോളിൻെറ ചേലാ അത്."

മാഷ് സംശയിക്കാതെ സ്വന്തം കർച്ചീഫെടുത്ത് അവൻെറ പെരുവിരലിലെ ചോര ഒപ്പിയെടുത്തു.

"ബാപ്പുട്ടീ, നീ കരയില്ല്യെങ്കിൽ മാഷൊരു ചികിത്സ ചെയ്യാം."

ബാപ്പുട്ടിയെന്ന മാപ്പിളക്കുട്ടിയുടെ മൊട്ടത്തലയിൽ പോ



ക്കുവെയിൽ പൊൻപ്രഭയായി തിളങ്ങി. അവൻെറ ഉശിരിൻെറ തിളക്കമായി മാറി.

"കരയ്യേ... ഞമ്മളോ. ല്യ സാർ. ങ്ങളെന്താച്ചാൽ ചെയ്തോളി."

"ന്നാൽ കണ്ണടച്ചോ."

ബാപ്പുട്ടി കണ്ണടച്ചുപിടിച്ചു. മാഷ് ഇളകിനിന്നിരുന്ന നഖത്തിൻെറ തുമ്പിൽ കൈവെച്ചു. പിന്നെ ഒരു വലി.

എന്താണ് സംഭവിച്ചതെന്ന് ബാപ്പുട്ടിക്ക് ഏറെക്കുറെ മനസ്സിലായി. എന്നിട്ടും ഒന്നും സംഭവിക്കാത്തപോലെ അവൻ ധൈര്യത്തിൻെറ നാടൻ പര്യായമായി കാത്തിരുന്നു.

"ആ, കണ്ണ് തൊറന്നോ."

ബാപ്പുട്ടി കാൽക്കലേക്കു നോക്കിയപ്പോൾ പെരുവിരലിന് ഒരു സുന്ദരൻ തലേക്കെട്ട്. നിലത്ത് ചോരയിൽക്കുളിച്ച ഒരു വൃത്തികേടിൻെറ കഷ്ണം.

"ബാപ്പുട്ടീ, ഇനി കൊറച്ചീസം നീ കളിക്കണ്ട. ഇതിലും നല്ല നഖം വരും. അപ്പൊ അടിച്ചാ മതി അടുത്ത ഗോള്. ഏതായാലും നീ മിടുക്ക് തെളിയിച്ചു."

ഡ്രിൽ മാഷ് എണീറ്റ് കൈ തുടച്ചു.

"ശരി, മക്കളേ ബെല്ലടിക്കാറായി. പന്ത് എട്ത്ത് പോരിൻ."

മാഷ്ടെ പിറകെ കുട്ടികളുടെ സംഘം നീങ്ങി. ഏറ്റവും പിറകിൽ ബാപ്പുട്ടി കാലമർത്തിച്ചവിട്ടാൻ കഴിയാതെ നടന്നു. കൂട്ടുകാർ തിരിഞ്ഞുനോക്കി അവന് പുതിയ പേരുകൾ സമ്മാനിച്ചുകൊണ്ടിരുന്നു. നൊണ്ടി മൈസ്രേട്ട്, നൊണ്ടി കേപ്റ്റൻ, നൊണ്ടി ബാപ്പു...

യുഗങ്ങൾക്കുശേഷം വീണ്ടും വളഞ്ഞുനിൽക്കുന്ന അതേ നഖത്തിലേക്കു നോക്കിക്കൊണ്ട് ആദ്യത്തെ ഗോളടിയുടെ ഓർമ്മപ്പച്ചയിൽ സ്വയം മറന്നിരിക്കുകയാണ് ബാപ്പുട്ടി. 3അയാൾക്ക് കാൽക്കലേക്ക് കയ്യെത്തുന്നില്ല. കാൽവളയ്ക്കാൻ പറ്റുന്നില്ല. അല്ലെങ്കിൽ ആ നഖമൊന്ന് തൊടാമായിരുന്നു.


എത്ര മുറിച്ചു മാറ്റിയിട്ടും


എത്രയൊക്കെ വൃത്തിയിൽ സൂക്ഷിച്ചിട്ടും അവിടെ വളരുന്ന നഖം വർഷങ്ങൾക്കുശേഷവും അങ്ങനെത്തന്നെ. പുതുതായി വരുന്നവൻ സുന്ദരനായിരിക്കുമെന്ന് ഡ്രിൽ മാഷ് ഉറപ്പുതന്നതാണ്. ഇനിയും പരീക്ഷിക്കാൻ വയ്യ. അല്ലെങ്കിൽ ഈ പ്രായത്തിൽ ഒരു നഖത്തിൻെറ സൗന്ദര്യപ്രശ്നത്തിൽ വിഷമിക്കാനെന്തിരിക്കുന്നു. ഏതായാലും അതുകൊണ്ട് ദോഷമൊന്നും ഉണ്ടായിട്ടില്ലല്ലോ. അടിച്ചെടുത്ത വിജയങ്ങളുടെ തൂവലുകൾക്ക് അതിൻെറ സഹകരണംകൂടി ഉണ്ടായിരുന്നല്ലോ. അതങ്ങനെത്തന്നെ പച്ചയും നീലയും കലർന്ന് വളഞ്ഞുകിടക്കട്ടെ....

അകത്തുനിന്ന് ഒരു ശബ്ദവുമില്ല. പാത്തുമ്മ പുറത്തുപോയിരിക്കണം. മൂന്നുദിവസമായി അവൾക്ക് കൂലിപ്പണിക്കുപോലും പോവാൻ കഴിഞ്ഞിട്ടില്ല. ഒരു പക്ഷേ, അയൽപക്കത്തെ സുബൈദയുടെ പുരയിൽ നൊണ പറഞ്ഞിരിക്കുകയാവും. എത്ര നേരമാണ് ഇങ്ങനെ റോഡിലേക്കു നോക്കി ബസ്സും ബഹളവും കണ്ടിരിക്കുക.

ബഹളങ്ങൾക്കു മുകളിൽ പള്ളിയുടെ മിനാരം ഒരു ആശ്വാസംപോലെ തിളങ്ങി. ബാപ്പുട്ടിയുടെ കണ്ണുകളിലേക്ക് ഉയരങ്ങളിലെ വെളിച്ചം ഇറങ്ങിവന്നു. കണ്ണടക്കുമ്പോഴും ചെറിയൊരു വെളിച്ചക്കീറ് ബാക്കി നിൽക്കുന്നതുപോലെ തോന്നി.

(തുടരും)






കിഡ്നി ഫെയിലിയർ, കിഡ്നി സ്റ്റോൺ, മദ്യപാന-മയക്കുമരുന്നാസക്തി, ലിവർ സിറോസിസ്, കരൾ രോഗങ്ങൾ, സന്ധിവാത വേദനകൾ, സൈനസിറ്റിസ്, അലർജി, ആസ്ത്മ തുടങ്ങി 200 രോഗങ്ങൾക്കുള്ള ഇസ്ലാമിക മരുന്നുകളെക്കുറിച്ച് വാണിയമ്പാടി ഡോക്ടർ ഹക്കീം എസ്. അക്ബർ കൗസർ വിശദീകരിക്കുന്നു.

**രാജ് ടി.വി.യിൽ**

**എല്ലാ ശനിയാഴ്ചയും** (വൈകുന്നേരം 6.30 മുതൽ 7 വരെ)
**ഞായറാഴ്ചയും** (രാത്രി 10.30 മുതൽ 11 വരെ)
**ചൊവ്വാഴ്ചയും** (വൈകുന്നേരം 5.30 മുതൽ 6 വരെ)

**കാണുക!**

വൈദ്യോപദേശങ്ങൾക്കും ചികിത്സക്കും സമീപിക്കുക

**AL-KAUSAR THIBBE NABUVI HOSPITAL**
370, MOSQUE STREET, NEW TOWN
VANIYAMBADI-635 752, TAMILNADU, ☎ 04174 - 24095

സംഭാഷണം

# എഴുത്ത്: ആത്മജാഗ്രതയുടെ പ്രതിഫലനമോ ആത്മനിർവൃതിയോ?

തുടർച്ച

ഡോ. ആർസു

? ‘ദക്ഷിണേന്ത്യയിലെ പ്രേംചന്ദ്’ എന്ന് താങ്കളെ വിശേഷിപ്പിച്ചു കൊണ്ടുള്ള ഒരു ലേഖനം എൻെറ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ വിശേഷണം യുക്തിസംഗതമാണോ?

= അതിൽ ലേഖകൻെറ അത്യുത്സാഹവും എന്നോടുള്ള ആദരവും പ്രകടമാകുന്നുണ്ട്. അതായിരിക്കാം താരതമ്യത്തിന് ആധാരമായ വസ്തുത. പ്രേംചന്ദിൻെറ കഴിവിൻെറ 40-50 ശതമാനംവരെ നേടാൻ കഴിഞ്ഞാൽത്തന്നെ ധന്യനായെന്ന പ്രതീതി എനിക്കുണ്ടാകും. ‘ദക്ഷിണേന്ത്യയിലെ പ്രേംചന്ദ്’ എന്ന ലേഖനം വായിച്ചപ്പോൾ എനിക്ക് യഥാർത്ഥത്തിൽ ദു:ഖമാണുണ്ടായത്. പ്രേംചന്ദ് സാഹിത്യം ഒരു കൊടുമുടിയാണ്. എൻെറ സാഹിത്യത്തെ അതുമായി താരതമ്യപ്പെടുത്തുന്ന അതിശയോക്തി എനിക്ക് അഭികാമ്യമായി തോന്നിയില്ല.

? ‘നിരാഹാരസമരം’, ‘വെള്ളികൊണ്ടൊരു ചെരുപ്പ്’, ‘ബി ഇന്ത്യൻ ബൈ ഇന്ത്യൻ’ തുടങ്ങിയ താങ്കളുടെ കഥകൾ വരെ ശ്രദ്ധേയമാണ്. സാധാരണക്കാരായ ആളുകളെക്കൊണ്ട് അസാധാരണ കാര്യങ്ങൾ താങ്കൾ ഇവിടെ പറയിക്കുന്നുണ്ട്. ഇങ്ങനെ ഭാവനയേയും യാഥാർത്ഥ്യത്തേയും യോജിപ്പിക്കുമ്പോൾ താങ്കൾ പ്രത്യേകം ശ്രദ്ധിക്കുന്ന വസ്തുതകളുണ്ടാകുമല്ലോ.

= സാഹിത്യകാരൻ സമൂഹത്തിലാണ് കഴിയുന്നത്. അയാൾ കാണുന്നതും കേൾക്കുന്നതും വായിക്കുന്നതും അനുഭവിക്കുന്നതുമായ കാര്യങ്ങളും ചുറ്റുപാടുകളും അയാളിൽ പ്രത്യക്ഷമോ പരോക്ഷമോ ആയ സ്വാധീനം ചെലുത്തുന്നു.

സമൂഹത്തിൽ നടക്കുന്ന കാര്യങ്ങൾ അയാളുടെ ഹൃദയത്തെ സ്പർശിക്കുന്നു. അതുണ്ടാക്കുന്ന പ്രതികരണം അയാളിൽ ചില അനുഭൂതികൾ സൃഷ്ടിക്കുന്നു. സമൂഹത്തിലെ യാഥാർത്ഥ്യങ്ങൾ എഴുത്തുകാരനിൽ ചില പ്രേരണകളുണ്ടാക്കുന്നു. എൻെറ എല്ലാ കഥകൾക്കും ചില യഥാർത്ഥ സംഭവങ്ങളുമായി ബന്ധമുണ്ട്. വ്യക്തിയുടെ പൊള്ളയായ ആദർശങ്ങൾ തുറന്നുകാട്ടുന്ന കഥയാണ് ‘വെള്ളികൊണ്ടൊരു ചെരുപ്പ്.’ സ്ത്രീധന പ്രശ്നത്തിൻെറ തീക്ഷ്ണതയാണ് അതിലുള്ളത്. അഭ്യസ്തവിദ്യനും സമ്പന്നനുമായിട്ടുപോലും അയാൾക്ക് സമ്പത്തിനോട് കൂടുതൽ ആസക്തി തോന്നുന്നു. ‘നിരാഹാരസമരം’ മരം ഈർന്ന് ജീവിതയാപനം നടത്തുന്ന ഒരാളുടെ കഥയാണ്. ഭാരതീയ പൗരനാണെന്നതിൽ അയാൾക്ക് അഭിമാനമുണ്ട്. അയാൾക്ക് വോട്ടവകാശമുണ്ട്. എന്നാൽ അയാൾക്ക് ജീവിക്കാനുള്ള അടിസ്ഥാന സൗകര്യംപോലും നൽകാൻ സർക്കാറിന്നാവുന്നില്ല. അതിലയാൾക്ക് ആക്രോശമുണ്ട്. അയാൾ എന്നും എല്ലുമുറിയെ പണിചെയ്യുന്നു. എന്നിട്ടുമയാൾക്ക് സ്വന്തം കാലിൽ നിൽക്കാനാവുന്നില്ല. പണിയില്ലാത്ത ദിവസം അയാളുടെ കുടുംബം പട്ടിണി കിടക്കുന്നു. കഥ ഈ വ്യവസ്ഥിതിയെക്കുറിച്ച് പ്രതിപാദിക്കുന്നു. സർക്കാരുദ്യോഗസ്ഥന്മാർക്കും കമ്പനിത്തൊഴിലാളികൾക്കും ആഹാരസൗകര്യം, ശമ്പളവർദ്ധന, ഉദ്യോഗക്കയറ്റം, ചികിത്സാ സൗകര്യങ്ങൾ, പെൻഷൻ, ഇൻഷ്വറൻസ്, പ്രൊവിഡൻറ് ഫണ്ട്, ബോണസ് അങ്ങനെ പല സൗകര്യങ്ങളും ലഭിക്കുന്നു. എന്നാൽ നമ്മുടെ സമൂഹത്തിൽ 50-60 ശതമാനം വരുന്ന ജനങ്ങൾക്ക് ശാരീരിക അദ്ധ്വാനം മാത്രമാണ് നിത്യവൃത്തിക്കുള്ള വഴിയൊരുക്കുന്നത്. ജീവിതത്തോട് വിരക്തി തോന്നുമ്പോൾ നിരാഹാരസമരത്തെക്കുറിച്ച് കഥാപാത്രം ചിന്തിക്കുന്നു.

‘ബി ഇന്ത്യൻ ബൈ ഇന്ത്യൻ’ ഭാഷയുടേയും സംസ്കാരത്തിൻെറയും രംഗത്ത് നിലനിൽക്കുന്ന മാനസിക അടിമത്തത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. നാട് സ്വാതന്ത്ര്യംനേടി അരനൂറ്റാണ്ട് പിന്നിട്ടിട്ടും ഇവിടെ നിലനിൽക്കുന്ന സ്ഥിതിയാണിത്. മുത്തച്ഛനും പേരക്കിടാവും തമ്മിൽ നടക്കുന്ന വ്യംഗ്യ സംഭാഷണത്തിലൂടെയാണ് കഥ നീങ്ങുന്നത്. ഇന്നത്തെ സമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളുടെ അടിസ്ഥാന ഘടകങ്ങളെക്കുറിച്ച് സൂചന നൽകുകയും മാറ്റത്തിനുള്ള മോഹം മനസ്സിൽ ജനിപ്പിക്കുകയും ചെയ്യുക എൻെറ കഥകളുടെ ഒരു പ്രത്യേകതയാണ്.

? കഥ തുടങ്ങുന്ന ബിന്ദു പലതാകാം. സംഭവം, കഥാപാത്രം, ഒരു ജീവിത മുഹൂർത്തം. താങ്കളുടെ രചനാപ്രക്രിയ എങ്ങനെയാണ്?

= ഏതെങ്കിലും ഫോർമുലയനുസരിച്ച് എനിക്ക് കഥ രചിക്കാനാവില്ല. ആവിഷ്ക്കാര രീതി തീരുമാനിക്കുന്നത് ചിലപ്പോൾ കഥാവസ്തുവായിരിക്കും. മനസ്സിനെ നടുക്കുന്ന സംഭവത്തിന് സാക്ഷ്യംവഹിച്ചാൽ ആ കഥ സംഭവപ്രധാനമാകും. ചിലപ്പോൾ സംഭവം മനസ്സിൽ പ്രത്യക്ഷ

സ്വാധീനമുണ്ടാക്കില്ല. മറിച്ച് പരോക്ഷ സ്വാധീനമായിരിക്കും ഉണ്ടാക്കുക. അത് മനസ്സിൽ അനുഭൂതികൾ സൃഷ്ടിക്കും. അതിന്റെ ആവിഷ്ക്കാരം നടക്കുക കഥാപാത്രത്തിന്റെ മനോഗതിയിലൂടേയോ സംഭവവിവരണത്തിലൂടേയോ ആയിരിക്കും. കഥാപാത്രങ്ങളുടെ സംഭാഷണത്തിലൂടെയാണ് കഥ വികസിക്കുക. കഥയിലെ സാഹചര്യവും സംഭവവുമനുസരിച്ച് അതിന്റെ വഴി താനെ സുഗമമാകും. അപ്പോഴേ ഞാൻ കഥ എഴുതാൻ തുടങ്ങൂ.

**?** യുവത്വത്തിൽ പ്രേമത്തിന് കഥകളില സ്ഥാനം ലഭിക്കുന്നു. യുവത്വം പിന്നിട്ടാൽ കൃതിയിൽ നിന്ന് പ്രേമം തിരോഭവിക്കുന്നു. ഇത് പല എഴുത്തുകാരിലും കാണുന്നു. പ്രേമം ഇന്ന് കാലഹരണപ്പെട്ട ഒരു വിഷയമാണെന്ന് പറയുന്നവരുമുണ്ട്. താങ്കളുടെ സമീപനമെന്താണ്?

**=** പ്രേമരംഗങ്ങൾ വർണ്ണിച്ചതുകൊണ്ടു മാത്രം രചന കഥയോ നോവലോ ആവുന്നില്ല. പ്രേമം ജീവിതത്തെ ആസ്വാദ്യമാക്കുന്ന ഘടകമാണ്. സ്ത്രീ-പുരുഷ ആകർഷണമാണ് അതിന്റെ കേന്ദ്ര ബിന്ദു. ആ ബന്ധം സൃഷ്ടിയിലെ മഹത്തായ ലക്ഷ്യത്തെ അർത്ഥവത്താക്കുന്നു. 'ദേവദാസ്', 'ലൈലാ മജ്നു', 'ശീരിഫർഹാദ്' തുടങ്ങിയ കഥകളിൽ പ്രേമം പ്രധാന ഭാവമായി വന്നിട്ടുണ്ട്. എന്നാൽ അവിടെ ആദർശത്തിനു പ്രാധാന്യമില്ല. ചില ലോകപ്രസിദ്ധ മഹാകാവ്യങ്ങളിലും പ്രേമം കേന്ദ്രബിന്ദുവായി വന്നിട്ടുണ്ട്. ഗ്രീക്ക് പുരാണം, ഇലിയഡ്, ഒഡീസി, മഹാഭാരതം, രാമായണം, സാവിത്രി-സത്യവാൻ, ശകുന്തള-ദുഷ്യന്തൻ, കോവിലൻ-കണ്ണകി തുടങ്ങിയ കഥകളിൽ ആ പാരമ്പര്യത്തിലെ ആദർശവും കാണാം. പ്രേമത്തെ ഒരു കുറ്റമായി കാണാനാവില്ല. ജീവിതത്തിൽ അത് അനിവാര്യമാണ്. എന്നാൽ അതിന്റെ സാഹചര്യം, തലം, പാകപ്പിഴകൾ എല്ലാം വ്യത്യസ്തങ്ങളായിരിക്കും. അമ്മ -കുഞ്ഞ്, സഹോദരി -സഹോദരൻ, സഹോദരൻ -സഹോദരൻ, അച്ഛൻ -മകൻ, ഭാര്യ -ഭർത്താവ് ഇങ്ങനെ പ്രേമത്തിന് അനേകം തലങ്ങളുണ്ട്. ദിവ്യത്വം അടങ്ങിയ പ്രേമമുണ്ട്. ദയ, കരുണ, സ്നേഹം, സഹാനുഭൂതി, ത്യാഗം, ഉപകാരം, സേവനം ഇവ പ്രേമത്തിലെ ദിവ്യത്വമായിരിക്കും. മനുഷ്യസമൂഹത്തിന്റെ ഉയർച്ചക്ക് അത് അനിവാര്യമാണ്. ഒരു നിയന്ത്രണവുമില്ലാത്ത പ്രേമം പ്രേമമല്ല. അതിനെ കാമമെന്നോ ഭോഗവാസനയെന്നോ മാത്രമേ പറയാനാവൂ. അതിലൂടെ പിറക്കുന്നത് അപരാധിയായിരിക്കും.

യുവത്വത്തിൽ പ്രേമത്തിന് പ്രധാന സ്ഥാനമുണ്ട്. ദാമ്പത്യജീവിതത്തിൽ അതിന് മുഖ്യസ്ഥാനമുണ്ട്. ഗൃഹസ്ഥർ ദാമ്പത്യസുഖം നേടുമ്പോൾ തന്നെ ജീവിതത്തിൽ ഒരു സന്തുലനം വെക്കുന്നു. നിയന്ത്രണം വിടുമ്പോൾ പ്രേമം ഭീഷണരൂപത്തിലെത്തുന്നു. സാഹിത്യകാരൻ ഉള്ള കൃതികൾ രചിക്കുമ്പോൾ ലഭിക്കുന്ന സംതൃപ്തിക്ക് വ്യത്യാസമൊന്നുമില്ലെന്നാണ് എന്റെ അനുഭവം. സ്വാനുഭൂതികൾ സുന്ദരഭാഷാ ശൈലിയിലൂടെ ആവിഷ്ക്കരിക്കുമ്പോഴാണ് എഴുത്തുകാരന് രചനാ സംതൃപ്തി ലഭിക്കുന്നത്. പഴയ ചരിത്രം വർത്തമാനകാലത്തിന് അനുരൂപമായി വർണ്ണിക്കുന്നത് ഉചിതമല്ലെന്നാണ് എന്റെ പക്ഷം. ചരിത്രം കഴിഞ്ഞകാലത്തിന്റെ രേഖകളാണ്. നമ്മുടെ പൂർവ്വികരുടെ കഥയും ജീവിതശൈലിയുമാണതിൽ പ്രതിഫലിക്കുന്നത്. ചരിത്ര കഥാപാത്രങ്ങളുടെ ആദർശങ്ങളേയും നന്മതിന്മകളേയും ഈ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് ചിത്രീകരിക്കാനാകും. അപ്പോഴും ചരിത്രത്തിന്റെ മൂശയെ വികൃതമാക്കരുത്. ചരിത്രത്തിന്റെ അസ്ഥികൂടത്തിൽ മജ്ജയും മാംസവും ചോരയും സംക്രമിപ്പിക്കാം. ഇത് കഥാപാത്രങ്ങളിലൂടെ ആക്കുന്നതാണ് ഉചിതം. ആ കാലഘട്ടത്തിലെ ആദർശം ഇന്നത്തേതുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ ഈ കാലഘട്ടത്തിന്റെ സങ്കൽപ്പത്തിനനുസരിച്ച് കഥാപാത്രത്തെ രൂപപ്പെടുത്താൻ ഞാൻ ശ്രദ്ധിക്കാറുണ്ട്.

**എഴുത്തിന്റേത് ഒരു ഭാവലോകമാണ്. അവിടേയ്ക്ക് കടന്നാൽ ഒരു താദാത്മ്യം അനുഭവപ്പെടും. ആ ഭാവധാരയിൽ അയാൾ ഒഴുകിപ്പോകും. ഈ ഒഴുക്കിലും തന്റെ വിവേകത്തെ അയാൾ ഉണർവ്വോടെ സൂക്ഷിക്കും. നിപുണനായ ഒരെഴുത്തുകാരൻ ഭാവനയിൽ വിഹരിക്കുക മാത്രമല്ല ചെയ്യുന്നത്. യാഥാർത്ഥ്യത്തേയും സത്യത്തേയും സ്പർശിച്ചുകൊണ്ട് കഥ, ശിൽപ്പം, കഥാപാത്രം —ഇവയൊക്കെ മെനഞ്ഞെടുക്കുന്നു.**

ഇതിലെ ആദർശവും കൂടി ശ്രദ്ധിച്ചാണ് സൃഷ്ടി നടത്തുന്നത്.

**?** ചരിത്ര- പുരാണ കഥകളെ ഇതിവൃത്തമായി സ്വീകരിച്ചും താങ്കൾ കൃതികളെഴുതി. സ്വന്തം ഭാവനയ്ക്ക് അധികം ഇടം കൊടുക്കാനാവില്ല. അത്തരം കൃതികൾ നൽകുന്ന രചനാസംതൃപ്തി താരതമ്യേന കുറവായിരിക്കില്ലേ?

**=** പുരാണ -ചരിത്രകഥകൾ ഇതിവൃത്തമായി സ്വീകരിച്ച് ഞാൻ നോവലുകളെഴുതിയെന്നത് ശരിയാണ്. അങ്ങനെയു-

**?** 'ശബരി' താങ്കളുടെ പ്രശസ്ത നോവ

ലാണ്. ഇന്ന് ആദിവാസി സംസ്കാരം, ദളിത് ചേതന ഇവയൊക്കെ സാഹിത്യത്തിലെ പ്രവണതകളായി ചർച്ച ചെയ്യപ്പെടുന്നു. എന്നാൽ താങ്കളുടെ നോവലിൽ ഈ സമീപനം വളരെ നേരത്തെ വരികയുണ്ടായല്ലോ. ഇതിൻെറ രചനാ പശ്ചാത്തലം എന്തായിരുന്നു ?

= എൻെറ ഒരു ബന്ധുവിന് സിനിമയുണ്ടാക്കാൻ ഒരു കഥ വേണമായിരുന്നു. ആ ആവശ്യത്തിനാണ് ഞാൻ 'ശബരി' എഴുതിയത്. ഇതിന്നായി വാൽമീകിയുടേയും തുളസിദാസൻേറയും രാമായണങ്ങൾ വായിച്ചു. തമിഴ് -തെലുങ്ക് രാമായണങ്ങളും വായിച്ചു. 'ശബർ' ജാതിയിൽപ്പെട്ടവർ ആന്ധ്രയുടെ ഉത്തരാർദ്ധഭാഗം, മദ്ധ്യപ്രദേശിലെ ഛിന്ദ്വാട, ജഗദൾപുർ, ബസ്തർ എന്നീ പ്രദേശങ്ങളിലെ വനപ്രദേശങ്ങളിലാണ് ഇന്ന് കഴിയുന്നത്. തെലുങ്കിൽ ആദിവാസികളെ ശബർ ജാതിക്കാരെന്ന് പറയാറുണ്ട്. ഗോദാവരിയുടെ ഒരു ഉപനദിയുടെ പേര് ശബരിയെന്നാണ്. ആദിവാസികളുടെ ജീവിത രീതിയെക്കുറിച്ച് ഞാൻ ഏറെ കാര്യങ്ങൾ വായിച്ചും കേട്ടും ചർച്ചചെയ്തും മനസ്സിലാക്കി. അങ്ങനെയാണ് ഞാൻ നോവലിൻെറ രൂപരേഖയുണ്ടാക്കിയത്. ശബരിയെ ആദിവാസികളുടെ പ്രതിനിധിയായാണ് ഞാൻ അവതരിപ്പിച്ചത്. ആദിവാസികൾ അധികവും വേട്ടയാടിക്കൊണ്ട് കാട്ടിലാണ് കഴിയുന്നത്. പുരുഷന്മാരുടെ എതിരാളിയെന്ന നിലക്കാണ് ഞാൻ ശബരിയെ ചിത്രീകരിച്ചത്. ആദിവാസികൾക്ക് നേതൃത്വം നൽകാനുള്ള കഴിവുള്ളവളായി ശബരിയെ ഞാൻ അവതരിപ്പിച്ചു. എന്നാൽ അതോടൊപ്പം തന്നെ സ്ത്രീസഹജമായ കോമളഭാവനകളും ഉണ്ട്. അങ്ങനെ ആ വ്യക്തിത്വം വികസിക്കുന്നതായി ഞാൻ ചിത്രീകരിച്ചു. അധികാരദുരയുള്ള യുവാക്കളുടേയും ഉയർന്നവർഗ്ഗക്കാരുടേയും തിരസ്ക്കാരത്തിന് അവൾ പാത്രമായി. സംഘർഷപൂർണ്ണ വ്യക്തിത്വം വളർത്തിയെടുത്ത അവൾ ഒടുവിൽ ആദ്ധ്യാത്മികതയിൽ ആഭിമുഖ്യം കാണിക്കുന്നു. താൻ കടിച്ച കനി രാമന് കഴിക്കാൻ കൊടുത്തുകൊണ്ടവൾ തൻെറ ഭക്തി പ്രകടിപ്പിക്കുന്നുവെന്ന് രാമായണത്തിൽനിന്ന് സൂചന ലഭിക്കുന്നുണ്ട്. നോവലിൽ വർണ്ണിച്ച പല രംഗങ്ങളിലും യാഥാർത്ഥ്യത്തോട് എൻെറ ഭാവന കൂടിക്കലരുന്നുണ്ട്. ഭാവിയെക്കുറിച്ചുള്ള സൂചനകൾ കൂടി ഞാനിതിൽ നൽകുന്നുണ്ട്.

? ആന്ധ്രയുടെ ചരിത്രവുമായി ബന്ധപ്പെട്ട 'ലകുമ', 'വീരകേസരി' തുടങ്ങിയ നോവലുകളും താങ്കൾ രചിച്ചിട്ടുണ്ട്. ചരിത്ര നോവലുകൾ എഴുതുന്നവർ വർത്തമാനകാലത്തേക്കാൾ ഭൂതകാലത്തോട് ആഭിമുഖ്യം കാണിക്കുന്നവരാണെന്ന് ചില നിരൂപകർ അഭിപ്രായപ്പെട്ടത് ശ്രദ്ധിച്ചിരിക്കുമല്ലോ. പ്രാചീന -അർവ്വാ -ചീന സമന്വയം സാഹിത്യത്തിൽ എങ്ങനെയാണ് സാദ്ധ്യമാകുക?

= ആന്ധ്രയിലെ റെഡ്ഢിയുഗവുമായി ബന്ധപ്പെട്ടതാണ് 'ലകുമ.' വിജയനഗര സാമ്രാജ്യകഥയാണ് 'വീരകേസരി'യിലുള്ളത്. ഈ രണ്ട് കാലഘട്ടങ്ങളുടേയും സമഗ്രചരിത്രം നോവൽ രചനയ്ക്കായി ഞാൻ വായിച്ചു. ചരിത്ര നോവലുകളും മനസ്സിരുത്തി വായിച്ചു. ചില ചരിത്ര സംഭവങ്ങൾ നോവലുകളിൽ വിട്ടുപോയതായി ഞാൻ മനസ്സിലാക്കി. ചരിത്രത്തിൻെറ അധീശത്വമാണ് ഞാൻ അത്തരം നോവലുകളിൽ കണ്ടത്. 'ലകുമ' ഒരു ദേവദാസിയുടെ മകളാണ്. അത്ഭുത പ്രതിഭാശാലിയായ ഒരു നർത്തകിയായിരുന്നു ലകുമ. ഭരതമുനി നാട്യശാസ്ത്രത്തിൽ വിവരിക്കുന്ന 64 കലകളുടേയും മനോഹാരിത അവളുടെ നൃത്തത്തിലുണ്ട്. പിന്നെയെനിക്ക് നൃത്തസംബന്ധമായ ചില കാര്യങ്ങൾ മനസ്സിലാക്കേണ്ടതായി വന്നു. ആ രംഗത്തെ പ്രഗത്ഭരുമായി ഞാനതിനെക്കുറിച്ച് ചർച്ച നടത്തി. ചില അടിസ്ഥാന കാര്യങ്ങൾ ഗ്രഹിച്ചശേഷം ഭാവനയുടേയും അനുഭവജ്ഞാനത്തിൻേറയും കൂട്ടുപിടിച്ച് മൂന്നുനാല് കഥാപാത്രങ്ങളെ സൃഷ്ടിച്ചു. [illegible]ികാസത്തിന് അത് സഹായകമായി. പ്രാചീന ചരിത്രത്തിൻെറ അസ്തിവാരത്തിലാണ് നമ്മുടെ വർത്തമാനകാലം നിലനിൽക്കുന്നത്. ചരിത്ര നോവലെഴുതുമ്പോൾ പഴയ കാലഘട്ടത്തിലെ സാമൂഹ്യ -രാഷ്ട്രീയ -സാംസ്കാരിക -സാമ്പത്തിക സാഹചര്യങ്ങൾ, ജനങ്ങളുടെ ചിന്താരീതി ഇവയൊക്കെ വിശകലനം ചെയ്യേണ്ടിവരും. വളരെയേറെ ഉത്തരവാദിത്തത്തോടെ വേണം ഇത് കൈകാര്യം ചെയ്യേണ്ടത്. പ്രതിഭ, തിരിച്ചറിവ്, ജാഗ്രത, ദൂരക്കാഴ്ച, വിവേകം ഇവയൊക്കെ ചരിത്ര നോവ

(ശേഷം പേജ് 43-ൽ)


## നല്ല വായനക്ക്

അറുപത് വർഷമായി മലയാള സാഹിത്യ ലോകത്ത് പ്രഭ ചൊരിയുന്ന വാരിക. ഓരോ ആഴ്ചയും നിങ്ങളെ തേടി എത്തുന്നു.



ഏറ്റവും കുറഞ്ഞ വിലക്ക് ഏറ്റവും കൂടുതൽ സാഹിത്യ വിഭവങ്ങൾ നൽകുന്ന മലയാളത്തിലെ ഏക പ്രസിദ്ധീകരണം.

നിങ്ങളുടെ കോപ്പികൾക്ക് ഇന്നുതന്നെ എഴുതുക.

മാനേജർ
ചന്ദ്രിക ആഴ്ചപ്പതിപ്പ്
പി.ബി. നമ്പർ 64
കോഴിക്കോട്–1

### തപാൽനിരക്കുകൾ

| | | |
|---|---|---|
| അഞ്ച് വർഷം | - | 1300.00 |
| 3 വർഷം | - | 780.00 |
| 1 വർഷം | - | 260.00 |
| 6 മാസം | - | 130.00 |
| 3 മാസം | - | 65.00 |

ചന്ദ്രിക ആഴ്ചപ്പതിപ്പ്

# സീറോ അവർ




കണ്ടാൽ ചിരിക്കില്ല

**എ**.കെ. ആൻറണിയും കെ. കരുണാകരനും വേദി പങ്കിടാറില്ല. അവസരങ്ങൾ അനുയോജ്യമായി വരുമ്പോഴെല്ലാം ആരെങ്കിലുമൊരാൾ ഹൈക്കമാൻഡുമായി ചർച്ചക്ക് ഡൽഹിയിലായിരിക്കും. അല്ലെങ്കിൽ പ്രവർത്തക സമിതി യോഗത്തിന് പോയതായിരിക്കും. അണികളുടെ കണ്ണിൽ പൊടിയിടാനുള്ള 'ഡൽഹി ചെപ്പടിവിദ്യ' എല്ലാവർക്കുമറിയാമെങ്കിലും പാർട്ടിയിലെ ഗ്രൂപ്പുകാർ തന്നെ ഇത് ഒരു പതിവായി അംഗീകരിക്കുകയും ചെയ്തു.

ഡൽഹിയിൽ പ്രസന്നമായ രാഷ്ട്രീയ കാലാവസ്ഥയാണെങ്കിൽ അപൂർവ്വമായി ഏതെങ്കിലും വേദിയിൽ തലമുതിർന്ന ഇരുനേതാക്കളും കണ്ടുമുട്ടിയാൽ അത് വാർത്തയുമാവും.

കേന്ദ്രമന്ത്രി സ്ഥാനവും പ്രവർത്തക സമിതി അംഗത്വവും, കിംഗ്മേക്കർ ഇമേജും നഷ്ടമായി കരുണാകരൻ കേരളത്തിലേക്ക് തിരിച്ചെത്തിയപ്പോൾ തന്നെ ഗ്രൂപ്പ് പോരാട്ടം ശക്തി പ്രാപിക്കുമെന്നുറപ്പായിരുന്നു. മകൻ മുരളീധരൻെറ ചരടുവലിയിൽ കാര്യങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചപ്പോൾ കരുണാകരൻ ആൻറണിയെയും, തിരിച്ച് ആൻറണിയും . ഒളിയമ്പുകൾ വിടാൻ തുടങ്ങി. ഇതോടെ കൂടിക്കാഴ്ചാ സാധ്യതയും, കെ.പി.സി.സി. ഇലക്ഷൻ സാധ്യതയും അസ്തമയ ചുവപ്പിലായി. കണ്ണൂർകാരൻ എം.എൽ.എ. കെ. സുധാകരൻെറ അറസ്റ്റാണ് ഗ്രൂപ്പിസത്തിന് അൽപ്പമൊരു അന്ത്യമിട്ടത്. ജനപ്രതിനിധിയുടെ അറസ്റ്റിൽ പ്രതിഷേധിക്കാൻ കോൺഗ്രസുകാരെല്ലാം ഗ്രൂപ്പ് മറന്ന് ഡി.ഐ.ജി. ഓഫീസ് മാർച്ചിനായി കണ്ണൂരിലേക്കു തിരിച്ചു.

തിരുവനന്തപുരത്തുനിന്നും



പുലർച്ചെ കണ്ണൂരിലെത്തുന്ന മലബാർ എക്സ്പ്രസിനായിരുന്നു ആൻറണിയും, ഭൂരിപക്ഷം നേതാക്കളുമെത്തിയത്. യാത്രയിലും അൽപ്പം ഗ്രൂപ്പിസമാകാമെന്ന ചിന്തയിൽ കരുണാകരനും മകനും കാർ മാർഗ്ഗമാണ് വന്നത്.

ഡി.ഐ.ജി. മാർച്ചിന് നേതൃത്വം നൽകാൻ കരുണാകരനുണ്ടായിരുന്നില്ല. അദ്ദേഹം എത്തിയപ്പോഴാകട്ടെ എതിർ ഗ്രൂപ്പുകാർ കല്ലേറും നടത്തി. ആൻറണിയും, ഉമ്മൻചാണ്ടിയും ഇടപെട്ട് കാര്യങ്ങൾ പരിഹരിച്ചു. ഗസ്റ്റ്ഹൗസിൽവെച്ച് വിശ്രമവേളയിൽ ആൻറണിയും കരുണാകരനും അൽപ്പനേരം സംസാരിക്കുകയും ചെയ്തു.

ഗ്രൂപ്പ് പോരാട്ടവും സമാന്തര റാലിയും ഇതോടെ അവസാനിക്കുമെന്ന് ചിലരെങ്കിലും നിനച്ചെങ്കിലും രണ്ടുദിവസം ഉത്തര മലബാറിൽ തങ്ങിയ കരുണാകരൻ ഗ്രൂപ്പ് യോഗങ്ങൾ വിളിച്ച് അനുരഞ്ജനത്തിന് താനില്ലെന്ന് ആവർത്തിച്ചു.

കൊച്ചിയിലെ സമാന്തര റാലി ഉപേക്ഷിക്കില്ലെന്നും, കേന്ദ്ര നേതാക്കളെ പങ്കെടുപ്പിക്കുമെന്നും മുരളിയും തട്ടിവിട്ടപ്പോൾ വീണ്ടും പോരാട്ടം സജീവമായിരിക്കയാണ്.


കോൺഗ്രസ് ഗ്രൂപ്പിസവും ഡി.ഐ.ജി. മാർച്ച് അക്രമവും മുഖ്യമന്ത്രി നായനാർക്ക് ആശ്വാസമായിരിക്കയാണ്. വിദ്യാലയം അഗ്നിക്കിരയാക്കിയും, പ്രസ് ഫോട്ടോഗ്രാഫർമാരെ തല്ലിച്ചതച്ചും അക്രമസ്വഭാവം കോൺഗ്രസ് പുറത്തെടുത്തിരിക്കയാണെന്നാണ് നായനാർ പറഞ്ഞിരിക്കുന്നത്. കണ്ണൂരിലെ നരനായാട്ട് സർക്കാരിന് തന്നെ കളങ്കമായപ്പോഴാണ് കോൺഗ്രസിനെ പ്രതിക്കൂട്ടിലാക്കാൻ നായനാർക്ക് സുവർണ്ണാവസരം ലഭിച്ചത്. അദ്ദേഹം ഭംഗിയായി അത് വിനിയോഗിക്കുകയും ചെയ്തപ്പോൾ കരുണാകരനും ആൻറണിയും ഒന്നും മിണ്ടുന്നില്ല. പകരം വയലാർ രവി പലതും വിളിച്ചുപറയുന്നു.

## പുലിവാല് പിടിച്ചവർ

**വീ**രപ്പൻ കാര്യത്തിൽ പുലിവാല് പിടിച്ചിരിക്കയാണ് കരുണാനിധിയും ജെ.എച്ച്. പട്ടേലും. കീഴടങ്ങണമെന്ന ആവശ്യം വനം രാജാവ് തള്ളിയതിനൊപ്പം ഇരുമുഖ്യമന്ത്രിമാരും കുഴിയിലകപ്പെട്ടിരിക്കയാണ്.

വീരപ്പൻ തനിക്കു മുമ്പിൽ കീഴടങ്ങുമെന്നായിരുന്നു തമിഴ്നാട് മുഖ്യമന്ത്രി എം. കരുണാനിധിയുടെ വിശ്വാസം. നക്കീരൻ പത്രാധിപർ ഗോപാൽ പറഞ്ഞ കാര്യങ്ങൾ വീരപ്പൻ വിശ്വസിച്ചിട്ടുണ്ടെന്നും, ഉടൻ തന്നെ കാട്ടുകള്ളൻ അഭയംതേടി തൻെറ അരികിലെത്തുമെന്നും പ്രതീക്ഷിച്ചിരിക്കെയാണ്, ബന്ദിപൂർ വന്യമൃഗസങ്കേതത്തിനടുത്തുവെച്ച് വി നോദസഞ്ചാരികൾ ഉൾപ്പെടെ ചിലരെ വീരപ്പൻ ബന്ദികളാക്കിയ വാർത്ത ചെന്നൈയിലെത്തുന്നത്. രണ്ടാമതൊരു ദൗത്യത്തിന് ഗോപാൽ വിസമ്മതം പ്രകടിപ്പിച്ചപ്പോൾ കരുണാനിധിക്ക് മിണ്ടാട്ടമില്ലായിരുന്നു.

ഉടൻ തന്നെ കർണ്ണാടക മുഖ്യമന്ത്രി ജെ.എച്ച്. പട്ടേൽ രംഗത്തെത്തി. തൻെറ അതിർത്തിയിലേക്ക് കടന്നാൽ വിവരമറിയുമെന്ന മുന്നറിയിപ്പാണ് അദ്ദേഹം നൽകിയത്. പക്ഷേ,



## കമാൽ വരദൂർ

കർണ്ണാടക വനാതിർത്തിയിലും വീരപ്പശിഷ്യരെ കണ്ടപ്പോൾ പട്ടേലും ആയുധം താഴെവെച്ചു.

പിന്നീട് സംയുക്ത പോരാട്ടത്തിനുള്ള ആഹ്വാനമായിരുന്നു. പട്ടേൽ ചെന്നൈയിലെത്തി, കരുണാനിധിയുമായി ചർച്ചകൾ നടത്തി. ബന്ദിപൂർ ബന്ദികളെ വിട്ടയക്കാൻ അന്ത്യശാസനവും നൽകി. പിടിച്ചുവെച്ചവരെ വിടാത്തപക്ഷം സൈനിക നീക്കത്തെ നേരിടേണ്ടിവരുമെന്നും ഭീഷണി മുഴക്കി.

വീരപ്പൻ പ്രതികരിച്ചത് ബന്ദികളിലൂടെയായിരുന്നു. എല്ലാവരെയും വിട്ടയച്ചു. അവരുടെ കൈവശം ഓഡിയോ കാസറ്റും കൊടുത്തയച്ചു. നക്കീരൻ ഗോപാലിനെ



ചതിയനാക്കി ചിത്രീകരിച്ച് വീരപ്പൻ നടത്തിയ കാസറ്റ് പ്രഖ്യാപനത്തിൽ കീഴടങ്ങൽ വ്യവസ്ഥകളുമുണ്ടായിരുന്നു. തനിക്ക് പ്രത്യേക ജയിൽ, ശിഷ്യർക്ക് അമ്പത്ലക്ഷം നഷ്ടപരിഹാരം, ജീവിത സുരക്ഷ ഇങ്ങനെ പോകുന്നു കാര്യങ്ങൾ.

ഒരാവർത്തിയിൽ തന്നെ പട്ടേലും, കരുണാനിധിയും വ്യവസ്ഥകൾ അംഗീകരിക്കാൻ വിസമ്മതിച്ചു. സംയുക്ത സേന രൂപവൽക്കരിച്ചു. തമിഴ്നാട് എസ്.പി. കാളിമുത്തുവിനെ നായകനാക്കി ഓപ്പറേഷനും ആരംഭിച്ചു. പക്ഷേ, വനം രാജാവിനെ പിടിക്കാൻ കഴിയുന്ന കാര്യത്തിൽ കാളിമുത്തുവിനും സേനാംഗങ്ങൾക്കും ശുഭാപ്തി വിശ്വാസമില്ല. മുമ്പ് പല തവണകളിലായി നടത്തിയ ഓപ്പറേഷൻപോലെ വെറുതെ ഒരു പോരാട്ടം. ജനവും ഇതുതന്നെയാണ് പറയുന്നത്.

വീരപ്പന് പഴയ കരുത്തില്ലെന്നും ശിഷ്യരുടെ എണ്ണം കുറഞ്ഞെന്നും ആയുധശേഷി നശിച്ചെന്നും പ്രചരിപ്പിച്ച് ഓപ്പറേഷന് വിജയനിറം നൽകുന്നത് ഔദ്യോഗിക കേന്ദ്രങ്ങൾ മാത്രമാണ്.

സൈനികസഹായം ഉറപ്പ് നൽകിയിട്ടും സംയുക്ത സേനയുമായി മുന്നോട്ടുപോവാനുള്ള തീരുമാനവും സംശയത്തിനാണ് വക നൽകുന്നത്. അനാവശ്യ ഡിമാൻറുകൾ മുന്നോട്ടുവെക്കുന്ന വീരപ്പനെ പാഠംപഠിപ്പിക്കണമെങ്കിൽ സൈനിക സഹായം തന്നെ വേണ്ടിവരും.

മിലിട്ടറി ഓപ്പറേഷൻ ഉടൻ നടത്തണമെന്ന് പട്ടേൽ പറയുന്നു. കരുണാനിധിയാകട്ടെ ഈ കാര്യത്തിൽ ഒന്നും പറഞ്ഞിട്ടുമില്ല.

### മുഖം രക്ഷിക്കാൻ

**കോ**ഫി അന്നൻ ഐക്യരാഷ്ട്ര സംഘടനാ സെക്രട്ടറി ജനറലായി ചുമതലയേറ്റിട്ട് വർഷം ഒന്നുകഴിഞ്ഞു. കാര്യമായ പ്രശ്നങ്ങളൊന്നുമില്ലാതെ ഒരുവിധം നല്ല രീതിയിൽ സമാധാന സംഘടനയെ നയിക്കവെ സദ്ദാംഹുസൈൻെറയും ബിൽ ക്ലിൻറൻെറയും എടുത്തുചാട്ടം അന്നനെ വെള്ളം കുടിപ്പിച്ചിരിക്കയാണ്.

യു.എൻ. ആയുധ പരിശോധനാസംഘത്തിലെ അമേരിക്കക്കാരെ ഇറാക്കിലിറങ്ങാൻ അനുവദിക്കില്ലെന്ന് സദ്ദാമും, യു.എസ്. പൗരന്മാരെ അപമാനിച്ചാൽ വെറുതെയിരിക്കില്ലെന്ന് ക്ലിൻറണും വ്യക്തമാക്കിയപ്പോൾ ഗൾഫിൽ വീണ്ടും യുദ്ധ ഭീതിയായി. കാര്യങ്ങൾ ഇത്രയുമായപ്പോൾ ഇടപെടണം എന്ന തീരുമാനത്തിലായി. അന്നൻ പക്ഷേ, ഏത്




രീതിയിൽ ഇടപെടണം എന്ന കാര്യത്തിൽ അദ്ദേഹത്തിന് സംശയമായിരുന്നു.

ഇറാക്കിനെ കർക്കശഭാഷയിൽ താക്കീത് ചെയ്താൽ താൻ അമേരിക്കൻ ചാരനായി ചിത്രീകരിക്കപ്പെടും. ബാഗ്ദാദിനെതിരെ നീങ്ങിയില്ലെങ്കിൽ സുരക്ഷാസമിതിയുടെ ഡ്രൈവറായ അമേരിക്കയും പിണങ്ങും. ഒടുവിൽ ഇരുകൂട്ടരെയും സാന്ത്വനപ്പെടുത്തിയൊരു നീക്കത്തിന് അന്നൻ മുതിർന്നു. ബാഗ്ദാദിലേക്ക് മൂന്നംഗ ദൗത്യസംഘത്തെ അയച്ചു. വൈറ്റ്ഹൗസിനോട് കാര്യങ്ങൾ നേരിട്ട്തരായി നേരിടാനും അഭ്യർത്ഥിച്ചു.

അന്നൻെറ മുൻഗാമിയായ ബുത്റോസ്ഗാലിയെ വാഷിംഗ്ടണ് താൽപര്യമില്ലായിരുന്നു. അതുകൊണ്ടുതന്നെയാണ് മറ്റെല്ലാവരും രണ്ടാമതൊരിക്കൽക്കൂടി സെക്രട്ടറി ജനറൽ പദത്തിൽ തുടരാൻ ആവശ്യപ്പെട്ടിട്ടും അമേരിക്ക ഗാലിയെ എതിർത്തത്. യു.എൻ. എന്നാൽ യു.എസ്. ആണെന്ന കാര്യം അന്നനുമറിയാം. പക്ഷേ, മുഖം രക്ഷിക്കാനൊരു ശ്രമം നടത്തുകയാണ് അദ്ദേഹം.

# പരപ്പനങ്ങാടിയിൽ നിന്ന്

**ഡോ. രാജൻ പെരുന്ന**



സായിപ്പിനെ കണ്ടാൽ കവാത്തു മറക്കുന്നവരാണ് നാം.

സായിപ്പിൻെറ ഭാഷയായ ഇംഗ്ലീഷിനോടും നമ്മുടെ മനോഭാവം ഏതാണ്ടിങ്ങനെ തന്നെ. മുക്കിയും മൂളിയുമാണെങ്കിൽപ്പോലും നമ്മുടെ മക്കൾ ഇംഗ്ലീഷിൽ രണ്ടക്ഷരം പറയുമ്പോൾ എന്തൊരു നിർവൃതിയാണ് നമുക്ക്. മലയാളം പള്ളിക്കൂടങ്ങളുണ്ടായിട്ടും നമുക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടാണ് കമ്പം. പരീക്ഷകളെല്ലാം നാം ഇംഗ്ലീഷ് ഭാഷയിലാണ് നടത്തുന്നത്. സെമിനാറുകളിലവതരിപ്പിക്കപ്പെടുന്ന പ്രബന്ധങ്ങളൊക്കെ ഇംഗ്ലീഷിലായാൽ അതിന് മഹത്വമേറുമെന്ന് നാം കരുതുന്നു.

ശരിയാണ്. ഇംഗ്ലീഷ് മഹത്തായ ഭാഷകളിലൊന്നാണ്. ചൈനീസ് പോലെ, റഷ്യൻ പോലെ, ഫ്രഞ്ചു പോലെ, ഹിന്ദി പോലെ, തമിഴ് പോലെ, മലയാളം പോലെ മഹത്തായ ഒരു ഭാഷ. ഇംഗ്ലീഷ് ഭാഷയിൽ ധാരാളം സാഹിത്യകൃതികളും വൈജ്ഞാനിക ഗ്രന്ഥങ്ങളും പ്രസിദ്ധീകൃതമാണ്. ഓരോ ഭാഷയും അതിൻെറ തനിമയും ഇനിമയും കാത്തുസൂക്ഷിക്കുന്നത് ആ ഭാഷയുടെ വ്യാകരണനിയമങ്ങളും ലേഖനസമ്പ്രദായങ്ങളും യഥാവിധി നിലനിർത്തുമ്പോഴാണ്. വാക്കൊന്ന്, എഴുത്തു മറ്റൊന്ന് എന്ന അവസ്ഥ ഒരു ഭാഷയ്ക്കും ഭൂഷണമല്ല.

മഹത്തായ ഇംഗ്ലീഷ് ഭാഷ വികൃതമായി ഉച്ചരിക്കുന്നതുപോലെ തന്നെ മഹാപരാധമാണ് അത് യഥാവിധി എഴുതാതിരിക്കുന്നതും. അങ്ങനെ എഴുതുന്നവർക്ക് കടുത്ത ശിക്ഷ നൽകണമെന്ന് ശരിയായ സായിപ്പ് പറയും.

ദൈവാധീനംകൊണ്ട് യഥാർത്ഥ സായിപ്പ് പരപ്പനങ്ങാടി റെയിൽവേസ്റ്റേഷനിൽ ചെന്നിറങ്ങുന്നില്ല.

പരപ്പനങ്ങാടി റെയിൽവേ സ്റ്റേഷനിലെ മാസ്റ്ററുടെ മുറിയുടെ മുന്നിൽ ഭിത്തിയിൽ എല്ലാവർക്കും വായിക്കാനായി ഇംഗ്ലീഷിൽ ഒരറിയിപ്പ് എഴുതിവെച്ചിട്ടുണ്ട്.

IT IS DANGEROUS TO ENT-
-RAIN OR DETRAIN A MOVI-
-NG TRAIN. ANYBODY

DOING SO WILL BE

DOING THE SAME AT HIS/-
-HER OWN RISK AND RE-
SOPONSIBILITY.

ഇംഗ്ലീഷിന് ഇങ്ങനെയും ഒരു ലിഖിത രൂപമോ?

ഇംഗ്ലീഷ് പദങ്ങൾ രണ്ടു വരിയായി മുറിച്ചെഴുതുമ്പോൾ പാലിക്കേണ്ട ചില അംഗീകൃതനിയമങ്ങളുണ്ടല്ലോ, അതൊന്നും പാലിക്കാതെയാണ് പരപ്പനങ്ങാടി റെയിൽവേ സ്റ്റേഷനിലെ ഈ ബോർഡ് എഴുതിയിരിക്കുന്നത്. ഈ ബോർഡെഴുതിയ വിദ്വാൻ തന്നെയാണ് മറ്റു സ്റ്റേഷനുകളിലെയും ബോർഡെഴുതാൻ കരാറെടുത്തിരിക്കുന്നതെങ്കിൽ 'ഹാ കഷ്ടം!' എന്നല്ലാതെ എന്തു പറയാൻ.

✧✦✧

ഭാഷയെക്കുറിച്ചുള്ള ഈ ചിന്തയ്ക്ക് ഒരനുബന്ധം കൂടി. മലയാള ഭാഷയിലെ വ്യഞ്ജനാക്ഷരങ്ങൾ ഉച്ചരിക്കുന്നത് എങ്ങനെയെന്ന് നമ്മിൽപ്പലർക്കും ഇപ്പോഴും അറിഞ്ഞുകൂടാ. കാരണം നമ്മെ പഠിപ്പിച്ച അദ്ധ്യാപകർ അത് ശരിയായ രീതിയിലായിരുന്നില്ല ഉച്ചരിച്ചു പഠിപ്പിച്ചത്. കുറ്റം അവരുടേതും ആകണമെന്നില്ല.

ഉദാഹരണത്തിന് 'ക ഖ ഗ ഘ ങ' നാം എങ്ങനെയാണ് ഉച്ചരിക്കുന്നത്? 'കായിഖ്ഖ ഗായിഖ്ഖ ങാ' എന്നല്ലേ? അതുപോലെ.

ചായിച്ചാ ജായിജ്ഛാ ഞാ
ടായിട്ടാ ഡായിട്ഢാ ണാ
തായിത്താ ദായിദ്ധാ നാ
പായിപ്പാ ബായിപ്ഭാ മാ –
എന്നും നാമുച്ചരിക്കുന്നു.

യിച്ചാ, യിജ്ഛാ, ഇത്താ, യിപ്പാ എന്നീ മട്ടിൽ നമുക്ക് അക്ഷരങ്ങളുണ്ടോ? ഇല്ലെങ്കിലും അങ്ങനെയാണ് ഉച്ചരിക്കുന്നത്.

മലബാർ ഭാഗങ്ങളിലെ സ്കൂളുകളിൽ ഈ 'യിച്ചാ, ഇത്താ, യിപ്പാ' പരിപാടിയില്ലെന്ന് എൻെറ സ്നേഹിതൻ മുഹമ്മദ് പറയുന്നു. പക്ഷേ, ഇപ്പോൾ ഉണ്ടായേക്കും. കാരണം തിരുവിതാംകൂർ ഭാഗത്തുനിന്നും ധാരാളം അദ്ധ്യാപകർ മലബാർ സ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ടല്ലോ.

### നിഴലും വെളിച്ചവും

നമ്മുടെ നാട്ടിലെ ടെലിവിഷൻ ഈശ്വരാവതാരങ്ങൾകൊണ്ട് നിറഞ്ഞിരിക്കുകയാണ്.

ഹിന്ദു പുരാണങ്ങളിലെ ഏതാണ്ടെല്ലാ ദൈവങ്ങളും ഓരോ രൂപത്തിൽ എല്ലാ ദിവസവും ടെലിവിഷൻ സ്ക്രീനിലെത്തുന്നു. ശിവ മഹാ പുരാൺ, 'നീംബുപവർ വീൽ ഭക്തി ബന്ധൻ' ഓം നമശ്ശിവായ, സത്യവാദി ഹരീഷ്ചന്ദ്ര, മേം ദില്ലി ഹും, മഹാഭാരത്, ശ്രീകൃഷ്ണ, ജയ് ഹനുമാൻ, തിരുപ്പതി ബാലാജി എന്നിങ്ങനെ വിവിധ പേരുകളിൽ പരമശിവനും മഹാവിഷ്ണുവും ഹനുമാനും ബ്രഹ്മാവും ടെലിവിഷൻ സ്ക്രീനിലെത്തിക്കൊണ്ടിരിക്കുന്നു. തികച്ചും കച്ചവടക്കണ്ണുള്ള ചിലർ ഹിന്ദുപുരാണങ്ങളിൽ കയറിപ്പിടിച്ചിരിക്കുകയാണ്. എൻെറ അയൽപക്കത്തെ വീട്ടിലെ കൊച്ചുകുട്ടികൾ തിങ്കളാഴ്ച രാത്രിയിലും ചൊവ്വാഴ്ച രാത്രിയിലും ഉറക്കമിളച്ചിരുന്ന് നീബു പവർ... യും, ജയ് ഹനുമാനും കാണുന്നുണ്ട്. ഒരു കോമിക് സീരീസ് കാണുന്നതിൽക്കവിഞ്ഞ പ്രാധാന്യം ഈ കുട്ടികൾ ഇവയ്ക്കു നൽകുന്നുണ്ടോ എന്നറിയില്ല. ഈ പരമ്പരകളുടെ നിർമ്മാതാക്കൾക്കും മറ്റൊരുദ്ദേശ്യമുണ്ടായിരിക്കില്ല. ദൈവങ്ങളെ വിറ്റു കാശാക്കാൻ പറ്റിയ നാടാണ് ഭാരതം എന്നവർക്കറിയാം. ദൈവമേതായാലും വേണ്ടില്ല പണമുണ്ടായാൽ മതി.

ഓരോ ദിവസവും ഇത്തരം പുരാണകഥകൾക്ക് പ്രേക്ഷകർ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
മൂന്നുമിനിട്ടിനിടയിൽ പ്രത്യക്ഷപ്പെടുന്ന പരസ്യങ്ങളുടെ എണ്ണം അനുദിനം കൂടിക്കൂടി വരുന്നത് ശ്രദ്ധിച്ചിട്ടില്ലേ? പുരാണകഥകളുടെ പ്രായോജകരായാൽ ഉൽപ്പന്നത്തിൻെറ പരസ്യം കൂടുതലാളുകൾ കാണും എന്ന് നിർമ്മാതാക്കൾക്കറിയാം.

പ്രേക്ഷകരുടെ വർദ്ധനവും ഭക്തിയുമായി ബന്ധമൊന്നുമില്ല. ഉടുത്തൊരുക്കവും കിരീടവും വാളും മന്ത്രവും യുദ്ധവും ആർത്തനാദവും അട്ടഹാസവും മായാജാലവേലകളുമൊക്കെ പണ്ടും നമുക്കിഷ്ടമാണ്. നമുക്കെന്നു പറഞ്ഞാൽ നാം ഭാരതീയർ മാത്രം എന്നും ധരിക്കേണ്ട. മനുഷ്യർക്കു പൊതുവേ യാഥാർത്ഥ്യത്തേക്കാൾ അയഥാർത്ഥതയുടെ ആഡംബരങ്ങളാണിഷ്ടം. ഒളിംപിക്സ് മേളകളുടെ ഉദ്ഘാടന ചടങ്ങുകൾ ശ്രദ്ധിച്ചാൽ ഇക്കാര്യം വ്യക്തമാകും. നമ്മുടെ നാട്ടിൽ ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും ആളുകൂടുന്നതും ഇതിൻെറ അനുബന്ധം തന്നെയാണ്.

സിനിമയിൽ പണം വാരിപ്പടങ്ങളായി എണ്ണപ്പെടുന്നവയെല്ലാം ഒട്ടൊരു അയഥാർത്ഥമായ കഥകളുടെ ആവിഷ്ക്കരണങ്ങളാണ്. ബൻഹർ, ടെൻ കമാൻഡ്മെൻറ്സ്, ബൈബിൾ, ജൂറാസിക് പാർക്, സ്പീഡ്, ട്വിസ്റ്റർ എന്നിങ്ങനെയുള്ള ചിത്രങ്ങളെല്ലാം അയഥാർത്ഥമായ അത്ഭുതലോകം വിശ്വസനീയമായ രീതിയിൽ കാട്ടിത്തരുന്നവയാണ്. തെലുങ്കിലെ വിട്ടലാചാര്യയുടെയും ഹിന്ദിയിലെ ബാബുഭായി മിസ്ട്രിയുടെയും സിനിമകൾ പണം കൊയ്തത് അവയിലെ 'ഗിമ്മിക്കു'കളുടെ നിറവൊന്നുകൊണ്ടു മാത്രമാണ്.

അതായത്, ഇപ്പോൾ കാട്ടിക്കൊണ്ടിരിക്കുന്ന പുരാണകഥകൾക്ക് വെറും കോമിക് പരമ്പരകളുടെ സ്ഥാനമേ നമ്മുടെ പ്രേക്ഷകർ നൽകുന്നുള്ളൂ. അവയിൽ ഭക്തിഭാവം തരിമ്പും ഇല്ല. മനസ്സിൽ അൽപ്പമെങ്കിലും ഭക്തി അവശേഷിക്കുന്നവരാരെങ്കിലുമുണ്ടെങ്കിൽ, വികലമായി നിർമ്മിക്കപ്പെട്ടിരിക്കുന്ന ഈ പരമ്പരകൾ കാണുന്നതോടെ അതും ഇല്ലാതാകും.

### ദൂരക്കാഴ്ചകൾ

ഓഫീസിൽ കുത്തിയിരുന്ന് ഫയലുകൾ നോക്കുന്ന ജോലിയാണോ നിങ്ങളുടേത്? വല്ലപ്പോഴുമൊരിക്കൽപ്പോലും വ്യായാമം ചെയ്യാൻ സമയമില്ലാത്ത ആളാണോ നിങ്ങൾ?

ഈ രണ്ടു ചോദ്യങ്ങൾക്കും 'അതെ' എന്നാണുത്തരമെങ്കിൽ സൂക്ഷിക്കുക. തൊഴിൽപരമായ മാനസിക സമ്മർദ്ദം നിങ്ങളെ ഹൃദ്രോഗബാധിതനാക്കിയേക്കാം. എത്രയും വേഗം അതിനു പരിഹാരം കണ്ടില്ലെങ്കിൽ നിങ്ങൾക്ക് ഹൃദയാഘാതം ഉണ്ടായെന്നും വരാം.

തൊഴിപരമായ മാനസിക സമ്മർദ്ദത്തിന് കാരണങ്ങൾ പലതുണ്ട്. ഒന്ന്, ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലിന് ആവശ്യമായ സാങ്കേതികമോ ബുദ്ധിപരമോ ആയ വൈദഗ്ദ്ധ്യമില്ലായ്മയാണ്. നല്ല ഒരു ക്ലാർക്കായി ശോഭിക്കണമെങ്കിൽ, നോട്ടുകുറിക്കാനും കത്തെഴുതാനും കണക്കിലെ ക്രിയകൾ ചെയ്യാനും നല്ല പരിജ്ഞാനമുണ്ടായിരിക്കണം. ഇതറിയാത്ത ഒരാളിന് മേശപ്പുറത്തു കുമിഞ്ഞുകൂടുന്ന ഫയൽ കണ്ട് അന്ധാളിക്കാനേ കഴിയൂ. ഒരു ഫയൽ എങ്ങനെ 'ക്ലിയർ ചെയ്യണം' എന്നറിയാത്തതിൻെറ അന്ധാളിപ്പ് മാനസിക സമ്മർദ്ദമുണ്ടാക്കുമെന്നു പറയേണ്ടതില്ലല്ലോ.

മറ്റൊന്ന്, സമയത്തിൻെറ അപര്യാപ്തതയാണ്. എന്നും പത്തുമണിക്കു തന്നെ ഓഫീസിലെത്തുകയും അഞ്ചഞ്ചരവരെ ജോലി ചെയ്യുകയും ചെയ്താൽപ്പോലും ഫയലുകളെല്ലാം നോക്കിത്തീർക്കാൻ സമയം കിട്ടിയെന്നു വരില്ല. ഇതിനിടയിൽ ഔദ്യോഗികമായ മറ്റു ജോലികൾക്കും -മേലുദ്യോഗസ്ഥനുമായി ചർച്ച നടത്തുക, ടെലിഫോണിൽ സംസാരിക്കുക, പണമിടപാടുകൾ തീർക്കുക മുതലായവ -സമയം കണ്ടെത്തേണ്ടിവരും. സമയം തികയുന്നില്ലെന്നു തോന്നുമ്പോൾ അത് തൊഴിലിനെയും കാര്യക്ഷമതയെയും ബാധിക്കും.

മേലധികാരികളുമായുള്ള സമ്പർക്കം സുഗമമായി കാത്തുസൂക്ഷിക്കാൻ കഴിയാതെ വന്നാലും മാനസിക സമ്മർദ്ദം അനുഭവപ്പെടും. മേലധികാരികൾ മാത്രമല്ല, സഹപ്രവർത്തകരും തൊഴിൽപരമായി തന്നോടു ബന്ധപ്പെടുന്ന പൊതുജനങ്ങളും ഈ ഗണത്തിൽപ്പെടുത്തേണ്ടവരാണ്. ചുരുക്കത്തിൽ വ്യക്തിബന്ധം എന്നു പറയാം. വ്യക്തിബന്ധം സ്വച്ഛവും സുഗമവുമായാൽ മാനസിക സമ്മർദ്ദം നല്ലൊരളവു കുറയ്ക്കാൻ സാധിക്കും.

ഓഫീസിൽ കുത്തിയിരുന്ന് 'കഠിനാദ്ധ്വാനം' ചെയ്യുന്ന സ്വഭാവക്കാരനാണ് നിങ്ങളെങ്കിൽ, നിങ്ങൾ വ്യായാമം ചെയ്യാത്ത പ്രകൃതക്കാരനാണെന്ന് ഊഹിക്കാം. വ്യായാമത്തിൻെറ അഭാവം മൂലം കൊളസ്ട്രോൾ വർദ്ധിക്കുകയും അത് ഹൃദ്രോഗബാധയ്ക്ക് കാരണമാവുകയും ചെയ്യും.

### നർമദർപ്പണം

തൊഴിലന്വേഷിച്ചുവന്ന ഉദ്യോഗാർത്ഥിയോട് തൊഴിലുടമ: "നിങ്ങൾക്ക് ടൈപ്പു ചെയ്യാനറിയാമോ?"

ഉദ്യോഗാർത്ഥി: "ഇല്ല."

തൊഴിലുടമ: "നോട്ടുകുറിക്കാനറിയാമോ?"

ഉദ്യോഗാർത്ഥി: "ഇല്ല."

തൊഴിലുടമ: "നുണ പറയാനറിയാമോ?"

ഉദ്യോഗാർത്ഥി: "അറിയാം സർ."

തൊഴിലുടമ: "പാര വയ്ക്കാനറിയാമോ?"

ഉദ്യോഗാർത്ഥി: "അറിയാം സർ."

തൊഴിലുടമ: "പിന്നെ എന്തറിയാം?"

ഉദ്യോഗാർത്ഥി: "ഒന്നുമറിയില്ല."

തൊഴിലുടമ: "സോറി. ശമ്പളക്കൂടുതലുള്ള ഉയർന്ന തസ്തികകളിൽ ഞങ്ങൾക്കിപ്പോൾ ജോലികളൊന്നുമില്ല. എല്ലാം കഴിഞ്ഞയാഴ്ച നികത്തിക്കഴിഞ്ഞല്ലോ!"

## അടുത്ത നൂറ്റാണ്ടിന് ഒരു വിദ്യാഭ്യാസ ദർശനം

(13-ാം പേജിലെ ബാക്കി)

വും ഉദാത്തവുമായ ലൈംഗിക വിദ്യാഭ്യാസമാണ് നൽകേണ്ടത്. അറിവും വിവേകവും സമന്വയിപ്പിക്കാനുള്ള കഴിവ് കുട്ടിയിലുണ്ടാക്കണം. ഇതിന് ആവശ്യമായ ഗൈഡൻസും കൗൺസിലിങ്ങുമാണ് നൽകേണ്ടത്.

കായിക വിദ്യാഭ്യാസത്തിന് വളരെ-യേറെ ഊന്നൽ നൽകേണ്ട കാലഘട്ടമാണിത്. പാഠ്യപദ്ധതിയിൽ ഒരു വിഷയമായി തന്നെ കായിക വിദ്യാഭ്യാസത്തെ ഉൾപ്പെടുത്തണം. ഇവയ്ക്ക് പ്രത്യേക എഴുത്തുപരീക്ഷകളും പ്രായോഗിക പരീക്ഷകളും നടത്തേണ്ടതാണ്.

അദ്ധ്യാപകർക്ക് കാലോചിതമായ മാറ്റങ്ങൾക്കനുസൃതമായി ട്രെയിനിങ്ങുകളും കോഴ്സുകളും നൽകണം. നൂതന വിദ്യാഭ്യാസ ആശയങ്ങളുമായി അദ്ധ്യാപകരെ നിരന്തരം ബന്ധിപ്പിക്കണം.

മൂല്യനിർണ്ണയം കുറ്റമറ്റതാക്കണം. ൭൦-ഉം ൪൦-ഉം ശതമാനം ക്ലാസ് കയറ്റമെന്ന രീതി നിർത്തലാക്കണം. കുട്ടിക്ക് എഴുത്തുപരീക്ഷയോടൊപ്പം പ്രായോഗിക പരീക്ഷകളും നടത്തണം. റാങ്ക് സമ്പ്രദായം നിർത്തി ഗ്രേഡ് സിസ്റ്റം നിലവിൽ വരണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചതാവണം നൂതന വിദ്യാഭ്യാസനയം. ശരിയായ രീതിയിൽ അറിവ് നേടിയെങ്കിൽ മാത്രമേ ഇന്നത്തെ സമൂഹത്തിൽ നല്ലൊരു പൗരനായി ജീവിക്കാൻ കഴിയുകയുള്ളൂ.

'വായിക്കുക, നിൻെറ നാഥൻെറ നാമത്തിൽ വായിക്കുക'യെന്ന് വിശുദ്ധ ഖുർആൻ വർഷങ്ങൾക്കു മുമ്പുതന്നെ നമ്മെ പഠിപ്പിച്ചുതന്നു. 'അറിവ് നേടാൻ ചൈനയിൽ ചെന്നും പഠിക്കണം' എന്ന ആപ്തവാക്യം നമുക്ക് നൽകിയ പ്രവാചകൻ മുഹമ്മദ് നബി അറിവിൻെറ ലോകത്ത് ഇന്നും ഒരു ജ്യോതിസ്സാണ്. എല്ലാ മതങ്ങളും ഉദ്ബോധിപ്പിച്ചതും അറിവ് നേടുകയെന്നാണ്. അതിന് വിദ്യാഭ്യാസം നേടുക മാത്രമാണ് പോംവഴി. മഹാനായ ചിന്തകൻ റൂസ്സോയുടെ അഭിപ്രായത്തിൽ 'കൃത്രിമത്വം തീണ്ടാത്ത നല്ലൊരു മനുഷ്യനെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസം.' ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുവേണ്ടി മാറിമാറി വരുന്ന സർക്കാരുകളും, വിദ്യാഭ്യാസ വിചക്ഷണന്മാരും അദ്ധ്യാപകരും കൂട്ടായി പരിശ്രമിക്കേണ്ടതാണ്.

ദേശീയ വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കനുസൃതമായി ഒരു നൂതന വിദ്യാഭ്യാസനയത്തിന് രൂപം കൊടുക്കുകയും, അതിനനുസൃതമായി ഒരു നല്ല വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുകയെന്ന മഹത്തായ പ്രക്രിയയിൽ ഏർപ്പെടുകയെന്നതാവട്ടെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻെറ വിദ്യാഭ്യാസ ലക്ഷ്യം. •

# പടവ്

(25-ാം പേജിലെ ബാക്കി)

ഉച്ചത്തിൽ കരഞ്ഞു. നീണ്ടുകൂർത്ത നഖമുനകൾ അവളുടെ പൊക്കിൾചുഴിയിൽ തിരുകി ഇറക്കി. വേദനകൊണ്ട് അവൾ പിടഞ്ഞു, വിങ്ങിക്കരഞ്ഞു. അവളുടെ വിങ്ങലുകൾ തൊടികടന്ന് കാവിലേക്ക് പടർന്നു.

കുലച്ചുനിന്ന കവുങ്ങിൻ തലപ്പിൽ കാറ്റ് വീണ്ടും ഉണർന്നു; പടർന്നു. കാവു ഉലഞ്ഞു കാട്ടുവള്ളികൾ ഇളകി, പാമ്പിൻ കൂട്ടം ഉണർന്നു. മാളങ്ങളിൽനിന്ന് സർപ്പത്തലകൾ പുറത്തേക്ക് നീണ്ടു, വീണ്ടും അകത്തേക്ക് വലിഞ്ഞു. രാപക്ഷികൾ കൂട്ടത്തോടെ പറന്നുയർന്നു മടങ്ങി ചില്ലകളിൽ വന്നിരുന്നു.

തൊഴുത്തിൽ കിടാക്കൾ കാറ്റിളക്കം തട്ടി ഉണർന്നു. വാതിൽപാളികൾ തള്ളി തുറന്നു ചൂളംവിളിച്ചെത്തിയ കാറ്റ് അവളുടെ കാതിലൂടെ നൂഴ്ന്നിറങ്ങി ഞരമ്പുകളിൽ പടർന്നു. മുടി കുത്തഴിഞ്ഞു, ജഘനപ്രദേശം ഇളകി, മുലഞെട്ടുകൾ ത്രസിച്ച് തുറന്നു. ചവിട്ടി കുഴച്ച മണ്ണുപോലെ ഇളകിമറിഞ്ഞ അവൾ ഇരുകാലിൽ തുള്ളി ആടിത്തിമർത്ത് പുറത്ത് നിഭൃതമായ് പരന്ന് തളർന്ന് കിടന്ന നിലാവിലേക്ക് ഇറങ്ങി.

പടവിന് താഴെ കടൽക്കര എപ്പോഴും ജനനിബിഡം ആണ്. മോക്ഷംതേടി ജനക്കൂട്ടം ഉഴറി അലയുന്നു. തർപ്പണം ചെയ്ത നാക്കിലയും പൂവും ദർഭതുണ്ടും അശരണമായ് തിരകൾക്ക് മീതെ ഒഴുകി നടക്കുന്നത് അകലെ പടവിൽ നിൽക്കെ കാണാം.

ഇടതുവശത്തെ കൈവരിയിലും വഴുവഴുത്ത പായൽപറ്റി പടർന്നുകിടന്നു. വിഴുപ്പ് പുറത്ത് പറ്റും എന്ന ആശങ്ക മാത്രം ആയിരുന്നില്ല കയറ്റത്തിൻെറ ആയാസം കുറയ്ക്കുമായിരുന്ന കൈവിരക്ക് അടുത്തുനിന്ന് അവളെ അകറ്റി നിർത്തിയത്. അശ്രദ്ധമായ അവധാനതയില്ലാത്ത ഒരു ചെറുചലനം മതിയാകും നെടുങ്ങനെ പടുത്തുയർത്തിയ പടവിൽ കൈവരിക്ക് താഴെ തലയലച്ച് തകരുന്ന കടൽത്തിരയിലേക്ക് പതിക്കാൻ. ആരാലും തടയപ്പെടാൻ കഴിയാതെ, തൂവൽത്തുണ്ട് ചെറുകാറ്റിൽ ഉഴറിമറിഞ്ഞ് താഴേയ്ക്ക് പോകുംപോലേ തോന്നൂ. കാതോർത്താൽ കേൾക്കാം താഴെ തിരമറിയുന്ന ഇരമ്പൽ.

മുകളിൽ എവിടെയോ മഴ ചൊരിഞ്ഞ് വെള്ളം താഴേക്ക് പെട്ടെന്ന് ഒഴുകിവന്നു. കുത്തൊഴുക്കിൽപ്പെട്ട് പോകാതെയിരിക്കാൻ പടിമേൽ മുറുകെ പിടിച്ചു, നനഞ്ഞ് ചെളിയിൽ കുഴഞ്ഞ് ഇരുന്ന് വഴുതലിൻെറ വക്കോളം എത്തി ചെറുതരിയുടെ ബലത്തിൽ ആശ്വാസം കണ്ടെത്തിയ നിമിഷങ്ങൾ.

പൊള്ളുന്ന വേനൽചൂടിനും പുറമെ കാണുന്ന മോടികൾക്കും അപ്പുറം മരുഭൂമിയിലെപോലെ പൊടുന്നനെ വന്നുചേരുന്ന മഞ്ഞുവീഴ്ചയോ കൊടുങ്കാറ്റോ എല്ലാം മാറ്റി മറിക്കും. ചിലർ പിറകിലേക്ക് തള്ളപ്പെടും. അവൾ ഓർത്തു. തന്നോടൊപ്പം യാത്ര തുടങ്ങിയവരിൽ പലരും പടവിൽ എവിടെയോ നഷ്ടപ്പെട്ടു പോയിരിക്കുന്നു.

പതുക്കെ മഴ മാറി പാദങ്ങളിൽ പകർന്ന് നിന്ന ശീതളിമ വെറും തോന്നൽപോലെ കുറേശ്ശേ നഷ്ടപ്പെട്ടു. ഇപ്പോൾ മുകളിൽ ക്ഷേത്രമിനാരങ്ങൾക്ക് മീതെ

കത്തിനിൽക്കുന്ന സൂര്യന് താഴെ പൊള്ളുന്ന വെളിച്ചം.

താഴെ വിനോദയാത്രക്കാർ ഉച്ചത്തിൽ സംസാരിക്കുന്നു. തൊട്ടടുത്താണ് എല്ലാം സംഭവിക്കുന്നത് എന്നാൽ അത്ര അടുത്തല്ല.

"വൃത്തികെട്ട പടവ്.... യാത്ര തിരിച്ചപ്പോൾ ഇത്രയ്ക്കൊന്നും കരുതിയിരുന്നില്ല." ആരോ പറയുന്നു.

"ചാരൂ.... നമുക്ക് അവിടെ പൂന്തോപ്പിലേക്ക് പോയാലോ."

"നോക്കൂ ഗംഗ... എന്നെ ചാരൂ എന്ന് വിളിക്കരുതെന്ന് എത്ര പ്രാവശ്യം പറഞ്ഞു. ചാരുഹാസൻ എന്ന് തീർത്ത് വിളിച്ചെങ്കിലെ മതിയാകുകയുള്ളു." അവൻ ദേഷ്യപ്പെട്ടു.

"നോ.... നെവർ... യൂ മിസ്ചീവസ് യംഗ് ചാപ്പ്.... ഐ ഡു നോട്ട് ലൈക് ടു പ്രാലാക്ക് യുവർ നെം. കമോൺ ബോയ്.... അല്ലെങ്കിൽ തന്നെ ഒരു പേരിൽ എന്തിരിക്കുന്നു...." അവൾ അവൻെറ കൈക്കു പിടിച്ചുവലിച്ചു.

പൂന്തോപ്പിൽ ധാരാളം സ്ഥലം ഉണ്ടായിരുന്നു. അവർ കൂട്ടംകൂടി സിമൻറ് ബഞ്ചിന് താഴെ മരത്തണലിൽ ഇരുന്നു.

കൂട്ടത്തിൽനിന്ന് മാറി അരുണ തൊട്ടടുത്ത വാകമരത്തിൻെറ ഇല നുള്ളി താഴ്വാരത്തേക്ക് നോക്കിനിന്നു. പൂക്കളും നിറങ്ങളും വരിവരിയായ് അവളുടെ പ്രജ്ഞയിലേക്ക് നിറഞ്ഞുതുടങ്ങുകയായിരുന്നു. പക്ഷികൾ പാടിപറന്നു മരച്ചില്ലകളിൽ വന്നും പോയും ഇരുന്നു. പടവിന് താഴെ വലതുവശം നിറയെ പൂന്തോപ്പാണെന്ന് കരുതിയിരുന്നില്ല. അവൾ ഓർത്തു. എന്തെല്ലാം തിരിച്ചറിവുകൾ.

"ഇവിടെ ആരും അന്യരല്ല. ആരും



ആരേയും കാത്തിരിക്കുകയോ ഭയപ്പെടുകയോ വേണ്ട...." ചാരുഹാസൻ മദ്യം പകർന്നുകൊണ്ട് പറഞ്ഞു.

ഗംഗ ടേപ്പ് റിക്കോർഡർ ഓൺ ചെയ്തു. ഗ്ലാസുകൾ നിറഞ്ഞൊഴിഞ്ഞുകൊണ്ടിരുന്നു. ചുറ്റിനും പതഞ്ഞൊഴുകുന്ന പാശ്ചാത്യസംഗീതത്തിനൊപ്പം ചുവടുകൾ ഒന്നൊന്നായ് ഇളകി ആടിത്തുടങ്ങി.

മടിയിൽ തലവെച്ച് ആകാശത്തേക്കുനോക്കി കിടന്ന ശാന്തിയുടെ മിഴികളിൽ ഒഴുകിനീങ്ങുന്ന മേഘശകലങ്ങളെ നോക്കി ദിനകരൻ ഇരുന്നു. അവളുടെ നീണ്ടുനേർത്ത കൈവിരലിലെ നീല ഞരമ്പുകളിലൂടെ അവൻ അമർത്തി തടവി. ഉള്ളിൽ ലഹരി കുറേശ്ശേ പടർന്നു കയറി.

കുഴഞ്ഞ് മറിയുന്ന ബഹളങ്ങൾ ചുറ്റും, അവയിലൊക്കെ അസഹ്യത തോന്നി അരുണ തിരിഞ്ഞ് പടവിലേക്ക് നടന്നു.

ദൂരെ കുട്ടികൾ മണ്ണിൽ കുത്തിമറിഞ്ഞു കളിക്കുന്നു. വേറൊരു കൂട്ടർ പടവിനോട് ചേർന്നു തളിർത്ത് പടർന്ന് നിന്ന ചെമ്പരത്തി ചെടിയുടെ പൂവിറുത്ത് കോർത്തുകെട്ടുന്നു.

കൂട്ടത്തിൽനിന്ന് ഒറ്റപ്പെട്ട ഒരു കുട്ടി കോർത്ത് കെട്ടിയ മാലയും ആയി കൈവരിക്ക് അടുത്തേക്ക് നടന്നു. കൂടെ ഉണ്ടായിരുന്നവരിൽ ചിലർ പകച്ച് നിന്നു. മറ്റ് ചിലർ നിലവിളിച്ചു.

കൂസലില്ലാതെ അവൻ നടന്നു കൈവരിക്ക് അടുത്തെത്തി. കൈവരിയിൽ നെഞ്ചമർത്തി പടവിൽ കാലുകൾ തൊട്ടു തൊടാതെ നിന്നു, പൂമാലയുടെ ഒരു തല താഴേയ്ക്കിട്ട് മറുതല ഉയർത്തിയും താഴ്ത്തിയും, കളിക്കുന്ന കുട്ടിയെ അവൾ പെട്ടെന്ന് തിരിച്ചറിഞ്ഞു. ഞെട്ടി.

തലയിൽ എഴുന്ന കുറ്റിമുടി, ഉന്തിയ കണ്ണുകൾ, മുകളിലേക്ക് തുറന്ന നാസാഗ്രം, തടിച്ച ചുണ്ടുകൾക്കിടയിൽ കൂടി പുറത്തേക്ക് തള്ളി മഞ്ഞിച്ച പല്ലുകൾ, കറുത്ത് നീണ്ടുരുണ്ട കൈകാലുകൾ.

"അരുതെ...." എന്ന് ആർത്തുവിളിച്ച് അവൾ അവന് അരികിലേക്ക് ഓടി. ഓടിയെത്താൻ കഴിയുന്ന ദൂരം ആയിരുന്നില്ല അവർക്കിടയിൽ. ഞൊടിയിടയിൽ കൈവരിയിൽ നെഞ്ചുരസി തലകുത്തി, ആരാലും തടയപ്പെടാൻ കഴിയാതെ അവൻ താഴേക്ക് പോയി.

ജാനുവിൻെറ കണങ്കാൽ വഴി ഒരു തരിപ്പ് മുകളിലേക്ക് കയറി. പൊട്ടിക്കരഞ്ഞുകൊണ്ട് അവൾ പടിമേൽ തളർന്നിരുന്നു. അവളുടെ നിലവിളി പടികളിൽ തട്ടി ചിന്നിച്ചിതറി.

●

## എഴുത്ത് ആത്മനിർവൃതിയുടെ

(37-ാം പേജിലെ ബാക്കി)

ലെഴുതാൻ ആവശ്യമായ യോഗ്യതകളാണ്.

[?] പഴയകാല ചിന്ത വേണ്ടതുതന്നെ. എന്നാൽ ഇന്ന് നമ്മുടെ സംസ്കാരത്തിനു ഒരേ സമയം അനേകം പ്രഹരങ്ങൾ ഏൽക്കുകയാണ്. സംസ്കാരത്തിന് പരിരക്ഷ നൽകേണ്ടത് സാഹിത്യകാരൻെറ കൂടി കടമയാണ്. ഇക്കാര്യത്തെക്കുറിച്ച് താങ്കളുടെ പരിചിന്തനമെന്താണ്?

[=] രാഷ്ട്രത്തിൻെറ സംസ്കാരമെന്നത് ഒരനുസ്യൂത പ്രവാഹമാണ്. അതിൻെറ പ്രയാണപഥത്തിൽ പല തടസ്സങ്ങളും ഉണ്ടാകും. ഈ ലോകത്തിൽ അനേകം വലിയ രാഷ്ട്രങ്ങളും ചെറിയ രാഷ്ട്രങ്ങളുമുണ്ട്. ഓരോ രാഷ്ട്രവും ചിലപ്പോൾ വേറെ സംസ്കാരമുള്ള മറ്റ് രാഷ്ട്രങ്ങളുമായി ചുറ്റപ്പെട്ട് കിടക്കുന്നു. അതിർത്തിയിലുള്ള രാജ്യങ്ങളുമായി പല കാരണങ്ങളാൽ സംഘട്ടനവുമുണ്ടാകുന്നു.

അലക്സാണ്ടർ, ചെങ്കിസ്ഖാൻ, ബാബർ, ഗസ്നി, ഗോറി അങ്ങനെ പലരും വന്ന് അവരുടെ രാജ്യത്തിൻെറ വിസ്തൃതി വർദ്ധിപ്പിച്ചു. അങ്ങനെ നമ്മുടെ സംസ്കാരത്തിന് പ്രഹരമേറ്റു. യുദ്ധത്തിൽ വിജയിച്ചവർ തോറ്റവരെ സ്വന്തം ചൊൽപ്പടിക്ക് നിർത്തുന്നു. പാശ്ചാത്യ സംസ്കാരം നമ്മുടെ സംസ്കാരത്തിൽ വലിയ സ്വാധീനം ചെലുത്തി. നമ്മുടെ രാജ്യം വിസ്തൃതമാകുന്നതിൽ പാക്കിസ്താൻ, ചൈന, ബംഗ്ലാദേശ് ഇവർക്കെല്ലാം അരിശം തോന്നും. എന്തെങ്കിലുമൊക്കെ പ്രശ്നങ്ങളുണ്ടാക്കി അവർ ഇവിടെ സമാധാനഭംഗമുണ്ടാക്കും. ഇവിടെ മതപരിവർത്തനം നടത്തി ആളുകളെക്കൊണ്ട് കലഹമുണ്ടാക്കുന്ന ശക്തികളുണ്ട്.

ഇപ്പോൾ ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം നമ്മുടെ രാജ്യത്തെ പീഡിപ്പിക്കുന്നു. നമുക്കത് സഹിക്കേണ്ടിവരുന്നു. ചില സാമ്പത്തിക തന്ത്രങ്ങൾക്ക് വികസ്വര രാഷ്ട്രങ്ങളുടെ ഭിത്തികളിൽ വിള്ളലുണ്ടാക്കാൻ സാധിക്കും. ചിലപ്പോൾ രാജ്യത്തിൻെറ അടിത്തറ തന്നെ ഇളക്കാനും അത്തരം തന്ത്രങ്ങൾക്ക് സാധിക്കും. പുരുഷാർത്ഥങ്ങളിൽത്തന്നെ അർത്ഥത്തിനും കാമത്തിനും പ്രാധാന്യം കിട്ടുന്നുണ്ട്. ഈ സംക്രാന്തി കാലത്തിൽ സാഹിത്യകാരന് ചില പ്രത്യേക കർത്തവ്യങ്ങൾ നിർവ്വഹിക്കാനുണ്ട്. നമ്മുടെ നിലനിൽപ്പ് ഭദ്രമാകണം. രാഷ്ട്രത്തിൻെറ വളർച്ചയ്ക്ക് അനുഗുണമായിത്തീരുന്ന പ്രേരണാദായകവും ആരോഗ്യപൂർണ്ണവുമായ അന്തരീക്ഷമുണ്ടാകണം. മനുഷ്യനിൽ വിവേകമുണരണം. സന്തുലിത വ്യക്തിത്വം രൂപപ്പെടണം. അതിന്ന് കെൽപ്പുള്ള സാഹിത്യമാണിന്നാവശ്യം. എന്നാൽ അതൊന്നും കൃത്രിമമാകരുത്. സഹജ സ്വാധീനം സൃഷ്ടിക്കാൻ കഴിയണം. അതെ, സംസ്കാരത്തെ രക്ഷിക്കുക എഴുത്തുകാരൻെറ കർത്തവ്യമാണ്.

[?] എഴുത്ത് ആത്മജാഗ്രതയുടെ നിമിഷമാണോ അതോ ആത്മവിസ്മൃതിയുടേയോ?

[=] എഴുത്തിൻെറ നിമിഷത്തിൽ എനിക്ക് സ്വന്തമായ നിലനിൽപ്പില്ല. പ്രകൃതിയുടേയും സമൂഹത്തിൻേറയും പ്രതിഫലനമായാണ് ഞാൻ എഴുത്തിനെ കാണുന്നത്. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. സമൂഹത്തിൽ കഴിയവേ തന്നെ സ്വന്തം ചുറ്റുപാടുകളും സുഖദു:ഖങ്ങളും അവനിൽ സ്വാധീനം ചെലുത്തുന്നു. എഴുത്തുകാരൻെറ മനസ്സിൽ സംഭവവും കഥാപാത്രവുമൊക്കെ ആഴത്തിൽ പതിയുന്നു. അപ്പോൾ അയാളുടെ എഴുത്തിലും തീവ്രതവരുന്നു. അനുവാചകൻെറ മനസ്സിനേയും അത് തീവ്രമായി ആകർഷിക്കുന്നു. എഴുത്തുകാരൻ ആ ലോകത്ത് നിമഗ്നനാകുന്നില്ലെങ്കിൽ അയാളുടെ സൃഷ്ടിയിൽ യാഥാർത്ഥ്യത്തിൻെറ പ്രകാശം പ്രതിഫലിക്കില്ല. എഴുത്തിൻേറത് ഒരു ഭാവലോകമാണ്. അവിടേയ്ക്ക് കടന്നാൽ ഒരു താദാത്മ്യം അനുഭവപ്പെടും. ആ ഭാവധാരയിൽ അയാൾ ഒഴുകിപ്പോകും. ഈ ഒഴുക്കിലും തൻെറ വിവേകത്തെ അയാൾ ഉണർവ്വോടെ സൂക്ഷിക്കും. നിപുണനായ ഒരെഴുത്തുകാരൻ ഭാവനയിൽ വിഹരിക്കുക മാത്രമല്ല ചെയ്യുന്നത്. യാഥാർത്ഥ്യത്തേയും സത്യത്തേയും സ്പർശിച്ചുകൊണ്ട് കഥ, ശിൽപ്പം, കഥാപാത്രം -ഇവയൊക്കെമെനഞ്ഞെടുക്കുന്നു. ഈ സർഗ്ഗപ്രക്രിയയിൽ അയാളുടെ മനോലോകത്തിൽ ഒരു ഭാവതലം അലയടിക്കുന്നു. ആ ഭാവലോകത്തിൽ വ്യത്യസ്ത ഭാവങ്ങൾ ഏറ്റുമുട്ടുന്നു. ഈ സ്ഥിതിയുടെ ആവിഷ്ക്കാരമാണ് സൃഷ്ടിയുടെ നോവും സാധനയും. എഴുത്തുകാരൻെറ വീക്ഷണം, സംസ്കാരം, വിവേകം, ആശയം, ഭാഷാസിദ്ധി, ആവിഷ്ക്കരണ പാടവം ഇവയെയൊക്കെ ആശ്രയിച്ചുള്ളതാണ് ഈ സാധനയുടെ വിജയം. ഈ നിമിഷത്തിലാണ് എഴുത്തുകാരൻ ഒരു ശിൽപ്പിയും ചിത്രകാരനും കലാകാരനും സ്രഷ്ടാവുമൊക്കെയായിത്തീരുന്നത്.

[?] മികച്ച നോവലുകളും കഥകളും താങ്കൾ രചിച്ചിട്ടുണ്ട്. ഈ സാഹിത്യശാഖകൾ തമ്മിൽ സാമ്യവും അന്തരവുമുണ്ട്. താങ്കളുടെ വീക്ഷണം വ്യക്തമാക്കാമോ?

[=] നോവലിൻേറത് വിശാലമായ ഒരു ക്യാൻവാസാണ്. വ്യക്തി, ചുറ്റുപാട്, സംഭവങ്ങൾ ഇവയൊക്കെ വൈവിദ്ധ്യത്തോടും ഗഹനതയോടും ഈ ക്യാൻവാസിൽ ചിത്രീകരിക്കാനാകും. ജീവിതത്തേയും സമൂഹത്തേയും ബാധിക്കുന്ന അനേകം പ്രശ്നങ്ങൾ ഇവിടെ വർണ്ണിക്കാം. വ്യക്തിയുടെ സ്വഭാവത്തേയും ചുറ്റുപാടുകളേയും ഭാഷ, പ്രദേശം, സാമൂഹ്യ -സാംസ്കാരിക -സാമ്പത്തിക -രാഷ്ട്രീയ പ്രശ്നങ്ങൾ -ഇവയൊക്കെ സ്വാധീനിക്കുന്നു. വ്യക്തിയുടെ സ്വഭാവത്തിൻെറ അനേകവശങ്ങൾ ഇവിടെ അനാവൃതമാകുന്നു. കഥയിൽ ഒരു സംഭവമോ, വ്യക്തിയുടെ സ്വഭാവത്തിൻെറ ഒരു വശമോ മാത്രമേ ചിത്രീകരിക്കാനാകൂ. ഒരു മിന്നൽപ്പിണർപോലെ മാത്രമേ അത് പ്രകടമാകൂ. ഏറെ സംഭവങ്ങളും സാഹചര്യങ്ങളും സ്വഭാവ വൈവിദ്ധ്യവും ചിത്രീകരിക്കാൻ കഥയിൽ സാധിക്കില്ല. സുഘടിതശൈലിയിൽ മർമ്മ സ്പർശിയായി വർണ്ണിക്കുന്നതാണ് കഥ. നോവൽ ഒരു പനിനീർച്ചെടിയും ചെറുകഥ അതിൻെറ ഒരു ചില്ലയിൽ വിരിഞ്ഞ് കാറ്റിൽ ഉലാത്തുന്ന ഒരു മനോഹര വർണ്ണ പുഷ്പവുമാണെന്ന് പറയാം.

[?] നിരവധി കഥാപാത്രങ്ങൾക്ക് താങ്കൾ പിറവി നൽകിയിട്ടുണ്ട്. അതിൽ താങ്കളുടെ ആത്മാവിനോട് ഏറ്റവും അടുത്തുനിൽക്കുന്ന കഥാപാത്രത്തെക്കുറിച്ച്...

[=] എഴുത്തുകാരൻ സൃഷ്ടിച്ച കഥാപാത്രങ്ങളിൽവെച്ച് കൂടുതൽ മാനസിക അടുപ്പമുള്ള കഥാപാത്രത്തെക്കുറിച്ച് പറയുക പ്രയാസമാകും. ഓരോ കഥാപാത്രത്തിലും എഴുത്തുകാരൻെറ ആത്മാംശം ഏറ്റക്കുറച്ചിലുകളോടെ ലയിച്ചുചേർന്നിട്ടുണ്ടാകും. സംഭവങ്ങൾ വർണ്ണിക്കുമ്പോൾ എഴുത്തുകാരൻെറ മനസ്സിനെ ഗഹനമായി സ്വാധീനിക്കുന്ന ചില സന്ദർഭങ്ങളുണ്ടാകും. അതിൽ എഴുത്തുകാരൻ കൂടുതൽ താദാത്മ്യം പ്രാപിക്കും. അപ്പോൾ അനുഭൂതികൾക്കും ശൈലിക്കും വശ്യതയേറും. കഥാപാത്രത്തിന് സഹജതയും സ്വാഭാവികതയും കൂടും. നമ്മുടെ ജീവിതത്തിൽ എവിടെയോ വെച്ച് ബന്ധപ്പെട്ട ഒരു കഥാപാത്രമാണിതെന്ന് തോന്നിപ്പോകും. അത്തരം കഥാപാത്രങ്ങൾ മനസ്സിനോട് അടുത്തുനിൽക്കും. മറക്കാൻ ശ്രമിച്ചാലും അവരെ മറക്കാനാവില്ല.

[?] മരണരംഗങ്ങൾ താങ്കൾ ഹൃദയസ്പർശിയായി ചില കഥകളിലും നോവലുകളിലും വർണ്ണിച്ചിട്ടുണ്ട്. മരണരംഗ വർണ്ണന ഒരു വ്യത്യസ്ത അനുഭവമായിരിക്കുമല്ലോ ?

[=] സംഭവങ്ങളുടെ തുടർച്ച വർണ്ണിക്കുമ്പോൾ ചില കഥാപാത്രങ്ങൾ മരിക്കും. ആ കഥാപാത്രവുമായി എഴുത്തുകാരന്റെ മനസ്സിന് അടുപ്പമില്ലെങ്കിൽ, അയാളോട് സഹാനുഭൂതിയില്ലെങ്കിൽ ആ മരണം എഴുത്തുകാരന്റെ മനസ്സിനെ അങ്ങനെ ഉലയ്ക്കുകയില്ല. മനസ്സിനോട് അടുത്തുനിൽക്കുന്ന കഥാപാത്രത്തിന്റെ മരണം എഴുത്തുകാരന്റെ മനസ്സിനെ നടുക്കും. ആ കഥാപാത്രത്തെക്കുറിച്ചോർത്ത് മനസ്സ് വ്യാകുലപ്പെടും. 'സ്വപ്നവും സത്യവും' എന്ന നോവലിലെ ഗൗരി അത്തരമൊരു കഥാപാത്രമാണ്. അവളുടെ മരണരംഗം എന്റെ മനസ്സിന് കനത്ത പ്രഹരമേൽപ്പിച്ചു. സത്യം പറയട്ടെ, കുറേ നാളുകളോളം എനിക്ക് ആ സംഭവം മറക്കാനായില്ല. ഒരാഴ്ച നോവൽ രചന അതു കാരണം മുടങ്ങുകയും ചെയ്തു.

[?] ഈടുറ്റ നിരവധി മൗലിക കൃതികളെഴുതിയ താങ്കൾ വിവർത്തന രംഗത്തും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്. രണ്ടുതരം സൃഷ്ടികളും രണ്ടുതരം സംതൃപ്തിയാണോ നൽകുന്നത്. വിവർത്തന സംതൃപ്തി ഏത് വിധത്തിലുള്ളതാണ്?

[=] സ്വന്തം മക്കളിലൂടെ ലഭിക്കുന്ന സുഖം ഒന്നുവേറെത്തന്നെയാണ്. അതുപോലെയാണ് സ്വന്തം കൃതികളുടേയും കാര്യം. നൂറുശതമാനം സാന്ദ്രതയോടെ വിവർത്തനം ചെയ്യാനാവില്ലെന്ന് പറയാറുണ്ട്. സ്രോത ഭാഷയുടെ കലാത്മകത പൂർണ്ണമായി വിവർത്തകൻ മനസ്സിലാക്കണം. പിന്നെ നടക്കുന്നത് പുനഃസൃഷ്ടിയാണ്. അവിടെ അൽപ്പം തേയ്മാനമോ പാകപ്പിഴവോ വരും. 90 ശതമാനം വിജയം നേടാൻ സാധിച്ചേക്കും. സ്രോതഭാഷയിൽ വർണ്ണിച്ച ജിവിത ചുറ്റുപാടിൽ ജീവിച്ചവനായിരിക്കില്ല വിവർത്തകൻ. മൂലഗ്രന്ഥകാരന്റെ ആശയ ശൃംഖല രൂപപ്പെട്ട ചുറ്റുപാടിനെക്കുറിച്ച് വിവർത്തകൻ അഭിജ്ഞനായിരിക്കണമെന്നില്ല. അതിനാൽ അതിലെ ബിംബം തെളിഞ്ഞു വരില്ല. സർഗ്ഗസുഖം മൂലകൃതി രചിക്കുമ്പോഴാണ് ലഭിക്കുകയെന്നാണ് എന്റെ അനുഭവം.

[?] ഇരുപതാം നൂറ്റാണ്ടിന്റെ സായംസന്ധ്യയിലൂടെയാണ് നാമിപ്പോൾ നീങ്ങുന്നത്. പുതിയ നൂറ്റാണ്ടിന്റെ ഉദയത്തിന്റേയും ഈ നൂറ്റാണ്ടിന്റെ അസ്തമയത്തിന്റേയും സംക്രാന്തിവേളയിൽ ഒരു എഴുത്തുകാരനെന്ന നിലയിൽ താങ്കളുടെ മനസ്സിൽ പ്രതീക്ഷകളാണോ ആശങ്കകളാണോ കൂടുതലുള്ളത്.

[=] ശരിയാണ്. മൂന്ന് വർഷം കഴിയുന്നതോടെ നാം ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കും. ജീവിതം സംഘർഷപൂർണ്ണമാണ്. മനുഷ്യൻ ശുഭാപ്തി വിശ്വാസിയാണ്. സംഘർഷങ്ങളിലൂടെ നീങ്ങുമ്പോഴാണ് വ്യക്തി വളർച്ചനേടുന്നത്. ഈ വസ്തുതകളെല്ലാം ശരിയാണ്. മഥനം ചെയ്താൽ കിട്ടുന്നത് അമൃതായിരിക്കും. എന്റെ കാഴ്ചപ്പാടിൽ 21-ാം നൂറ്റാണ്ട് ശാസ്ത്രനേട്ടങ്ങളുടെ നൂറ്റാണ്ടായിരിക്കും. ഹൃദയപക്ഷത്തേക്കാൾ ബുദ്ധിപക്ഷത്തിനായിരിക്കും അവിടെ പ്രാമുഖ്യം. ഹൃദയവും മസ്തിഷ്ക്കവും തമ്മിലുള്ള സംഘർഷത്തിന്റെ ഫലം ഭയാനകമായിരിക്കും. ഈ ലോകം അണ്വായുധങ്ങളുടെ ഗവേഷണ പ്രയോഗങ്ങൾക്കുള്ള ഇടമായി മാറും. ദുർബ്ബല രാഷ്ട്രങ്ങളും അവരുടെ അസ്തിത്വം അറിയിക്കാനുള്ള മത്സരത്തിൽ മുന്നോട്ടുവന്ന് അവരുടെ മറ്റാവശ്യങ്ങൾ വിസ്മരിച്ചു പോകും. അങ്ങനെ ഹൃദയവികാസത്തിനുള്ള അവസരങ്ങൾ അപ്രധാനമായിത്തീരും. കമ്പ്യൂട്ടർ വിവർത്തനങ്ങളുടെ കാസറ്റുകൾ അങ്ങാടിയിൽ കിട്ടും. ഇതിൽ രാഗാത്മക ഭാവങ്ങളുടേയും കോമളഭാവങ്ങളുടേയും അഭാവം പ്രകടമാകും. ഈ പ്രശ്നങ്ങളൊക്കെ നിലനിൽക്കെത്തന്നെ സാത്വിക മൂല്യങ്ങൾ പ്രതിഷ്ഠിക്കാനും സാംസ്കാരിക മൂല്യങ്ങളുടെ പാരമ്പര്യം നിലനിർത്താനും മനുഷ്യൻ ശ്രമിച്ചുകൊണ്ടിരിക്കും. ക്ഷൈണിക സുഖം മനുഷ്യനെ തളർത്തും. അപ്പോൾ മനുഷ്യൻ രാഗാത്മക ഭാവങ്ങൾക്കായി സ്വന്തം മനസ്സിലേക്ക് എത്തിനോക്കും. അതിന്റെ ആവിഷ്ക്കരണം സാഹിത്യത്തിൽ പ്രതിഫലിക്കും.

ഈ ലോകം മനുഷ്യചിന്തയുടേയും സാഹിത്യസൃഷ്ടിയുടേയും കേന്ദ്ര ബിന്ദുവായി മാറും. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം മെച്ചപ്പെടും. എന്തായിരുന്നാലും ശരി സംസ്കാരത്തിൽ വ്യക്തിയെ അപേക്ഷിച്ച് ലോകത്തിന്റെ പങ്ക് വലുതായിത്തിരും. അടുത്ത നൂറ്റാണ്ടിൽ വ്യക്തിയുടേയും രാഷ്ട്രത്തിന്റേയും സമൂഹത്തിന്റേയും വളർച്ചയും പതനവുമൊക്കെ വിശ്വതലത്തിലാകും. ഇറാൻ, കൊറിയ, വിയറ്റ്നാം എന്നീ രാഷ്ട്രങ്ങളിലെ സംഭവവികാസങ്ങൾ നാം കണ്ടതാണല്ലോ. ലോകത്തിൽ അരാജകത്വം വളരും. നരബലി നടക്കും. 21-ാം നൂറ്റാണ്ടിന്റെ മൂന്നാമത്തേയും നാലാമത്തേയും ദശകങ്ങളാകുമ്പോഴേയ്ക്ക് ചിന്തയുടെ കേന്ദ്രബിന്ദു വ്യക്തിയും സമൂഹവുമായിത്തീരും.

രാഷ്ട്രീയ അസമത്വങ്ങൾ സൃഷ്ടിക്കുന്ന വിഷമമനുഭവിക്കുന്ന സമൂഹത്തിനുള്ള മോചനമാർഗ്ഗം കണ്ടെത്തുക തങ്ങളുടെ കടമയാണെന്ന് സാഹിത്യകാരന്മാർ മനസ്സിലാക്കും. സംഘർഷപൂരിതമായ സമൂഹത്തെ നിശിതമായി വിമർശിക്കുന്നതോടൊപ്പം കുഴപ്പങ്ങൾ ദുരീകരിക്കാൻ വഴികാട്ടുന്ന സാഹിത്യമായിരിക്കും എഴുത്തുകാരൻ രചിക്കുക. ●

**മൂന്ന് വർഷം കഴിയുന്നതോടെ നാം ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കും. 21-ാം നൂറ്റാണ്ട് ശാസ്ത്ര നേട്ടങ്ങളുടെ നൂറ്റാണ്ടായിരിക്കും. ഹൃദയപക്ഷത്തേക്കാൾ ബുദ്ധിപക്ഷത്തിനായിരിക്കും അവിടെ പ്രാമുഖ്യം. ഹൃദയവും മസ്തിഷ്ക്കവും തമ്മിലുള്ള സംഘർഷത്തിന്റെ ഫലം ഭയാനകമായിരിക്കും.**


## പൈനാപ്പിൾ ചട്നി

**ആവശ്യമായ സാധനങ്ങൾ**

| | |
|---|---|
| പൈനാപ്പിൾ വൃത്തിയാക്കിയത് | 250 ഗ്രാം |
| മുളകുപൊടി | 4 അല്ലെങ്കിൽ 6 ടീസ്പൂൺ |
| വെളുത്തുള്ളി വൃത്തിയാക്കിയത് | 2 ടേബിൾ സ്പൂൺ |
| ഇഞ്ചി വൃത്തിയാക്കി ചെറുതായി അരിഞ്ഞത് | ഒന്നര ടീസ്പൂൺ |
| പഞ്ചസാര | 200 ഗ്രാം |
| വിന്നാഗിരി | 6 അല്ലെങ്കിൽ 8 ഔൺസ് (1 കപ്പ്) |
| ഉപ്പ് | ആവശ്യത്തിന് |

**പാകംചെയ്യുന്ന വിധം**

മുളകുപൊടിയും വെളുത്തുള്ളിയും ഇഞ്ചിയും വിന്നാഗിരി തൊട്ട് അരയ്ക്കുക. വിന്നാഗിരിയിൽ പഞ്ചസാരയും ഉപ്പും അരപ്പും ചേർത്തിളക്കിയ ശേഷം പൈനാപ്പിൾ പൊടിയായി അരിഞ്ഞ് (mince) വെച്ചിരിക്കുന്നതിൽ ചേർത്തിളക്കുക. പൈനാപ്പിൾ അടുപ്പിൽ വെച്ച് ഇളക്കിക്കൊണ്ടിരിക്കുക. പത ഉണ്ടാകുന്നത് വെട്ടിമാറ്റുക. പൈനാപ്പിൾ ആവശ്യത്തിന് കുറുകിക്കഴിയുമ്പോൾ അടുപ്പിൽ നിന്നിറക്കി അണുവിമുക്തമായ കുപ്പിയിൽ നിറയ്ക്കുക.



## ജാം നട്സ്

**ആവശ്യമായ സാധനങ്ങൾ**

| | |
|---|---|
| മൈദ | 450 ഗ്രാം |
| പഞ്ചസാര പൊടിച്ചത് | 75 ഗ്രാം |
| ഡാൽഡ | 75 ഗ്രാം |
| മുട്ട | ഒന്ന് |
| പാൽ | കുറച്ച് |
| ഉപ്പ് | ഒരു നുള്ള് |
| ജാം | 4 ടേബിൾസ്പൂൺ |
| ഡാൽഡ | വറുക്കാൻ ആവശ്യത്തിന് |

**പാകംചെയ്യുന്ന വിധം**

മൈദയും പഞ്ചസാര പൊടിച്ചതും ഉപ്പും ഡാൽഡയും ചേർത്ത് ഉതിർത്തശേഷം മുട്ട അടിച്ച് പതച്ചതും ആവശ്യത്തിന് പാലും ചേർത്ത് കുഴച്ച് മയപ്പെടുത്തുക. നാരങ്ങ വലുപ്പത്തിലുള്ള ഉരുളകളായി ഉരുട്ടുക. കൊഴക്കട്ട ഉണ്ടാക്കുന്നപോലെ ഓരോ ഉരുളയുമെടുത്ത് നടുവ് കുഴിച്ച് ഓരോ ടീസ്പൂൺ ജാം വെച്ച് വീണ്ടും ഉരുട്ടുക. ഈ ഉരുളകൾ തിളയ്ക്കുന്ന ഡാൽഡയിൽ സ്വർണ്ണനിറമാകുന്നതുവരെ ഇട്ട് കോരിയെടുക്കുക.

**ലിസി ഡേവിസ്**
എം.എസ്സി. ഹോംസയൻസ്

## പോരേപൂരം

അജി അത്തിമൺ



താൽപ്പര്യമുള്ളവർക്ക് കളിമണ്ണ് മെനഞ്ഞുമെനഞ്ഞ് ശിൽപ്പങ്ങളുണ്ടാക്കാം. പരസഹായം കൂടാതെ ഈ കലാസാങ്കേതിക പരിശീലനത്തിന് ഉപകാരപ്രദമായ ഒരു മലയാള സചിത്രപുസ്തകം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നു. ചിത്രകാരനും ശിൽപ്പിയും ഗ്രന്ഥകാരനുമായ ജി. അഴിക്കോടാണ് ഇതിന്റെ രചയിതാവ്.




കളിമണ്ണ് എന്ന മൺധാതുവിന്റെ ലഭ്യത, അവസ്ഥാഭേദങ്ങൾ, രാസഘടന, പാകപ്പെടുത്തുന്നവിധം, ഉപയോഗചരിത്രം എന്നിവയെക്കുറിച്ച് സാമാന്യവിവരണം നൽകിക്കൊണ്ടാണ് തുടക്കം. കളിമൺ ശിൽപ്പ നിർമ്മിതിക്ക് അനുയോജ്യമായ ഉപകരണം മനുഷ്യന്റെ കൈവിരലുകളാണെന്നു സൂചിപ്പിക്കുന്നെങ്കിലും ഇതിലേക്ക് പ്രയോജനപ്പെടുത്തിവരുന്ന ഉപകരണങ്ങളെക്കുറിച്ച് സചിത്ര വിവരണം നൽകാൻ ഒരു അധ്യായം തന്നെ നീക്കിവെച്ചിരിക്കുന്നു. കളിമൺ ശിൽപ്പ നിർമ്മാണം സമാരംഭിക്കുന്നതിന്റെ മുന്നോടിയായി പാലിക്കപ്പെടേണ്ട മുൻകരുതലുകളും അറിഞ്ഞിരിക്കേണ്ട സാങ്കേതിക സംജ്ഞകളും യഥായോഗ്യം പ്രതിപാദിക്കുന്നുണ്ട്. വിവിധതരം ആർമേച്ചറുകളെക്കുറിച്ചും മോഡലിംഗും കാർവിംഗും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും സവിസ്തരം ഇതിൽ വിവരിക്കുന്നു. റിലീഫ് ശിൽപ്പങ്ങൾ, അർദ്ധകായ പ്രതിമകൾ, ടെറോകോട്ട ശിൽപ്പങ്ങൾ എന്നിവ നിർമ്മിക്കുന്ന സാങ്കേതിക വിദ്യകളാണ് തുടർന്ന് വ്യക്തമാക്കുന്നത്.

| |
|---|
| കളിമൺ ശിൽപ്പകല |
| ജി. അഴീക്കോട് |
| വില: 30.00 രൂപ   പേജ്: 148 |
| പ്രസാ: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |

കളിമൺ ശിൽപ്പങ്ങളുടെ പുനസൃഷ്ടിക്കാവശ്യമായ മോൾഡ് അഥവാ അച്ച് നിർമ്മിച്ച് പകർപ്പ് എടുക്കുന്ന വ്യത്യസ്ത രീതികൾ അനുഭവത്തിന്റെ ആനുകൂല്യം നൽകിയാണ് ഗ്രന്ഥകാരൻ ഇതിൽ വിശദീകരിക്കുന്നത്. സാന്ദർഭികമായി പ്ലാസ്റ്റർ ഓഫ് പാരീസിനെക്കുറിച്ചും സെറാമിക്സിനെക്കുറിച്ചും ഓരോ അധ്യായത്തിൽ വിവരിക്കുന്നു. ക്രമാനുഗതമായി ഭാവനയിൽനിന്നും ഒരു പ്രതിമാ സൃഷ്ടി ഉൾപ്പെടുന്ന 16 അദ്ധ്യായങ്ങളിലൂടെ കളിമൺ ശിൽപ്പകലയുടെ സമസ്ത മേഖലകളെയും കുറിച്ച് സരളമായി സാങ്കേതിക വിവരണം നൽകുന്നു.

പേപ്പർപൾപ്പ് ശിൽപ്പ നിർമ്മാണം, ടെറോകോട്ടാ ശിൽപ്പ നിർമ്മാണം എന്നീ അനുബന്ധ വിഷയങ്ങളും ഇതിൽ പ്രതിപാദിക്കുന്നതിനാൽ തൊഴിലവസരങ്ങൾ കണ്ടെത്താൻ സഹായകമാണ്. കേരളീയ ശിൽപ്പകലാചരിത്രം, ഭാരതീയ ശിൽപ്പകലാചരിത്രം, ശിൽപ്പകലാസ്വാദനം തുടങ്ങി കലാവിദ്യാർത്ഥികളും കലാസ്വാദകരും അറിഞ്ഞിരിക്കേണ്ട വിജ്ഞാനപ്രദമായ വിവരങ്ങളാണ് 17 മുതൽ 22 വരെ അധ്യായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അടിസ്ഥാനപരമായി കണ്ടു പഠിക്കാനുള്ള വിദ്യാഭ്യാസ സ്ഥാപനമായി പരിഗണിക്കുന്ന നമ്മുടെ ശിൽപ്പകലാ മ്യൂസിയത്തെ പരിചയപ്പെടുത്തിക്കൊണ്ട് ഉപസംഹരിക്കുന്നു.

കലാവിദ്യാർത്ഥികളെ സംബന്ധിച്ച് ഈ പുസ്തകം ഒരു ഗുരുനാഥനും കലാസ്വാദകരെ സംബന്ധിച്ച് ഒരു വഴികാട്ടിയുമാണ്.

**ആര്യനാട് രാജേന്ദ്രൻ**

പത്രപ്രവർത്തകനായ വിതുരബേബി എഴുതിയ ഏതാനും ചെറുകഥകളുടെ സമാഹാരമാണ് നന്മകളുടെ സൂര്യൻ. പതിനഞ്ചു കഥകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| |
|---|
| നന്മകളുടെ സൂര്യൻ (ചെറുകഥകൾ) |
| വിതുര ബേബി |
| വില: 45.00 രൂപ   പേജ്: 128 |
| പ്രസാ: പ്രഭാത് ബുക്ഹൗസ്, |
| തിരുവനന്തപുരം |

നാടകാഭിനയത്തിലൂടെ ജീവിയ്ക്കാൻ ശ്രമിയ്ക്കുന്നവർ, വയറ്റുപിഴപ്പിനുവേണ്ടി വേഷംകെട്ടുന്ന വിവാഹദല്ലാൾ, യാതൊരു വഴിയുമില്ലാതെ വേശ്യാവൃത്തിക്കിറങ്ങിത്തിരിയ്ക്കുന്നവൾ, മറ്റു മാർഗ്ഗങ്ങളൊന്നും കാണാത്തതിനാൽ വേശ്യയുടെ കയ്യിൽനിന്നു കാശുപിടുങ്ങുന്ന പോലീസുകാരൻ (അയാളുടെ മകൻ നിത്യരോഗിയാണ്), പത്രമാപ്പീസിലെ ജീവനക്കാരൻ, ഇവരെല്ലാം ഒരു പത്രപ്രവർത്തകനെ സംബന്ധിച്ചിടത്തോളം ചിരപരിചിതരാണ്. ഇങ്ങനെയുള്ളവരുടെ ജീവിതത്തിലെ ദുരന്തത്തിന്റേയും ദൈന്യതയുടേയും ഏതാനും പരിഛേദങ്ങളാണ് വിതുര ബേബി തന്റെ കഥാപ്രപഞ്ച സൃഷ്ടിക്കു കണ്ടെത്തിയിരിക്കുന്നത്.

കഥകളിൽ ഒറ്റപ്പെട്ടു നിൽക്കുന്ന രണ്ടെണ്ണമാണ്, 'ഓർക്കാപ്പുറത്തൊരടി', 'ഇങ്ങനെയും ജീവിയ്ക്കുന്നു' എന്നിവ.

വായനക്കാർ പലതരത്തിലുള്ളവരാണ്. അതുകൊണ്ടവരുടെ അഭിപ്രായവും ഭിന്നമാകാം. കഥഗൗരവമായെടുക്കുന്നവർക്ക് ഈ കഥകളൊന്നും തന്നെ വേണ്ടത്ര സംതൃപ്തി നൽകുന്നില്ല. പിശുക്കനായ ഒരു ധനികനെപ്പോലെ വളരെ കുറച്ചുമാത്രം വാക്കുകളുപയോഗിച്ച് തീവ്രതയോടെ കഥ ഒരു ബിന്ദുവിൽ അവസാനിപ്പിയ്ക്കുക, അതുവരെ വായനക്കാരനു പിടികൊടുക്കാതെ ഒഴിഞ്ഞുമാറുക. -പിന്നെ അവസാനവാക്യത്തിൽ, വാക്കിൽ, പറ്റുമെങ്കിൽ അവസാനം ഒരു കേവലചിഹ്നത്തിൽ കഥയെ ഉൾക്കൊള്ളിച്ചാൽ അതിന്റെ ഭംഗി ഒന്നു വേറെത്തന്നെയാണ്.

ഈ തത്വം കഥാകാരൻ നന്മയുടെ സൂര്യനിൽ സമർത്ഥമായി ഉപയോഗിച്ചിട്ടുണ്ട്. ഒരു ശരാശരി വായനക്കാരനെ ആകർഷിക്കുവാൻ ഇതിലെ എല്ലാ കഥകൾക്കും കഴിയും എന്നതിൽ സംശയമില്ല.

**കെ. വിഷ്ണുനാരായണൻ**

# പുതുനാമ്പുകൾ




ഷെഹന ഹാസ, പൂക്കയിൽ



ബാദുഷ



മുഹമ്മദ് അഫീഫ്



മുഹമ്മദ് റസീസ്, തളിപ്പറമ്പ

## സ്വപ്നസിന്ദൂരം

മഹബൂബ് അലി സി.എം., കൂടല്ലൂർ

ഇരുളാണ്ട വീഥിയിലൂടെ
നീറുന്ന ചിത്തവുമായി
ഏകനായി
ഞാൻ
യാത്ര ചെയ്യുന്നു.

അരുണാർക്കന്റെ
സിന്ദൂരകാന്തിയും
പച്ചക്കുന്നിന്റെ
ഹരിതദൃശ്യവും
എന്റെ
മനസ്സിനെ കുളുർപ്പിക്കുന്നു.

വെളിച്ചം തേടുന്ന
തരുലതകളും
മിഴി വിടർത്തുന്ന
പൂക്കളും
എന്നെ മാടിവിളിക്കുന്നു.

ഘനീഭവിച്ച ദു:ഖത്തിന്റെ
പാതയോരത്ത്,
കയ്യെത്താ ദൂരത്തുള്ള
സ്നേഹപ്പൊട്ടിനെ
എത്തിപ്പിടിക്കാൻ
ഞാൻ പാടുപെടുന്നു.

എന്റെ പ്രഭാതങ്ങളിലെ
മഞ്ഞുകണങ്ങളിൽ
സൂര്യകിരണങ്ങൾ തിളങ്ങുമ്പോൾ
ഞാൻ സ്വപ്നങ്ങളെ മാറോടു
ചേർക്കുന്നു.



സുഹൈറ എ.

## മോഹിത്തിന്റെ ഋതുക്കൾ

അബ്ദുൽഹക്കീം, തൃപ്പനച്ചി

രാവിലെ മുതൽ പൊടിഞ്ഞുകൊണ്ടിരുന്ന മഴ ശക്തികുറഞ്ഞു. എങ്കിലും പുര മേഞ്ഞിരിക്കുന്ന പുല്ലിലൂടെ വഴുതിച്ചാടുന്ന മഴവെള്ളം നിലച്ചിരുന്നില്ല.

ചാണം മെഴുകി മിനുസപ്പെടുത്തിയ തറയിലിരുന്ന്, മുറ്റത്ത് ഒഴുകുന്ന മഴവെള്ളത്തിലുള്ള കുമിളകളെ കൗതുകത്തോടെ നോക്കിനിന്നു. അതിൽ ചിലവ അവന്റെ മുമ്പിൽകിടന്ന് പൊട്ടിത്തെറിച്ചു.

"ഉണ്ണീ..."

"വസ്ത്രങ്ങളൊക്കെ ചെളിതേച്ച് വൃത്തികേടാക്കണ്ടാട്ടോ." അമ്മ വിളിച്ചു പറഞ്ഞു.

"ദേ എണീക്ക്, മഴ തോർന്നു. സ്കൂളിപ്പോവണ്ടേ."

അമ്മയുടെ വാക്കുകൾ അവന്റെ ഉത്ഹാസം വർദ്ധിപ്പിച്ചു. ഇന്നലെ അമ്മ പറഞ്ഞിരുന്നു സ്കൂളിൽ പോവുന്ന കാര്യം.

പുത്തൻ സ്ളേറ്റ് കയ്യിൽ തൂക്കി അവൻ നടക്കാനൊരുങ്ങി. പുല്ലുകൾ വിരിച്ച പാടവരമ്പുവരെ അമ്മയവനെ അനുഗമിച്ചു.

"മറ്റു കുട്ട്യോളോടൊന്നും വികൃതി കാട്ടരുത്ട്ടോ..."

അമ്മ ഉപദേശിച്ചു. അനുഗ്രഹത്തോടെ യാത്രയാക്കി.

പാടവരമ്പിൽനിന്നും പൊടിയമർന്ന ചെമ്മൺപാതയിലൂടെ, സ്കൂൾ വരെ അവൻ ഒറ്റക്കു നടന്നു.

കാലിൽ ചെരിപ്പില്ലാത്തതുകൊണ്ട് തണുപ്പ് കാലിലൂടെ ഇരച്ചുകയറി.

അക്ഷരങ്ങളിൽ ഹരിശ്രീ കുറിക്കാൻവന്ന ചില കുട്ടികൾ പരിഭ്രമത്തോടെ ബെഞ്ചിലിരുന്നു കരഞ്ഞു. പരിചിതമല്ലാത്ത കൂട്ടുകാരും, വീട്ടിൽ നിന്നു അകന്നതിൻെറ ദു:ഖവുമാവാം. അവൻ കരഞ്ഞില്ല.

അവൻെറ അടുത്തിരുന്ന കൂട്ടുകാരൻ അവനെ നോക്കി പുഞ്ചിരിച്ചു. കൂട്ടുകാരൻ മുത്തുകളും ചിത്രങ്ങളുമുള്ള അവൻെറ പുത്തൻ സ്ളേറ്റ് അവന് കാട്ടിക്കൊടുത്തു.

"എനിക്കും അമ്മ വാങ്ങിത്തരും." അവൻ പ്രതീക്ഷയോടെ പറഞ്ഞു.

എങ്ങനാ അമ്മ വാങ്ങിത്തരാ. മുത്തൊക്കെ കോർത്ത സ്ളേറ്റിനൊരുപാട് പൈസ്യാവും. വടക്കേത്തറവാട്ടിപ്പോയി വൈകുന്നേരംവരെ ദാസിപ്പണി ചെയ്താൽ അവരുടെ എച്ചിലാ കിട്ട്വാ. പുറമേ ഒരുപാട് തെറിയും.

കൂട്ടുകാരൻ തൻെറ പലവർണ്ണങ്ങളുള്ള ഒരു പുത്തൻ കുടയവനെ കാണിച്ചു.

അതുപോലെ പല വർണ്ണങ്ങളുടെ നിറക്കൂട്ടുള്ള കുടയവൻ കണ്ടിട്ടുണ്ട്. അമ്മയുടെ കൈപിടിച്ച് ടൗണിലൂടെ നടന്നപ്പോൾ.

കടയിൽ വരിവരിയായി തൂക്കിയിരിക്കുന്നത്.

"ഞാനൊന്നു പിടിച്ചോട്ടെ നിൻെറ കുട?"

"നിൻറച്ഛനോട് പറഞ്ഞൂടെ നിനക്ക് പുതിയതൊന്ന് വാങ്ങിത്തരാൻ."

അച്ഛൻ വരുമ്പോൾ പറയണം. ഈ ഉണ്ണിക്ക് പല വർണ്ണങ്ങളുള്ള കുടയും മണിമുത്തുകളുള്ള സ്ളേറ്റും പുത്തനുടുപ്പും എല്ലാം വാങ്ങിച്ചുതരാൻ.

അച്ഛനെവിടെ പോയതാണെന്ന് അവനറിയില്ല. അമ്മയോട് ചോദിച്ചാൽ പറയും.

അച്ഛൻ....?

അച്ഛൻ അതിലൂടെ... ചെമ്മൺ വിരിച്ച പാതയിലൂടെ.... മലമുകളിലൂടെ... കുന്നിൻ ചെരിവിലൂടെ.... കാടുകളും പുൽമേടുകളും താണ്ടി ഇരുട്ടിലൂടെ... നീലാകാശത്തിന്നപ്പുറത്തേക്ക്, നോക്കെത്താ ദൂരത്തേക്ക്...

പിന്നെ, അമ്മയുടെ വാക്കുകൾ ഇടറിവീഴുന്ന നിശ്ശബ്ദതയിൽ ആ കണ്ണുകൾ നിറയും. കണ്ണീർ കവിളിലൂടെ ചാലിട്ടൊഴുകും.

അത് കാണുമ്പോൾ അവനും തേങ്ങിക്കരയും, ഒരുപാടുനേരം.

## കവിതയെ തേടി

**ജഅഫർ, കിടങ്ങയം**


**ഒ**രു പ്രഭാതത്തിൽ,
അവൻ തൻെറ കവിതയെ കണ്ടില്ല!
തിരഞ്ഞു, ചുറ്റിലും
കണ്ണെത്താവുന്നിടത്തെല്ലാം...!

പൂഞ്ചോലയിൽ,
മഞ്ഞുപെയ്യുന്ന കുന്നിൻചരുവിൽ,
വരണ്ടുവിണ്ട ഭൂതലങ്ങളിൽ...
പക്ഷേ,
എവിടെയും കവിതയെ കണ്ടില്ല!
തിരഞ്ഞു, വീണ്ടും
ജീവൻെറ ജീവനായ കവിതയെ.
അവൻെറ ഹൃദയകോവിലിൽ
കുളിര് കോരിയിട്ടിരുന്ന
തുഷാരബിന്ദുവായി
അവൻെറ വരണ്ട ഹൃദയഭിത്തികളിൽ
പ്പറ്റിനിന്നിരുന്ന
പ്രിയപ്പെട്ട കവിതയെ കണ്ടെത്തിയില്ല.

കാലത്തിൻെറ മഹ്തക്കുള്ളിൽ
നിയമത്തിൻെറ വേലിക്കുള്ളിൽ
ആചാരങ്ങളുടെ കുപ്പത്തൊട്ടികളിൽ
ഇരമ്പുന്ന ആൾക്കൂട്ടത്തിനിടയിൽ...
കവിത അവിടെയൊന്നുമില്ലായിരുന്നു.

ശോകത്തിൻെറ വീണ മീട്ടി
അവൻ നഗരത്തിലേക്കു നടന്നു.
നഗരത്തോടടുത്ത പാതവക്കിൽ
തെരുവോടുചേർന്ന വിജനപ്രദേശത്ത്
അവൻെറ പ്രിയപ്പെട്ട കവിത
കിടക്കുന്നു.
താളലയങ്ങൾ തകിടം മറിഞ്ഞ്,
ചൈതന്യമറ്റ കിടപ്പ്!

ചിന്നിച്ചിതറിക്കിടക്കുന്ന
അവൻെറ കവിതയെ പൊതിഞ്ഞു
ഒരുറുമ്പിൻ സൈന്യത്തെയുമവൻ
കണ്ടു.
ശേഷിക്കുന്ന ജീവ ചിഹ്നങ്ങൾ കൂടി
അവ നശിപ്പിക്കുകയാണ്..
അവൻ കരഞ്ഞില്ല.
തീരെ ദു:ഖിച്ചില്ല.
കാരണം,
ഇന്നലെകളിൽ ഇത്തരം
എത്രയോ കവിതകളെ അവൻ
കാണേണ്ടിവന്നിട്ടുണ്ട്!



മുസമ്മിൽ, മുബഷിര തിരുവത്ര



ഫസിം ഫൈസൽ, പള്ളിക്കര

# ഉത്തരമില്ലാത്ത ചോദ്യം

സഗീർ



കേരളത്തനിമയും

സാഹിത്യപ്പൊലിമയും

സാംസ്കാരിക സമന്വയവും

സമാഹൃതമായ

പ്രസിദ്ധീകരണം.



ഇന്ത്യക്കകത്തും

പുറത്തും

മലയാളികളുടെ

മനം

കവർന്നുകൊണ്ട്,

# ചന്ദ്രിക ആഴ്ചപ്പതിപ്പ്

Registered No. KL/CT/59
Licence No. 11
Licenced to post without prepayment

CHANDRIKA WEEKLY

PRICE Rs. 5.00




# മഹിളാ ചന്ദ്രിക

## മനപ്പൊരുത്തമുള്ള കുടുംബങ്ങൾക്ക്

| | | |
|---|---|---|
| വരിസംഖ്യ : | ഒരുവർഷം | 72 രൂപ |
| | രണ്ട് വർഷം | 144 രൂപ |
| | അഞ്ച് വർഷം | 360 രൂപ |

വരി സംഖ്യ അയക്കേണ്ട വിലാസം

മാനേജർ
മഹിളാ ചന്ദ്രിക, പി.ബി. നമ്പർ: 64, കോഴിക്കോട്